[UNI]VERSITY LIBRA[RY]
10 MAR. 1929
MADRAS

ഓം

# അരുണോദയം.

പുസ്തകം 2. } 1104 മകരം. { ലക്കം 9.

## * അക്രൂരന്റെ അമ്പാടിയാത്ര.

ഭാഷാന്തരം.

(പ്രസാധകൻ കുട്ടമശ്ശേരി നാരായണപിഷാരോടി ബി, എ. ഓണേഴ്സ്)

1. ആദരവോടു മധുരാപുരിതന്നി-
ലമർന്ന മഹാമതിയാമക്രൂരൻ
ചേതസ്സുഖേന രഥം കരയേറി
ത്തെളിവിനോടമ്പാടിക്കു നടന്നാൻ.
നീതിയിനോടു പിററന്നാൾ വഴിമേൽ-
നിന്നംബുജനയനൻ ശ്രീകൃഷ്ണനി-
ലാദരവീടിയ ഭക്ത്യാ നിനവുററാ-
നരചാ പുനരിങ്ങിനെയെല്ലാം.

2. എന്തൊരു പുണ്യം ചെയ്തുള്ളു ഞാനവ-
ണീശ്വരനേററ പ്രീതി ജനിപ്പാ-
നന്തരമിയലാളുമ്മ തപസ്സുക-
ളാമവയോ സൽപാത്രത്തിങ്കൽ
ചിന്തയൊടേ ദാനാദികൾതാമൊ
ശ്രീപുരുഷോത്തമദർശനമജ്ഞ-
ക്കെന്തതിദുർല്ലഭമെന്നാലിന്നഹ-
മീശ്വരനെക്കാണുന്നോനല്ലോ.

3. എല്ലാജ്ജാതിസ്സുദുരിതം പോയീ-
തിജ്ജന്മം മമ സഫലവുമായീ-
തെല്ലാനാളും മഹത്തുകളുള്ളിലി-
രുന്നിടുമപ്പദം വന്ദിക്കയിനാൽ.

---

* അടുത്തു പ്രസിദ്ധപ്പെടുത്താൻപോകുന്ന കണ്ണശ്ശമഹാകവിയുടെ ഭാഗവതം ഗ്രന്ഥത്തിൽനിന്ന്.

പൊല്ലാം കംസനു നല്ലതെനിക്കിഹ
ചൊല്ലിനതഖിലേശപരപദപത്മം.
മെല്ലെക്കാണ്മതിനായൊരു ഭാഗ്യം
വേഗമിയന്നതവൻവിധിയല്ലൊ.

4. അംബുജസംഭവനാദ്യമ-
രാദികളാലും മുനിമാരാലും രമയാ-
ലൻപിനൊടർച്ചിതമായ് വിപിനങ്ങളി-
ലാദരവൊട്ടു ഗോപൻമാർകളുമായി
അൻപൊട്ടു ഗോപരിപാലന ചെയ്യാൻ
നടനഞ്ചെയ്യുന്നോനായ് ഗോപിക-
ളിമ്പമെഴുംകുചകുങ്കുമമതിനാ-
ലങ്കിതമാമതു കാണുന്നേൻ ഞാൻ.

5. അളകാവൃതമായതിസുന്ദരമാ-
മരുണാംബുജനയനൻമുഖപങ്കജ-
മലിവോടേ കാണുന്നേൻനിശ്ചയം-
അതിലു ശിഖകൾവലത്തിതമായേ
നലമോടമരാദികൾ ഭ്രമരം
നയമൊട്ടുതീപ്പാൻ കാംക്ഷിച്ചതിനാ-
ലലിവോടവതാരംചെയ്തവന്മുഖ-
മമ്പൊടുകണ്ടാൽ കണ്ണിൻഫലമായ്

6. ആയവനറിവാകിയ നിജതേജ-
സ്സതിനാൽപ്പോയ തമോമയമായേ.
ആയ ഭിദാഭ്രമമതിനൊട്ടുക്കൂടി-
യമന്നീട്ടുകിലും നിജമായയുടെ
ത്തുണയൊരുനോക്കിന്നാലാത്മാവു
തുടന്നിന്ദ്രിയമന്തഃകരണാദിക-
ളായവയിറ്റൊട്ടു സർവ്വശരീരാദി-
കളിലുംമേവുന്നോർജ്ജീവനമായ്.

7. ആനതിന്നാൽ പരമാത്മാവി-
നാജ്ഞാപാലകരാമമരന്മാ-
ക്കാന മഹാസുഖമെയ്തുവതി-
ന്നവതീർണ്ണനമായേ യദുവംശേ
താനടനമ്പാടിയിൽനിന്നപ്പോഴേ
തന്നുടെ പുണ്യമാകിന കീർത്തിക-
ളാനതുജഗതിപരത്തീടുന്നോ-
നമരന്മാരതു വാഴ്ത്തീടുന്നോൻ.

8. ഇന്നഖിലാത്മാവായതികോമള-
മീടിയദേവനുടേ ചരണാബ്ജം
നന്ദിയൊടേ കാണുന്നേനൂനം
നാനാജന നയനാമൃതമല്ലോ
ഇന്നതിനുഷസിനിമിത്തവുമെല്ലാ-
മേറേറെശ്ശുഭമായേ വന്നിതു
നന്നിതു കൃഷ്ണാദികൾപാദാബ്ജം
നമസ്കാരംചെയ്യുന്നേനിതമായ്.

9. ഇതമായുന്നസി മഹാമുനിമാർ-
കളുമെന്നും നിനച്ചീടുന്നപ്പദതളി-
രതിലേവീണുവണങ്ങുംപൊഴുതഹ-
മാദരവാന്നിജപാണിമഹാത്മാ
ഇതമായീടിയ കാരുണ്യത്തിനൊ-
ടെന്നുടെ ശിരസി നിധാനംചെയ്തിട്ടു-
മതികോമളമാരാസക്രീഡയി-
ലംഗനമാർക്കുലഭിച്ചതിതല്ലോ.

10. അതുപൊഴുതെന്നെക്കംസനുഭൃത്യ-
നതെന്നുനിനച്ചീടാൻ; വിശ്വത്തി-
ന്നതിനൊരു സാക്ഷിയുമാകയിനാലേ
അറിയാം സർവ്വക്ഷേത്രങ്ങളിലും
ഇതമൊടുപാർത്താലുള്ളിലുമീയുമി-
ത്തെങ്ങനിറഞ്ഞെല്ലാച്ചേഷ്ടകളെയു
മതുമതിനിർമ്മലമാക്കിയലോചന-
മാമതിനാലേ കാണുമവനല്ലോ.

11. കഴലിണ വീണുപണിഞ്ഞിട്ടുമെന്നെ
കണ്ടാലീടിയ പുഞ്ചിരിയോടു-
മഴിഞ്ഞകൃപാദികളുടെ നയനംകൊ-
ണ്ടവലോകനമതുചെയ്യും മഹാത്മാ
അഴിഞ്ഞിടുമെൻദുരിതങ്ങളനത്തു-
മതിന്നാലെന്തിതിന്മീതേയൊന്നി-
ങ്ങുഴറിവരേണ്ടുവതോർക്കിലെനിക്കിനി
യൊന്നുമതില്ലയു നിശ്ചയമല്ലോ.

12. നിശ്ചയമേ നിജപാണികളാലേ
നിതരാം മാമാലിംഗനചെയ്തിട്ടു
മച്യുതനതിനാലേ സംസാരമ-
താകിയബന്ധത്തൊടു വേറാവേൻ.

ഇച്ഛയൊടക്രൂരാ പുനരെന്നൊ-
ന്നെന്നെ വിളിച്ചിട്ടുകിലിജ്ജനനവും
മെച്ഛമതാമവയാദരിയാതവർ
വെറുതെ പ്രഭുവായീടിലുമേളും.

13. ഏതുമവനൊരുവൻ പ്രിയനായി-
ട്ടില്ല സുഹൃത്തമനായും ചെമ്മേ-
ഏതുമൊരപ്രിയനായപകാരിയു-
മില്ലയിതെന്നിരുന്നീടിലുമെന്നും
ആദരവാൽ നിജഭക്തൻമാർകളെ
യവർകൾ ഭജിക്കുംപോലെയവർകളെ
നീതിയോടേ ഭജനം ചെയ്യുന്നോൻ
നിതരാം കല്പകവൃക്ഷംപോലെ.

14. നിതരാമഗ്രജനും വന്ദിതമായ്-
നിന്നിട്ടുമെന്നപ്പരിരംഭണചെ-
യ്തുതിമോഷാദികളോടേ സൽകൃതി-
യനുജനൊടുംകൂടെച്ചെയ്തേററം
പുത്തതാകിയ ചില വാർത്തകളാലേ
പുനരഥ കംസനാലെ കൃതമാ-
മതിപാപാദികൾ മാതൃജനങ്ങളൊ-
ടധികൃതമായതു ഭകൾക്കമിതല്ലോ.

15. ഇവ്വണ്ണം വഴിമേലക്രൂരനിതത്തൊട്ടു
നിരൂപണചെയ്തുപരാഹ്നേ
ശോഭിതമാം രഥമേറിയുടൻപോയ്
സ്സുഖമൊടുഗോകുലം മേവിനകാലം
താപമനന്തു ജഗത്തിനറുക്കും
സകലേശ്വരപാദാംബുജരേണുകൾ
ദീപിതമായവനിയിലേകണ്ടാൻ
നിത്യംസുഖംചേർന്നീടിന ഭക്ത്യാ

16. ഈടിന ഭക്ത്യാ പങ്കജസംഭവ-
നെന്നിവർ ശിരസി നിറന്നതികോമള-
മീടിയ പാദമഹൊ ഭുവനിക്കമി-
തൊന്നേ ആഭരണംപുനരോർത്താൽ
കേടിയലാതെ യവാങ്കുശമബ്ജം
കേവലമാമിവചിഹ്നത്തോടേ
കൂടിയ രേണുമയം കണ്ടവിടേ-
കൂടിയ ഭക്ത്യാ വീണാപുരണ്ടാൻ.

17. വീണു പുരണ്ടു മുകന്ദനത്യന്തം
വീരാരോമാഞ്ചത്തൊടുകൂടി
ക്കണ്ടു നിരൂപിച്ചാനൊരുദേഹം
കേവലമുണ്ടായാലൊരുകാൎയ്യം
പൂൎണ്ണതയാകേണ്ടുകിലിതുവേറായ്
പ്പുനരില്ലരിയുടെപ്രതിമനിനച്ചാൽ
വാണിടുമല്ലോ മോക്ഷമിതെന്നാൽ
വാരായോ പുനരിക്കൎമ്മത്താൽ.

18. സുഖമൊടുഗോദോഹനമിതുമായേ
ത്തുടരെച്ചെയ്യുന്നവിടെക്കണ്ടാ
നകമലിവൊടു കൃഷ്ണൻ രാമനേയും
അക്രൂരനതിസുന്ദരരായേ
സകലമഹാജനനയനരസാമൃത-
സാരമശേഷമതിരുവരുമായേ
സുഖമൊടുഭ്രമരൌ മരുവുന്നതുപോൽ
സുന്ദരപരരിരുവരെയുമിതരഹാ.

19. അംബുജപത്രമനോഹരനേത്രൌ
അതീവപരാക്രമമീടിയ വീരൌ
ഇമ്പമനത്തു ജഗത്തിനരുക്കം
സുകുമാരൌ നരസിംഹസമാനൌ
വൻപിയലുന്നസുരാദികൾതമ്മെ
വധിച്ചൊരുകളിപോലവനീഭാരം
തൽപുകളോടു കളഞ്ഞീടുന്നൊരു
സൎവ്വജ്ഞന്മാരായ കമാരൌ

20. ആയതമാകിയഭുജപരിഘോപമ-
മസിതസിതവൎണ്ണത്തൊടുകൂടിയ
കായമതിന്മേൽ മഞ്ഞപ്പട്ടു-
കറുത്തതിനാലും ചാൎത്തിയ വീരൌ
ത്തൂയമഹാബലവീൎയ്യപരാക്രമ-
സൂക്ഷ്മാംബുദ്ധികിശോരതസുമുഖത
ദയയൊടുഗാംഭീൎയ്യാദിഗുണനാനാം
ദിവ്യതയൊടുചേൎന്നവരെക്കണ്ടാൻ.

21. അനുലേപാദികളൊടു വനമാലക-
ളാഭരണാദികളെന്നിവധരരായ്
* * * *
മനുവീരാ മരതകമയമായും

തനിയേ തോന്നിനപോലെതിരായേ
സകലജഗത്തിനെയും ശോഭിപ്പി-
ച്ചിന്നതാകിയഗോദോഹനഗത-
മായീടുന്നവിടെക്കണ്ടിതുമൂററാൽ.

22. കണ്ടഖിലേശപരന്മാർപാദകമലം
കനിവൊടു വീണു നമസ്കൃതിചെയ്താൻ
ദണ്ഡസമാനമഹോ! പുളകാങ്കിത-
ദേഹത്തൊടുബാഷ്പാദികളോടേ
പുണ്ഡരികേക്ഷണനോടടനൊന്നു
പുകണ്ണില്ലക്രൂരോസ്മീയതെന്നു
കണ്ടുമതിൽ പെരുകീടിനൊരിടരാൽ
കരുതുകനൂപവരനെ ആനന്ദം.

23. ആനന്ദാമൃതമായറിവാകിയഖണ്ഡ-
ജഗൽപരിപൂർണ്ണവുമാകിയ-
ഞാനാതാനെന്നറിയാതവരുടെ
ജ്ഞാനമതായ മുകുന്ദം ചെമ്മെ.
താനതിസന്തോഷത്തൊടുതന്നുടെ
സകലഗുണാദികളുടെ പാണികളാൽ
മാനവവീരാ വക്രൂരനെയഥ
മാർവ്വിലണച്ചാശ്ലേഷംചെയ്താർ.

24. ചെയ്താരവർവഴിമേൽനിന്നന്തേ
ചിന്തിച്ചതവപുനരൊന്നൊഴിയാതെ
ചെയ്താർകനിവോടവൻപാണികളെ
തിറമൊടുതങ്ങളുടേപാണികളാൽ
എയ്തീടിയവാണികളോടുഗ്രഹണ-
മിതമൊടുചെയ്തുനടത്തിക്കൊണ്ടായ്
ച്ചെയ്താർ സൽകൃതി സ്വാഗതമാദികൾ
ചെമ്മേ ഗേഹത്തിങ്കൽ നയിച്ചേ.

25. നയമൊടു പരമാസനമതിൽവെച്ചു
നരാധിപനെ പ്പാദ്യാർഘ്യാദികൾചെ-
യ്തയനെയെവണ്ണം വാനവരതുപോ-
ലന്നാദികളെക്കൊണ്ടുമതീവ
ഖിയനൊടു ഗണ്ഡൂഷാദികൾകൊണ്ടും
വിശേഷപരന്മാർഗന്ധാദികളാ-
ലിയലൊടലംകരണാദികൾകൊണ്ടു-
മിതംവരുമാറവനെപ്പൂജിച്ചാർ.

26. ആദരവോട്ട പാദങ്ങൾ തലോട്ടുക-
യാലിമഹാസൽകൃതിചെയ്തുടനെ
ചേതസുഖേനപ്രജാധിപനന്നാൾ
ചെമ്മേ പുനരൊരു ചോദ്യംചെയ്താൻ
ഏതൊരു സുഖം നിങ്ങൾക്കില്ലുള്ള-
മിതിക്കംസൻ ജീവിച്ചീടുന്നാൾ
ആതുരമാനസയായ് നിജസോദരി-
യലറി; വധിച്ചാൻ പുത്രരെയെല്ലാം.

27. എല്ലാനാളും ദുഷ്ടതയോടുമിയ-
ന്നീടുന്നവനുടെ സമീപെ
വല്ലാതേ മേവുന്നിതു നൂനം
വടിവൊട്ട നന്ദനിവണ്ണം നന്നായ്
ചൊല്ലീടിന വാൎത്തകളെക്കൊണ്ടും
സുന്ദരമാകിയ സൽകൃതികൊണ്ടും
കല്യാണാത്മാവക്രൂരനമുള്ള-
കാലമതീവ സുഖത്തോടിരുന്നാൻ.

ശ്രീ

# മതവും ശാസ്ത്രവും.

മനുഷ്യരുടെ വിചാരങ്ങളേയും പ്രവൃത്തികളേയും സ്ഥാപനങ്ങളേയും നിയന്ത്രിക്കുന്നവയായി ഈ ലോകത്തിൽ രണ്ടു ശക്തികളുണ്ടു്. അവ മതവും ശാസ്ത്രവുമാകുന്നു. ആ ശക്തികൾ ഭൂതകാലത്തിലും മനുഷ്യരുടെ വിചാരാദികളെ നിയന്ത്രിച്ചിരുന്നു. ഭൂതകാലത്തു മതത്തിനായിരുന്നു അധികം പ്രാബല്യമെന്നും, ഭാവിയിൽ ശാസ്ത്രത്തിനായിരിക്കും അധികം പ്രാബല്യമെന്നും ഒരു പക്ഷമുണ്ടായേക്കാം. എന്നാൽ ആധുനികകാലത്തു ഈ രണ്ടു ശക്തികൾക്കും പ്രാബല്യം തുല്യമാണെന്നുള്ളതിൽ സംശയത്തിനു വഴിയില്ല. ഈ രണ്ടു ശക്തികളും തമ്മിലുള്ള ബന്ധമെന്തെന്നും, അവ അന്യോന്യം പെരുമാറുന്നത് എങ്ങിനെയെന്നും വിചിന്തനം ചെയ്യുന്നതിനു മുമ്പായി മതം എന്ന പദംകൊണ്ടു് നിൎവചിക്കുന്ന ശക്തി എന്തെന്നു നല്ലപോലെ അറിഞ്ഞിരിക്കേണ്ടതാണു്. മതം ഇന്നതെന്നു വിവരിക്കയെന്നതു എളുപ്പമായ ഒരു കാൎയ്യമല്ല. ഏകമൂലതത്വത്തെയല്ല നാം മതമെന്ന ശബ്ദംകൊണ്ടു നിൎവ്വചിക്കുന്നതു്. തത്വങ്ങളുടെ ഒരു സംഘടനയാണു മതം. മതം കൈക്കൊണ്ടിട്ടുള്ള രൂപങ്ങൾ നിരവധിയാകയാൽ അതിന്റെ സാക്ഷാൽരൂപമിന്നതെന്നു

കണ്ടെത്തുവാൻ പ്രയാസംതന്നെ. മതം വ്യക്തിപരമായും സാമുദായികപരമായുമുള്ള ഒരു ശക്തിയുമാണ. മതത്തെ സാമുദായികമായ ഒരു ശക്തിയായി കരുതുന്നതായാൽ, വ്യവസ്ഥാപിതങ്ങളായ അനവധി തത്വങ്ങൾ അതിലുണ്ടെന്നു കാണാം. ലോകവ്യാപാരങ്ങളേയും ജനനമരണാദികളേയുംപററി ഒരു പ്രത്യേകവ്യക്തിക്കുള്ള അഭിപ്രായസമൂഹമാണ് മതമെന്നും വരാവുന്നതത്രെ. ലോകചക്രത്തെ ഒരു മനുഷ്യൻ വീക്ഷണം ചെയ്യുന്നതെങ്ങിനെയെന്നു അറിയുകയാണ അയാളുടെ മതമെന്തെന്നുള്ള അന്വേഷണം നടത്തൽ എന്നത്രെ എഡ്വാഡ്കെഡ് എന്ന മഹാൻ അഭിപ്രായപ്പെടുന്നതു. വേദവാക്യത്തിനു പ്രാമാണ്യം നല്കുന്നതു മതസംബന്ധമായ ഒരു പ്രവൃത്തിയാണ. സന്യാസിവ്രതം കൈക്കൊണ്ടു സന്യാസിമഠങ്ങളിൽ വസിക്കയെന്നതും മതസംബന്ധമായ ഒരു പ്രവൃത്തിതന്നെ. ഈ സന്യാസിമഠങ്ങൾക്ക് സ്ഥാവരജംഗമസ്വത്തുക്കളുമുണ്ടായിരിക്കും. സന്യാസികൾ ആചരിക്കേണ്ടുന്ന വ്രതങ്ങളുമുണ്ട്. മതസംബന്ധമായ ഈവക വ്യവസ്ഥകൾ വ്യക്തികളുടെ സ്വഭാവരൂപവൽക്കരണത്തിനു സഹായികളാണെന്നതിൽ സംശയമില്ല. എന്നാൽ മനുഷ്യനിൽ അന്തർല്ലീനമായിരിക്കുന്ന ഏററവും മഹത്തായ ശക്തിയുടെ വ്യാപാരത്തെ നിയന്ത്രിക്കുന്ന വ്യക്തിപരമായ ഒരു മതമുണ്ടു. മതത്തെപ്പററിയുള്ള ഒരു വിവരണത്തിൽ ഈ സംഗതികൾ പ്രത്യേകം സ്മരണീയമാണ. മതാചാര്യന്മാരോടൊ, മതാനുഷ്ഠാനങ്ങളോടൊ അതിനു യാതൊരു ബന്ധവുമില്ല. മനുഷ്യന്റെ വ്യാപാരങ്ങളെ നിയന്ത്രിക്കുന്ന സന്മാർഗ്ഗപ്രതിപാദക ശാസ്ത്രതത്വങ്ങളോടു അതിനു ഐകരൂപ്യവുമില്ല. വിപുലവും അവ്യക്തവുമായ ഈ ജഗത്തിൽ നിവസിക്കുന്ന ഏതൊരു ജീവിക്കും എന്തൊ ഒരു അസ്വാതന്ത്ര്യമുള്ളതായികാണാം. ഈ അസ്വാതന്ത്ര്യത്തെ ധ്വംസനം ചെയ്യുന്നതിനു അശ്രാന്തപരിശ്രമം ചെയ്തുവരുന്നതുമുണ്ടു. മനുഷ്യരേക്കാൾ ഉൽകൃഷ്ടരെന്നു ഗണിച്ചുവരുന്ന ദേവകളുമായി ഏതെങ്കിലും ഒരു തരത്തിലുള്ള ബന്ധത്തിലെപ്പെട്ടാണ് ഈഅസ്വാസ്ഥ്യധ്വംസത്തിന് മനുഷ്യൻ യത്നിക്കുന്നതു്. ദേവകളുമായുള്ള ബന്ധം വേണ്ടതരത്തിലായിട്ടുണ്ട് എന്ന ബോധത്തിന്റെ അഭാവത്തിൽനിന്നാണ് മതവും മതസംബന്ധമായ സകലവിധ അനുഷ്ഠാനങ്ങളും ഉത്ഭവിക്കുന്നതു എന്നത്രെ ബൊസാൻക്വെ എന്ന മഹാൻ അഭിപ്രായപ്പെടുന്നതു. ദൈവികമെന്നു കരുതിവരുന്ന ശക്തികളുമായി തന്റെ ബന്ധമെന്തെന്ന് ഓരോ വ്യക്തിക്കുമുള്ള ബോധത്തിൽനിന്നു ജന്യമാകുന്ന വികാരങ്ങളും, ചേഷ്ടകളും, അനുഭവങ്ങളുമാണ് മതം എന്നാണ് വില്യംജെംസ് എന്ന മഹാൻ പറയുന്നതു. അദ്ദേഹത്തിന്റെ ഈ വിവരണം നമുക്കു സ്വീകരിക്കാം. പ്രകൃതിയുടെ ശക്തിയെ അതിശയിച്ചുള്ള ശക്തിയോടുകൂടിയ ഒരു ദൈവത്തിൽ അഥവാ ശക്തിയിൽ വിശ്വസിച്ചു മോക്ഷംകൊണ്ടൊ, അമർത്ത്യത്വംകൊണ്ടൊ അതിൽ

നാം ലയിക്കുമെന്ന് ഉൽകൃഷ്ടമെന്നു ഇന്നു നാം കരുതിവരുന്ന സകല മതങ്ങളും പ്രതിപാദിക്കുന്നു.

മനുഷ്യൻെറ വിവേചനശക്തി—കാൎയ്യകാരണാലോചനശക്തി—പൂൎണ്ണവികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു സ്ഥിതി; മനുഷ്യൻെറ ഇന്നത്തെ പദവിക്ക് യോജിക്കാത്ത ഒരു ആലോചനപദ്ധതി ആണ് മതമെന്നൊരു പക്ഷം. മതം പ്രതിപാദിക്കുന്ന തത്വങ്ങളുടെ ന്യായാന്യായങ്ങളെപ്പററി വിചിന്തനംചെയ്യാൻ മതവിശ്വാസം അനുവദിക്കുന്നില്ല. സ്വതന്ത്രമായ കാൎയ്യകാരണവിവേചനപദ്ധതിയെ സ്വീകരിപ്പാനാണ് ശാസ്ത്രം ഉപദേശിക്കുന്നതു്. ഇങ്ങിനെ നോക്കുന്നതായാൽ മതവും ശാസ്ത്രവും പരസ്പരവിരുദ്ധങ്ങളായ ശക്തികളാണെന്നു കാണാം. ഇക്കാലം ശാസ്ത്രയുഗമാണ് എന്നാണല്ലൊ പണ്ഡിതാഭിപ്രായം. അതുകൊണ്ടു മതം ഇക്കാലത്തേക്കു യോജിച്ച ഒരു ശക്തിയല്ല. എന്നു മാത്രമല്ല, സ്വതന്ത്രമായ കാൎയ്യകാരണവിവേചനപദ്ധതിക്ക് വിരുദ്ധമായതുകൊണ്ടു മതം ആധുനികകാലത്തേക്കൊരു ഉപദ്രവമാണെന്നുകൂടി ചിലർ അഭിപ്രായപ്പെടുന്നു. മതം ശാസ്ത്രത്തേക്കാൾ പഴയതായ ഒരു പ്രസ്ഥാനമാണെന്ന സംഗതി വാസ്തവംതന്നെ. അതുകൊണ്ടു ആദിമകാലങ്ങളിൽ മനുഷ്യൻെറ പൎയ്യാലോചനക്ക് വിഷയീഭവിച്ചിരുന്ന പലേ സംഗതികളും അതിൽ ഇന്നും പ്രതിപാദിച്ചുപോരുന്നുണ്ടു്. ഈ സംഗതികളിൽ ചിലവയുടെ മുക്കാലെ അരയ്ക്കാൽ ഭാഗവും ചിലവയാസകലംതന്നെയും ശാസ്ത്രം നിഷ്കാസനംചെയ്തിട്ടുണ്ടു്. എങ്കിലും നമുക്കു അല്പം ആലോചിച്ചുനോക്കുക.

ശാസ്ത്രമെന്നാലെന്തു്? "അവലോകനംചെയ്തും പരീക്ഷണം ചെയ്തും സിദ്ധമാകുന്ന ജ്ഞാനത്തെപ്പററി പൎയ്യാലോചനകഴിച്ചു ലബ്ധമാകുന്ന വ്യവസ്ഥാപിതവും തെളിയിപ്പാൻ സുസാദ്ധ്യവും കൈമാററം ചെയ്യുന്നതിന് ഉതകുന്നതുമായ സകലതരത്തിലുള്ള അറിവിന്നും ശാസ്ത്ര"മെന്നു പറയാം എന്നാണ് പ്രൊഫസർ ജെ. ആർതർതോംസൻ എന്ന മഹാൻെറ സിദ്ധാന്തം. പ്രകൃതിശക്തികളുടെ വ്യാപാരത്തെ നിയന്ത്രിക്കുന്നതിന് ക്രമപ്രവൃദ്ധമായ ഒരു അധികാരമാണ് ശാസ്ത്രം എന്നത്രെ സാധാരണക്കാരനായ ഒരു മനുഷ്യൻെറ ധാരണ. കമ്പിയില്ലാക്കമ്പി, ടെലഫോൺ, വാൎത്താനിവേദനം, ആകാശതരണം, വൈദ്യശാസ്ത്രത്തിലെ അതിശയങ്ങൾ എന്നിവ കാണുന്നതുകൊണ്ടു ആയാൾ അമ്പരന്നുപോകുന്നു. മനുഷ്യരുടെ സ്വഭാവരൂപവൽക്കരണത്തിലും അവരുടെ ചിന്താപദ്ധതിയിലും സാരഗണനീയങ്ങളായ ഫലങ്ങൾ ഇവകൊണ്ടു സിദ്ധമാകുന്നതുമുണ്ടു്. എന്നാൽ മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധമെന്തെന്നു അന്വേഷണത്തിൽ ശാസ്ത്രത്തിൻെറ ഈ ഭാവം മാത്രം നോക്കിയാൽ പോരാ. മനുഷ്യബുദ്ധിയുടെ മാഹാത്മ്യബോധം,

ലോകരഹസ്യങ്ങളെപ്പററിയുള്ള നിന്ദാഭാവം എന്നിവയാണ് മുൻപറഞ്ഞ ഭൌതികപരമായ വിജയങ്ങൾകൊണ്ടു സിദ്ധമാകുന്ന ഫലങ്ങൾ. എന്നാൽ മനുഷ്യൻെറ ശാസ്ത്രതത്വാന്വേഷണതല്പരതയാണ് മതവിശ്വാസത്തിന് ഏററവും പ്രബലമായ ശത്രുവെന്ന സംഗതിയാണു നാം പ്രത്യേകം സ്മരിക്കേണ്ടതു്. സ്വാധികാരപ്രഭുത്വം കാൎയ്യകാരണവിവേചനരാഹിത്യം, യാഥാസ്ഥിതികത്വം എന്നിവയ്ക്കു മതവിശ്വാസം കാരണമാകുന്നുവെന്നും; നേരെമറിച്ച്; പൎയ്യാലോചന, കാൎയ്യകാരണവിവേചനതല്പരത എന്നിവയ്ക്കാണ് ശാസ്ത്രബുദ്ധി കാരണമാകുകയെന്നും ഒരഭിപ്രായമുണ്ടു്. "ജിജ്ഞാസ എന്ന ഗുണത്തിനാണ് മറേറതിനേക്കാളും ശാസ്ത്രബുദ്ധിയിൽ പ്രാമാണ്യം" എന്നത്രെ മിസ്റ്റർ ബെർട്ടൻെറ് റസ്സൽ പറയുന്നതു്. നമ്മുടെ സ്വന്തമായ ആഗ്രഹങ്ങളേയൊ, അഭിനിവേശങ്ങളേയൊ, അഭിരുചികളേയൊ വകവയ്ക്കാതെ ജ്ഞാനസമ്പാദനത്തിന് ഒരുങ്ങുകയാണ് ശാസ്ത്രബുദ്ധിയുടെ ലക്ഷണം. സത്യാന്വേഷണോദ്യമത്തിൽ ഇതരസംഗതികൾ വിസ്മരിക്കപ്പെട്ടുപോകുന്നു. നമ്മുടെ അനുഭവം ഇങ്ങിനെയാണൊ? സാമുദായികകാൎയ്യങ്ങളിൽ മാത്രമല്ല, ശാസ്ത്രകാൎയ്യങ്ങളിലുംകൂടി മനുഷ്യർ വൈരവും അപമൎയ്യാദയും പ്രദൎശിപ്പിക്കുന്നു. ശാസ്ത്രതല്പരനായ ഒരുവന് അനവധി ഗുണങ്ങളുണ്ടായിരിക്കണം. സത്യാന്വേഷണതല്പരത പരീക്ഷണംകൊണ്ടു സിദ്ധമാകുന്ന ജ്ഞാനത്തെ സ്വീകരിപ്പാനുള്ള ജാഗരൂകത, സിദ്ധമാകുന്ന തെളിവുകളെ ആധാരമാക്കി ഒരു തെളിവുകല്പിക്കാനുള്ള സാമൎത്ഥ്യം, കാൎയ്യകാരണാന്വേഷണതാല്പൎയ്യത്തോടുകൂടിയതാണെങ്കിലും ജ്ഞാനലാഭത്തിനുള്ള സന്നദ്ധത, സാമാന്യം ത്വരിതഗതിയോടുകൂടിയ ചിന്താവൈഭവം എന്നിവ ഒരു ശാസ്ത്രതത്വാന്വേഷണപടുവിന് ഒഴിക്കവെഹിയാത്ത ഗുണങ്ങളാണ്. മനഃശാസ്ത്രപണ്ഡിതന്മാരുടെ ഭാഷയിലായാൽ, വളരെ ആലോചിച്ചേ ഒരു ശാസ്ത്രജ്ഞൻ വിധികല്പിക്കാൻ സന്നദ്ധനാകാവൂ എന്നു പറയണം. ജ്ഞാനസമ്പാദനമാൎഗ്ഗങ്ങളെ തടഞ്ഞു ബുദ്ധിയെ വ്യാപാരശൂന്യമാക്കുകയല്ല; പ്രത്യുത, മനുഷ്യസാധാരണങ്ങളായ യാതൊരു വികാരങ്ങളുംകൂടാതെ ജ്ഞാനസമ്പാദനത്തിലുള്ള ഖേദങ്ങളെ സഹിക്കുന്നതിലും സത്യാന്വേഷണം നടത്തുന്നതിലും അത്യധികമായ ജാഗരൂകത പ്രദൎശിപ്പിക്കയാണ് ശാസ്ത്രജ്ഞൻ ചെയ്യുന്നതു്. മദമാത്സൎയ്യാദികളെ അമൎത്തി, നമ്മുടെ സ്വന്തം അനുഭവങ്ങൾതന്നെ പരീക്ഷണാൎഹങ്ങളെന്നു ധരിച്ച്, വസ്തുസ്ഥിതികളെ ക്രൂലങ്കഷമായി പരിശോധിച്ചറിഞ്ഞ്, കൃത്യവും പരസ്പരസംബന്ധവുമുള്ള ജ്ഞാനശകലങ്ങളെ സമ്പാദിപ്പാൻ ഒരുങ്ങിനില്ക്കുന്ന ഒരു ഭാവം ഏവനുണ്ടോ, അവനാണ് ശരിയായ ശാസ്ത്രജ്ഞനെന്നു പറയാം. മനുഷ്യവൎഗ്ഗോദ്ധാരണത്തിനുവേണ്ടിയുള്ള പാശ്ചാത്യരുടെ പരിശ്രമങ്ങളിൽ ഏററവും ഉൽകൃഷ്ടമായതു

ഈ ശാസ്ത്രീയഭാവലാഭത്തിനുള്ള ഉദ്യമമാണെന്നു പറയാം. മനുഷ്യരുടെ ശക്തി മാത്രമല്ല, മനുഷ്യരുടെ ജ്ഞാനസമ്പത്തുകൂടി വർദ്ധിക്കുന്നതിന് ശാസ്ത്രജ്ഞാനം സഹായിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. മതമായി താരതമ്യം ചെയ്തുവരുന്ന ശാസ്ത്രം ഇതത്രെ. ശാസ്ത്രം അഭിവൃദ്ധിപ്രദവും മതം യാഥാസ്ഥിതികവുമാണെന്നുപറവാൻ ഇതത്രെ കാരണം. അന്ധവിശ്വാസം, അസഹിഷ്ണുത, വാസ്തവസംഗതികളെ മറിച്ചുവയ്ക്കൽ, പരമതദ്രോഹം, ജനോപദ്രവം മുതലായവക്കു മതം കാരണമാണെന്നു പറയുന്നതു ഇതുകൊണ്ടത്രെ. അന്യോന്യം വെറുക്കുവാൻ അത്യാവശ്യമായ മതവിശ്വാസമാണ് ഇന്നുള്ളവക്കുള്ളതെന്നു സ്വിഫ് എന്ന മഹാൻ പറയുന്നു. മതത്തെ ശാസ്ത്രത്തിന്റെ വിരോധിയായി കരുതുവാൻ ഇതുതന്നെ കാരണം.

മതവും ശാസ്ത്രവും തമ്മിൽ ഇത്രവളരെ കാലം നിലനിന്നുവരുന്ന ഈ വൈരത്തിന് കാരണമെന്ത്? മന്ത്രവാദം, മതം, ശാസ്ത്രം എന്നീ മൂന്നു പദ്ധതികളിൽക്കൂടി കടന്നാണ് മനുഷ്യൻ ഇന്നത്തെ സ്ഥാനത്തെത്തിയതു് എന്നത്രെ സർ ജെംസ് ഫ്രേസർ എന്ന നരശാസ്ത്രപണ്ഡിതന്റെ അഭിപ്രായം. മതവും ശാസ്ത്രവും തമ്മിലുള്ള ആഹവം ഇനിയും അവസാനിച്ചിട്ടില്ല. ചരിത്രവും, അദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ ശക്തികളും, ശാസ്ത്രതത്വങ്ങളും ഈ ആയോധനത്തിന് കാരണങ്ങളാണ്. ശാസ്ത്രതത്വപ്രതിപാദികളെ ഉപദ്രവിപ്പാനും, ശാസ്ത്രജ്ഞന്മാരെ മതാചാര്യന്മാരുടെ അധീനത്തിൽ കൊണ്ടുവരുവാനുമുണ്ടായ സംരംഭങ്ങളാണ് ഈ ആയോധനത്തിന്റെ പ്രഥമകാരണങ്ങൾ. ശാസ്ത്രീയരീതിയിലുള്ള അന്വേഷണത്തിന് ഇദംപ്രഥമമായി പുറപ്പെട്ടതു സോക്രട്ടീസ്സ് എന്ന മഹാനാണ്. അദ്ദേഹത്തിന്റെ കാലംമുതൽ ഇന്നേവരെ മതം ശാസ്ത്രത്തെ വിരോധിച്ചിട്ടുണ്ട്. ഐക്യനാടുകളിൽ 1928-ൽ നടന്ന ടെനസ്സനികേസ്സും പരിണാമതത്വങ്ങൾ അദ്ധ്യയനം ചെയ്യിക്കരുതെന്നുള്ള കല്പനയും, 1927-ൽ സെൻററ്പോൾസ് പള്ളിയിൽവച്ച് ബർമിംഗാമിലെ ബിഷപ്പ് ചെയ്ത പ്രസംഗത്തെക്കുറിച്ചുള്ള വഴക്കുകളും, ശാസ്ത്രതത്വപ്രചരണത്തിൽ ഹിന്ദുക്കൾ പ്രദർശിപ്പിക്കുന്ന വൈമനസ്യവും ഈ മതശാസ്ത്രയുദ്ധത്തിലെ ഭടന്മാരാണ്. മതവിശ്വാസത്തിന് പ്രതിബന്ധമായി നില്ക്കുന്ന അദ്ധ്യാത്മികവ്യാപാരം ശാസ്ത്രപരീക്ഷണങ്ങൾകൊണ്ടു സിദ്ധമാകുന്ന ആത്മവിശ്വാസംതന്നെ. ഈ വിശ്വാസത്തിന് രണ്ടു ഭാവങ്ങളുണ്ട്. മനുഷ്യന്റെ ജ്ഞാനസമ്പത്തു ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ചു വരികയാണെന്നും, അവന്റെ അറിവിൽ ഉൾപ്പെടാത്തതായും അവനെക്കൊണ്ടു നിയന്ത്രിക്കാൻ സാധിക്കാത്തതായും ഇരിക്കുന്ന നന്ന കുറച്ചു സംഗതികൾ മാത്രമേ ഉണ്ടാകാൻ തരമുള്ളുവെന്നുള്ളതുതന്നെയാണ് ഇതിന്റെ പ്രഥമമായ ഭാവം. മരണത്തെ നീട്ടിക്കൊണ്ടുപോകാൻ മനുഷ്യന് സാധിക്കുന്നതും [illegible]ജീ

വോല്പാദനംതന്നെയും മനുഷ്യന് സാദ്ധ്യമായേക്കാം. തന്നത്താൻ തിരിയുന്ന യന്ത്രങ്ങൾ (റോബോട്ട്സ്) ഇതിന് ഉദാഹരണങ്ങളാണ്. മനുഷ്യയന്ത്രങ്ങളെ നിർമ്മിക്കാൻ തനിക്കു സാധിക്കുമെന്നുതന്നെയാണ് ശാസ്ത്രജ്ഞന്റെ അഭിപ്രായം. 'ആത്മ'സൃഷ്ടി മാത്രം അവന് ഇന്നേവരെ സാദ്ധ്യമായിട്ടില്ല. പ്രകൃതിശക്തികളുടെ വ്യാപാരങ്ങളെ നിയന്ത്രിപ്പാൻ മനുഷ്യന് സാധിക്കുന്നതുകൊണ്ടു മനുഷ്യന്റെ സ്വാശ്രയശക്തി ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ചുതന്നെ വരുന്നു. പ്രകൃതിശക്തികളുടെ വ്യാപാരങ്ങളെ നിയന്ത്രിപ്പാൻ മനുഷ്യന് അധികമധികം സാദ്ധ്യമാകുന്നതോടുകൂടി അവയെപ്പററിയുള്ള അവന്റെ ഭയം കുറയുന്നു. അമാനുഷികശക്തികളിൽ മനുഷ്യനുള്ള വിശ്വാസം കുറയുവാൻ ഇതു കാരണമാകുന്നു. ശാസ്ത്രവും മതവും തമ്മിൽ വൈരമാകാൻ ഇതിനു പുറമേയും കാരണങ്ങളുണ്ട്. ശാസ്ത്രഗതിയും ശാസ്ത്രത്തിലെ പ്രധാന തത്വങ്ങളും ഈ വൈരത്തിന് നിദാനമാണ്. പരിണാമതത്വത്തെ തന്നെ ഉദാഹരണമായെടുക്കുക. മനുഷ്യന്റെ ഉത്ഭവം കുരങ്ങനിൽ നിന്നാണ് എന്നല്ലയൊ പരിണാമം പ്രതിപാദിക്കുന്നത്? മിക്ക വേദപുസ്തകങ്ങളിലും കാണുന്നതിനു വിരോധമായ ഒരു പ്രസ്ഥാനമല്ലേ ഇതു? മനുഷ്യമനസ്സ്, എന്നല്ല, ലോകമാസകലംതന്നെയും, അണുക്കളെക്കൊണ്ടാണ് നിർമ്മിതമായിരിക്കുന്നതെന്നും, ചില ഭൌതികനിയമങ്ങൾക്കനുസാരമായാണ് അവ പ്രവർത്തിക്കുന്നതെന്നുമുള്ള പ്രസ്താവം മതതത്വങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതല്ലയൊ? പ്രകൃതിനിയമങ്ങളെ അനുസരിച്ചു വർത്തിക്കുന്ന ഭൌതികപദാർത്ഥചേഷ്ടകളാണ് മനസ്സിന്റെ വ്യാപാരങ്ങളെന്നും, മനുഷ്യന്റെ ശരീരത്തോടുകൂടി അവന്റെ മനസ്സും നഷ്ടമാകുന്നുവെന്നുമല്ലയൊ മുൻപറഞ്ഞതിനർത്ഥം? നരശാസ്ത്രതത്വങ്ങളും, മതങ്ങളെ താരതമ്യംചെയ്തു പരിത്രാദൃഷ്ട്യായുള്ള പര്യവേക്ഷണങ്ങളും മതതത്വങ്ങളെക്കുറിച്ചുള്ള സംശയത്തിന് കാരണമായിത്തന്നെ കലാശിക്കുന്നു. മതത്തിന്റേയും ശാസ്ത്രത്തിന്റേയും ഉദ്ദേശ്യങ്ങൾ തമ്മിലുള്ള അന്തരംകൊണ്ടും ഇവ രണ്ടും തമ്മിൽ വൈരമാകാൻ വഴിയുണ്ടെന്നും അവസാനമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെ ഗുണത്തെ ആസ്പദമാക്കിയാണ് മതം പ്രവർത്തിക്കുന്നതു്; ശാസ്ത്രം സമുദായത്തിന്റെ ഗുണത്തെയാണ് ലക്ഷ്യമാക്കുന്നതു്. സത്യാന്വേഷണത്തിൽ—ജ്ഞാനസമ്പാദനയാത്രയിൽ—സംഘത്തെ ഉദ്ദേശിച്ചുള്ള വ്യാപാരങ്ങൾക്ക് മാഹാത്മ്യം കൂടുമെന്നു പറഞ്ഞുവരുന്നു. അതുകൊണ്ടു ശാസ്ത്രരീതി മതരീതിയേക്കാൾ ഉൽകൃഷ്ടമായതാണെന്നു പറയാം.

സംഗതികൾ ഇപ്രകാരമെല്ലാമാണെങ്കിലും, മതവും ശാസ്ത്രവും തമ്മിൽ വളരെ അന്തരമുണ്ടെങ്കിലും, ഈ അന്തരം വളരെ സാരവത്തായ ഒന്നാണെന്നു പറവാൻ തരമില്ല. രണ്ടററത്തുന്നിന്നു അങ്ങുമിങ്ങും

വലിക്കുന്ന ഈ ശക്തികൾ തമ്മിലുള്ള ദൂരം—അന്തരം—ദിനംപ്രതി കുറഞ്ഞുതന്നെയാണ് വരുന്നതു. മതവും ശാസ്ത്രവും തമ്മിലുള്ള അന്തരം ഇല്ലാതാക്കുവാൻ, കഴിയുന്നത്ര, കുറയ്ക്കുവാൻ, വഴിയെന്തെന്നു നോക്കുക. ശാസ്ത്രജ്ഞന്മാരെ മതാധികാരികൾ ഉപദ്രവിച്ച സംഗതിയെട്ടുക്കുക. ഈ ഉപദ്രവമുണ്ടായിട്ടില്ലെന്നു പറയുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. ഐഹികസുഖസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളെ ആരായുന്നതിനു മതം പലപ്പോഴും ഒരു സഹായവും ഒരു ഉപകരണവുമായി പരിണമിച്ചിട്ടുണ്ടുതാനും. ഭരണനേതാക്കന്മാരുടെ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി—തങ്ങളുടെ രാജ്യവും അധികാരവും പൂർവ്വാധികം വിപുലമാക്കുന്നതിനുവേണ്ടി നേതാക്കന്മാർ രാജ്യധനത്തെ വിനിയോഗിക്കാറുള്ളതുപോലെ ഐഹികസുഖലാഭത്തിന് അവർ മതത്തേയും ഉപകരണമാക്കാറുണ്ട്. ഈശ്വരഭക്തിപ്രവാഹമാണെന്ന അഭിധാനത്തിൽ വൈരം, കലഹപ്രിയം, അത്യാർത്തി എന്നീ മൂർത്തികൾ വിളയാടുന്നില്ലേ? മതസംബന്ധങ്ങളായ യുദ്ധങ്ങളെന്നുപറഞ്ഞു നടത്തിവരുന്ന യുദ്ധങ്ങളുടെ എല്ലാം ഉദ്ദേശം മതസംബന്ധമായ കാര്യങ്ങളുടെ ലാഭംതന്നെയാണൊ? ചൈനയെ ആക്രമിപ്പാൻ ഇന്നത്തെ ക്രൈസ്തവലോകം സന്നദ്ധമായാൽ അതു ക്രിസ്തുമതസംരക്ഷണത്തിന്നാണെന്നു അവർ പറയുമായിരിക്കും. ജാതിസ്പർദ്ധ വർദ്ധിക്കേണമെന്നു ആഗ്രഹമുള്ള ഭാരതീയരും ഇന്നു "മതദ്രോഹം എന്നു നിലവിളിച്ചുകൊണ്ടാണ് പുറപ്പെടുന്നതു. വാസ്തവമായ മതഭക്തി ഇതാണെന്നൊ? പ്രാചീനകാലങ്ങളിലെ നേതാക്കന്മാർ തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി മതത്തെ എപ്രകാരം ഉപയോഗിച്ചുവൊ അപ്രകാരംതന്നെയാണ് ഇന്നത്തെ ശാസ്ത്രജ്ഞന്മാർ ശാസ്ത്രത്തെ ഉപയോഗിക്കുന്നതു. നമ്മുടെ ഉദ്ദേശ്യങ്ങളിലാണ് സാരമായ കാര്യമിരിക്കുന്നതു. മനുഷ്യവധം മുതലായ അധമകൃത്യങ്ങളെ നിർവ്വഹിപ്പാൻ ശാസ്ത്രത്തെ ഒരു ഉപകരണമാക്കിത്തീർക്കുന്നതു നന്നൊ? ആയോധനത്തിൽ വിജയം ലഭ്യമാകാൻ ഒരു ഉപകരണമാണെന്നു കാണുന്നതുകൊണ്ടാണ് ഭരണനേതാക്കന്മാർ ശാസ്ത്രത്തെ ബഹുമാനിക്കുന്നതു. ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുള്ള അനവധി സംഗതികളെക്കൊണ്ടു മനുഷ്യർക്ക് യാതൊരു ഉപകാരവുമില്ല. അടുത്തു കഴിഞ്ഞ മഹാഘോരസമരം ഈ സംഗതിയെ വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഇന്നത്തെ മിക്ക അപരാധങ്ങൾക്കും—സമാധാനകാലത്തെ അപരാധങ്ങൾക്കും യുദ്ധകാലത്തെ അപരാധങ്ങൾക്കും—ശാസ്ത്രമാണ് കാരണം. ആകാശവിമാനത്തിൽ കയറിനിന്നു നിരപരാധികളുടെമേൽ ബോംബെറിയുന്നതിനും, നിരായുധന്മാരായ ജനങ്ങളെ വെടിവെച്ചു കൊല്ലുന്നതിനും ശാസ്ത്രമാണ് മനുഷ്യനെ ശക്തനാക്കിത്തീർത്തതു. ഭൗതികമായ വിജയം കാരണം ആത്മീയമായ സംഗതികളെ ശാസ്ത്രം വിലമതിക്കുന്നില്ല. ശാസ്ത്രത്തെപ്പററി ജനങ്ങൾക്കുള്ള ബഹുമാനം വർദ്ധിക്കുന്നതു വളരെ ന്യായമാണെന്നു പറവാനും തരമില്ല.

ശാസ്ത്രത്തിന്റെ പേരും പറഞ്ഞു സഹജീവികളെ എത്ര മനുഷ്യരാണ് വഞ്ചിക്കുന്നതു? ഒരു സംഗതി എത്രതന്നെ നികൃഷ്ടവും ഉപദ്രവകരവുമായിരുന്നാലും അതിനു ശാസ്ത്രത്തിന്റെ അനുഗ്രഹം സിദ്ധമായാൽ ബഹുജനങ്ങൾ അതിനെ മാനിക്കയായി. വൈദ്യന്മാരുടെ ഇടയിൽ ഇത്തരത്തിലുള്ള അനവധി നികൃഷ്ടതത്വങ്ങൾ കടന്നുകൂടീട്ടുണ്ടു്. ദർശനങ്ങളും നികൃഷ്ടങ്ങളെന്നു പറഞ്ഞു തള്ളുന്നവർതന്നെ കുരങ്ങുഗ്രന്ഥികളെപ്പററി (Monkey glands) അത്യധികമായ ബഹുമാനം പ്രദർശിപ്പിക്കുന്നു. (മംകി ഗ്ലാൻസു ഉപയോഗിച്ചാൽ വയസ്സന്മാർ ചെറുപ്പക്കാരാകുമെന്നുള്ള പ്രസ്താവത്തെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു.) അദ്ധ്യാത്മികശാസ്ത്രത്തിലും സന്മാർഗ്ഗപ്രതിപാദകശാസ്ത്രത്തിലുംകൂടി ശാസ്ത്രത്തിന്റെ പേരും പറഞ്ഞു അനവധി നികൃഷ്ടതത്വങ്ങൾ പ്രവേശിച്ചിട്ടുണ്ടു്. നികൃഷ്ടകാര്യസാദ്ധ്യത്തിന് ശാസ്ത്രവും മതവും ഒരുപോലെ ഉപയോഗപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു അവ—ശാസ്ത്രവും മതവും—നികൃഷ്ടങ്ങളാണെന്നു പറവാൻ തരമില്ല. അപ്രകാരംതന്നെ അവയുടെ ഉൽകൃഷ്ടതക്കും ഈ സംഗതി ഒരു തെളിവല്ല. ശാസ്ത്രതത്വങ്ങൾക്ക് വിരുദ്ധമാണെന്നു കരുതിവന്നിരുന്ന അനവധി തത്വങ്ങളെ ഇന്നു ശാസ്ത്രം സ്വീകരിക്കുന്നു. അപസ്മാരത്തെ ശാസ്ത്രം സ്വീകരിച്ചിട്ടുണ്ടു്. ശാസ്ത്രരീതി വളരെ നല്ലതായ ഒന്നുതന്നെ; എന്നാൽ എല്ലാ ശാസ്ത്രജ്ഞന്മാരും ഈ രീതി സ്വീകരിച്ചിട്ടുള്ളവരല്ല. മതാധികാരികളെപ്പോലെ യാഥാസ്ഥിതികരും ദുർവ്വാശിക്കാരും ശാസ്ത്രജ്ഞരിലുമുണ്ടു്. ശാസ്ത്രതത്വങ്ങളെന്നു തങ്ങൾ ധരിച്ചുവച്ചിട്ടുള്ളതിന് വിപരീതമാണെന്നു കാണുന്നതുകൊണ്ടാണ് ജഗദീശചന്ദ്രബോസിന്റെ സസ്യജീവിതതത്വങ്ങളെ സ്വീകരിപ്പാൻ ശാസ്ത്രജ്ഞന്മാർ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നതു്. പൊതുജനങ്ങൾക്ക് മതതത്വങ്ങളിലും ശാസ്ത്രതത്വങ്ങളിലും വിശ്വാസം ഒന്നുപോലെയാണ്. അധികാരപ്രമത്തതയല്ല ശരിയായ മതഭാവം. സത്യാന്വേഷണതല്പരതയും ലോകരഹസ്യങ്ങളെ കണ്ടറിവാനുള്ള ജാഗ്രൂകതയുമാണ് ശരിയായ മതഭാവം.

മതവിശ്വാസത്തിന് ഹാനികരമായ ശാസ്ത്രതത്വങ്ങൾ ഏതെന്നാത്രെ നാമിനി അന്വേഷിക്കേണ്ടതു്. സൃഷ്ടിയെപ്പററി മതം ചെയ്യുന്ന വിവരണത്തിന് തീരെ വിരോധമായ തത്വങ്ങളാണ് പരിണാമം പുറപ്പെടുവിക്കുന്നതെന്നു പറഞ്ഞുവരുന്നു. മൃഗവും മനുഷ്യനും തമ്മിലുള്ള അന്തരം ചാടികടപ്പാൻ ഉത്താമവശേഷധർമ്മമെന്ന തത്വം പര്യാപ്തമാണൊ, എന്ന സംഗതി ഇന്നു സംശയത്തിലാണ്. അപ്രകാരംതന്നെ മനുഷ്യർക്കു തലച്ചോറും ആത്മാവും സിദ്ധമായതെങ്ങിനെയെന്നു പരിണാമം തെളിയിക്കുന്നില്ല. ശാസ്ത്രജ്ഞന്മാർക്കു ഭൗതികലോകതത്വാന്വേഷണത്തിലുണ്ടായിരുന്ന താല്പര്യം കുറഞ്ഞുതന്നെ വരുന്നു. ശാസ്ത്രപ്ര

വീണന്മാർ ആ ഉദ്യമത്തിൽനിന്നു പിൻതിരിയുന്നതുപോലെ തോന്നുന്നു. "ശാസ്ത്രവും നവീനലോകവും" എന്ന അഭിധാനത്തിൽ ഡോക്ടർ വൈററ്ഹെഡ് എഴുതീട്ടുള്ള പുസ്തകംതന്നെ ഇതിനൊരു ഉദാഹരണമാണ്. ഇതർ (Ether) എന്ന വസ്തു കണ്ടുപിടിച്ചതിലൊ, ദർശനങ്ങളിലൊ ആത്മികമായി യാതൊന്നുംതന്നെ ഇല്ലെന്നിരിക്കട്ടെ. ഈ രണ്ടു വസ്തുതയും—ഈതർ ഉണ്ടെന്നുള്ള വസ്തുതയും, ദർശനം സാദ്ധ്യമാണെന്ന വസ്തുതയും—വാസ്തവമാണെന്നു തെളിഞ്ഞാൽതന്നെ നാം ഇന്നു കാണുന്ന ഭൌതികപ്രപഞ്ചത്തിനും മീതെ ഒരു വസ്തുവുണ്ടെന്നു സിദ്ധമാകുമല്ലൊ. "ഭൌതിക"ത്തെപ്പററി നൂതനമായുണ്ടാകുന്ന ജ്ഞാനവും, "റിലേററിവിററി"എന്ന തത്വവും ശാസ്ത്രരീതിയിൽതന്നെ ഭൌതികസിദ്ധാന്തങ്ങളെ ഉടയ്ക്കുന്നതിനു പര്യാപ്തമാകുന്നു. ശക്തിയുടെ ഒരു രൂപഭേദമായാണ് ഇന്നു ഭൌതികത്തെ കരുതിവരുന്നതു്. ഈൻസ്റ്റീൻ കണ്ടുപിടിച്ച റിലേററിവിററി"എന്ന തത്വമാണ് ഭൌതികത്തെപ്പററി ഇന്നുള്ള ജ്ഞാനത്തിൻെറ ജനയിതാവ്. സ്ഥലകാലബോധത്തെ അതു റിലേററിവിററി—ഉന്മൂലനം ചെയ്യുന്നു. എന്നു മാത്രമൊ? ഭൌതികം ഒരു "വസ്തു"വല്ല; അതു ശക്തിയുടെ ഒരു രൂപാന്തരം മാത്രമാണെന്നു ഈ തത്വം പ്രതിപാദിക്കുന്നു. മാനസികമായുണ്ടാകുന്ന വികാരങ്ങളഖിലവും ഭൌതികചേഷ്ടകളാണെന്ന ബോധം ശാസ്ത്രജ്ഞന്മാക്കില്ലാതായിരിക്കുന്നു. ശാസ്ത്രത്തിനു വത്തമാനകാലത്തിലും സിദ്ധമായേക്കാവുന്ന വികാസത്തിനുള്ള ഹേതുക്കളിൽ പ്രധാനമായ ഒന്നായാണ് മനുഷ്യമനസ്സിൻെറരഹസ്യത്തെ ഇന്നു ശാസ്ത്രജ്ഞന്മാർ ഗണിച്ചുവരുന്നതു. ബയൊകെമിസ്റ്റ് (ജീവരസതന്ത്രം); സൈക്കൊബയോലൊജി (മാനസികജീവശാസ്ത്രം); ബയോസോഷിയൊലോജി (ജീവസാമുദായികശാസ്ത്രം) എന്നിവ മിശ്രശാസ്ത്രങ്ങളാണ്. അങ്ങുമിങ്ങും ഛിന്നഭിന്നമായി കിടക്കുന്ന ശാസ്ത്രജ്ഞാനശകലങ്ങൾതമ്മിലുള്ള ബന്ധമെന്തെന്നു കാണിപ്പാനും മനസ്സും ശരീരവും തമ്മിലുള്ള ബന്ധമെന്തെന്നു വെളിപ്പെടുത്തുവാനും ഈ ശാസ്ത്രങ്ങൾ ഉപകരിക്കുന്നു.

മതത്തെപ്പററിയുള്ള നമ്മുടെ അന്വേഷണംകൊണ്ടു് മതവാസന ശാസ്ത്രവാസനയേക്കാൾ എത്രയോ പ്രാചീനമായതാണെന്നും, അതു മനുഷ്യൻെറ വാസനകളിൽ ഏററവും പ്രധാനവും അഗാധവുമായ വാസനകളിൽ ഒന്നാണെന്നും തെളിഞ്ഞിരിക്കുന്നു. ഇത്രവളരെകാലം അതു നിലനിന്നിട്ടുണ്ടെന്ന തത്വവും, അതു സവ്വത്ര വ്യാപിച്ചിരിക്കുന്നുവെന്ന സംഗതിയും അതിൻെറ ആവശ്യകതയെ സൂചിപ്പിക്കുന്നു. മനുഷ്യൻെറ സ്വത്തുക്കളിൽ പ്രധാനമായ ഒന്നാണ് അതെന്നു തീച്ച തന്നെ. മനുഷ്യചേഷ്ടകളുടെ നിയന്ത്രണത്തിന് മതം എത്രമാത്രം ഉപകരിക്കുന്നുണ്ടെന്നറിയുന്നതിനും, മതത്തിൻെറ വാസ്തവരൂപമെന്തെന്നറിയുന്നതിനും ഇത്തരത്തിലുള്ള അന്വേഷണങ്ങൾ സഹായിക്കുന്നു.

ജന്മസ്ഥലം, തത്വങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയല്ല മതത്തെപ്പററി വിധികല്പിക്കേണ്ടതു്; അതിൻെറ ഫലങ്ങളിലും വ്യാപാരങ്ങളിലുമാണു് നമ്മുടെ കണ്ണെത്തേണ്ടതു്. മതത്തെപ്പററി ശാസ്ത്രരീത്യാ അന്വേഷണംനടത്തുന്നതുകൊണ്ടു ആത്മീയമായ പര്യവേക്ഷണം എന്ന നിലയിൽ മതത്തിനുള്ള ശാശ്വതപ്രയോജനവും മതമെന്നപേരിൽ ഇന്നു നടന്നുവരുന്ന വ്യാപാരങ്ങളും തമ്മിലുള്ള അന്തരം വ്യക്തമാകുന്നതാണു്. ആത്മീയസംഗതികളും സന്മാർഗ്ഗികസംഗതികളും തമ്മിലുള്ള ബന്ധമെന്തെന്നന്വേഷിച്ചു ശാസ്ത്രം ഒടുവിൽ ഈ രണ്ടു മാർഗ്ഗങ്ങളുടേയും ജന്മസ്ഥാനമായ സ്നേഹത്തിലെത്തുമെന്നു തീർച്ചതന്നെ.

വ്യക്തിപരമായ ഗുണത്തെയാണു് മതം കാംക്ഷിക്കുന്നതെന്നും, സാമുദായികപരമായ ഗുണത്തെയാണു് ശാസ്ത്രം കാംക്ഷിക്കുന്നതെന്നും നമുക്കു തോന്നുന്നതു നമ്മുടെ വീക്ഷണസ്ഥാനവ്യത്യാസംകൊണ്ടത്രെ. വസ്തുസ്ഥിതിഗ്രഹണത്തിനായി നാം ചെയ്യുന്ന പരിശ്രമങ്ങളിൽ നാം കൈക്കൊള്ളുന്ന രണ്ടു രീതികളിൽ ഒന്നു ഭൌതികവും മററതു ആത്മീയവുമാകുന്നു. ഈ രണ്ടു രീതികളും ഏതാണ്ടു് ഒന്നുതന്നെയാണുതാനും. സത്യത്തെ മതം അന്വേഷിക്കുന്നതു വ്യക്തിയുടെ ഗുണത്തിനാണു്: സത്യത്തെ ശാസ്ത്രം അന്വേഷിക്കുന്നതു സാർവ്വത്രികമായ ഗുണത്തിനാണു്. ആത്മജ്ഞാനംകൊണ്ടും സ്വാനുഭവംകൊണ്ടും മതം സത്യാന്വേഷണം ചെയ്യുന്നുവെങ്കിൽ, ശാസ്ത്രം സത്യാന്വേഷണം ചെയ്യുന്നതു പരീക്ഷണങ്ങളെക്കൊണ്ടും അവലോകനങ്ങളെക്കൊണ്ടുമാകുന്നു. ആലോചനപദ്ധതിയുടെ സന്താനമാണു് ശാസ്ത്രമെങ്കിൽ, മതം വികാരപദ്ധതിയുടെ സന്താനമത്രെ. ഹിന്ദുമതത്തിൻെറ ചില രൂപങ്ങളിൽ ഈ വ്യത്യാസം തന്നെയും ഇല്ലെന്നു പറയാം. വ്യക്തിപരമായ ആത്മാവു—ജീവാത്മാവു—പരമാത്മാവിൻെറ ഒരംശം മാത്രമാണെന്നു ഹിന്ദുമതം പ്രതിപാദിക്കുന്നു.

ശാസ്ത്രത്തിനു് സിദ്ധമായിട്ടുള്ള വിജയങ്ങൾ അനവധിയാണെന്നു സംവദിക്കാം. എങ്കിലും ജീവൻെറ ഉല്പാദനം എങ്ങിനെയെന്നു ശാസ്ത്രം പറയുന്നില്ല. എന്നുമാത്രമല്ല, മതം പ്രതിപാദിക്കുന്ന ആത്മീയതത്വങ്ങളെപ്പററി ശാസ്ത്രത്തിനു് വളരെ കുറച്ചു ജ്ഞാനം മാത്രമെ ഇന്നേവരെ ലഭ്യമായിട്ടുള്ളു. ഏററവും ഉൽകൃഷ്ടങ്ങളായ തത്വങ്ങൾ വാചാമഗോചരങ്ങളാണെന്നാണു് ഗീഥെ എന്ന മഹാൻ പറയുന്നതു്. അവയെ യഥാവിധി ഗ്രഹിക്കുന്നതിനൊ അളക്കുന്നതിനൊ ശാസ്ത്രത്തിനു് സാദ്ധ്യമല്ല. ശാസ്ത്രരീതിയിലുള്ള അളവു് ചില ദിക്കിൽ മാത്രമേ സാദ്ധ്യമാകയുള്ളുവെന്നാണു് ന്യൂട്ടൻ മുതലായ ശാസ്ത്രവൎയ്യന്മാരുടെ സിദ്ധാന്തം. ശാസ്ത്രരീതികൾക്കുള്ള ന്യൂനതകളെ സംവദിപ്പാൻ ഏതു ശാസ്ത്രജ്ഞനും സന്നദ്ധനായിരിക്കേണ്ടതാണു്. ശാസ്ത്രതത്വങ്ങളും ശാസ്ത്രജ്ഞാനവും സൎവ്വവും തികഞ്ഞവയാണെന്നു

ശാസ്ത്രജ്ഞൻ ഭാവിക്കരുതാത്തതാകുന്നു. നാം പരീക്ഷണംചെയ്തറിയുന്ന നിയമങ്ങളാണ് ശാസ്ത്രത്തിൻെറ അസ്തിവാരം. ശാസ്ത്രതത്വങ്ങളിൽ എന്നും ന്യൂനാധിക്യങ്ങൾ വരാവുന്നതുമാണ്. പരിപൂൎണ്ണമായ ജ്ഞാനം പ്രദാനംചെയ്യാൻ ശാസ്ത്രത്തിന് ശക്തിയില്ല. ഭൂലോകത്തെ പരിപൂൎണ്ണമായി വൎണ്ണിപ്പാൻതന്നെ അതിന് സാദ്ധ്യമല്ല. ബ്രഹ്മാണ്ഡവിവരണം അതിന് സാദ്ധ്യമല്ലെന്നു സിദ്ധംതന്നെ. മൂലതത്വത്തെ ശാസ്ത്രം കണ്ടെത്തുന്നതല്ല. നവംനവമായി സിദ്ധമാകുന്ന ജ്ഞാനംമൂലം, ശാസ്ത്രജ്ഞൻെറ ജ്ഞാനപ്രാസാദത്തിൻെറ അസ്തിവാരം എന്നും ഇളക്കി പണിചെയ്യേണ്ടതായ്വരും ശാസ്ത്രജ്ഞൻെറ അനുമാനങ്ങളെ ശാശ്വതങ്ങളായി പരിഗണിപ്പാൻ തരമില്ല. ന്യൂട്ടൻ പ്രതിപാദിച്ച തത്വങ്ങളെ ഇന്നു ഈൻസ്റ്റീൻ ഇളക്കിയതായി കാണുന്നു. തൻെറ വിജയങ്ങളേയും ശക്തികളേയുംപററി അഹംഭാവം നടിപ്പാൻ ശാസ്ത്രജ്ഞന് അവകാശമില്ല. ഇതരങ്ങളായ ജ്ഞാനസമ്പാദനമാൎഗ്ഗങ്ങളെ നിന്ദിപ്പാനും ശാസ്ത്രജ്ഞന് ന്യായമില്ല. പഴയ ഭൌതികവാദവും യുക്തിവാദവും രംഗത്തുനിന്നു മാറിനില്ക്കുന്നു. ആ സ്ഥാനത്തു ഇപ്പോൾ "എന്തുതന്നെ സംഭവിച്ചുകൂടാ" എന്നൊരു ബോധമാണ് കയറിയിരിക്കുന്നതു്. ഈ ബോധത്തിൻെറ പരിണാമം ഇത്രയെന്നു വ്യക്തമല്ല. ശാസ്ത്രപൎയ്യവേക്ഷണംനടത്തുന്ന ഒരാൾക്ക് ഈ ബോധം എത്രയും ഉപകാരപ്രദമായ ഒരു ഗുണമാണെന്നാണ് ശാസ്ത്രതത്വപ്രതിപാദകപ്രവീണനായ മിസ്റ്റർ ജെ ഡബ്ല്യു. എൻ. സലിവാൻ എന്ന മഹാൻ അഭിപ്രായപ്പെട്ടുന്നതു്. ചെറിയ ബില്ലിയേർഡുപന്തു; സമചതുരാകൃതിയിലുള്ള സാധനങ്ങളുടെ വ്യാപാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഭൂലോകവിവരണം ചെയ്യാൻ ശാസ്ത്രജ്ഞൻ ഉദ്യമിച്ചിരുന്നതു്. ഇത്തരത്തിലുള്ള ഒരു ലോകത്തിൽ കവികൾക്കും തത്വജ്ഞാനികൾക്കും പുറമെ ദൎശനവാദികൾക്കുംകൂടി സ്ഥാനമുണ്ടെന്നു ഇന്നു ശാസ്ത്രം സമ്മതിക്കുന്നു"എന്നത്രെ മി. സലിവാൻ പറയുന്നതു്. "യുക്ത്യനുഭവവാദത്തിൻെറ അസ്തിവാരം ഉടഞ്ഞുപോയിരിക്കുന്നു. ഈ വാദമാണ് ദൎശനവാദികളേയും ശാസ്ത്രജ്ഞരേയും വൈരികളാക്കിയിരുന്നതു്. ഇതരസംഗതികളിൽ വൈരമുണ്ടായിരുന്നില്ല. ഈ ലോകത്തിൽ തനിക്കു സുഗ്രഹമല്ലാത്ത യാതൊരു രഹസ്യവുമില്ലെന്നു വാദിക്കുന്ന ഒരു ശാസ്ത്രജ്ഞൻ ഇന്നത്തെ ശാസ്ത്രബോധത്തെയല്ല പ്രതിപാദിക്കുന്നതു്. എന്നു മാത്രമല്ല, ആയാൾ ഇങ്ങിനെ വാദിക്കുന്നതായാൽ, ഇന്നത്തെ ശാസ്ത്രബോധം ഇന്നതെന്നു ആയാൾക്ക് വേഗം അറിവില്ലാതാകുന്നതാണ്" എന്നത്രെ മി, സലിവാൻെറ അഭിപ്രായം. ഏതാണ്ടു് ഇത്തരത്തിലുള്ള ഒരഭിപ്രായംതന്നെയാണ് ഡോക്ടർ ഹാവലക്ക് എല്ലിസ്സ എന്ന ദൎശനവാദിയും പുറ

പ്പെടുവിക്കുന്നതു്. നമ്മുടെ അധിവാസപ്രദേശമായ ലോകവുമായി ഒരു മാനസികബന്ധവ്യവസ്ഥയാണു് ശാസ്ത്രമെന്നും; ശാസ്ത്രംകൊണ്ടു് ലോകത്തെ ഏറക്കുറെ നിയന്ത്രിപ്പാൻ നമുക്കു സാധിക്കുന്നുവെന്നും; ലോകത്തെയാസകലം ഒന്നായെടുത്താൽ അതുമായി വികാരപരമായ ഒരു ബന്ധമാണു് ദൎശനവാദമെന്നു പറയുന്നതെന്നും ആണു് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ശാസ്ത്രവും മതവും ഭിന്നാഭിപ്രായം പുറപ്പെടുവിക്കുന്ന സ്ഥലത്തു അവകൾ ശരിയായ സ്ഥാനമല്ല സ്വീകരിക്കുന്നതെന്നും അദ്ദേഹം പറയുന്നു.

തത്വജ്ഞാനികളുടെ ചിന്താപദ്ധതിയോടൊ, യഥാൎത്ഥമായ ആത്മീയഭാവത്തോടൊ ശാസ്ത്രത്തിനു് വിരോധമില്ല. മതത്തിന്റെ അധികാരത്തെ സമ്മതിച്ചു ശാസ്ത്രം നമിക്കേണമെന്നൊ, ശാസ്ത്രീയമായ ഒരു മതം സ്ഥാപിക്കേണമെന്നൊ പറവാനുള്ള ആവശ്യം കാണുന്നില്ല. അമ്പലം, പള്ളി മുതലായ ദേവാരാധനസ്ഥലങ്ങളേയും ശാസ്ത്രജ്ഞന്റെ പൎയ്യവേക്ഷണശാലകളേയും കൂട്ടി ഇണക്കുന്നതിനുള്ള ഒരു പദ്ധതി—ആത്മീയതത്വസമ്പാദനത്തിലുള്ള തല്പരതയേയും ശാസ്ത്രജ്ഞാനസമ്പാദനജാഗരൂകതയേയും ബന്ധുക്കളാക്കുന്നതിനുള്ള ഒരു പദ്ധതി—ആണു് ഇവിടെ ആവശ്യമായിട്ടുള്ളതു്. ശാസ്ത്രരീത്യാ ഉള്ള അക്ഷീണസത്യാന്വേഷണമായാലും, ഒരുവന്റെ ആത്മാവിലുള്ള നിശ്ശബ്ദതയിൽ ഒരുവൻ ചെയ്യുന്ന ഭക്തിപരമായ സത്യാന്വേഷണമായാലും സത്യാന്വേഷണത്തിൽ ആത്മീയമായ ഒരു വിലയുണ്ടു്. ശാസ്ത്രത്തിനു് മതത്തേയും മതത്തിനു് ശാസ്ത്രത്തേയും പരിശുദ്ധമാക്കാൻ സാധിക്കും. അജ്ഞാതമായി കിടക്കുന്നതിനെപ്പററിയുള്ള അത്യഗാധമായ ഭയത്തെ മതത്തിന്റെ അസ്തിവാരമെന്ന നിലയിൽ ശാസ്ത്രത്തിനു് നശിപ്പിക്കാം. അന്ധവിശ്വാസം, അസഹിഷ്ണുത, പരോപദ്രവം മുതലായവയ്ക്കു് ഉന്മൂലനാശം വരുത്താൻ ശാസ്ത്രത്തിനു് സാധിക്കും. പ്രത്യുത. വിനീതഭാവം, ലോകരഹസ്യങ്ങളെപ്പററിയുള്ള ഭക്തി, ജീവിതത്തിൽ ആത്മീയകാൎയ്യങ്ങൾക്കുള്ള പ്രാധാന്യം, കേവലം ഭൌതികമായതിനേക്കാൾ ആത്മീയകാൎയ്യങ്ങൾ ഉൽകൃഷ്ടതരമാണെന്ന ബോധം എന്നിവ ശാസ്ത്രത്തിനുണ്ടാക്കാൻ മതത്തിനും കഴിയുന്നതത്രെ. ശാസ്ത്രവിജയങ്ങൾക്കു് ആത്മീയമായ—സന്മാൎഗ്ഗികമായ—ഒരു പ്രാധാന്യം നൽകുവാനും, ശാസ്ത്രത്തെ മനുഷ്യന്റെ സുഖവൎദ്ധിനിയായ ഒരു ഉപകരണമാക്കുന്നതിനും മതത്തിനു് സാദ്ധ്യമത്രെ. ഇതു ഇന്നാണു് ഏററവുമധികം ആവശ്യമായിട്ടുള്ളതു്. "ആധുനികലോകത്തെ സംരക്ഷിക്കയും നശിപ്പിക്കയും ചെയ്യുന്നതു്—ആധുനികലോകത്തിലെ 'അപ്പോളൊ' സ്ഥാനം സ്വീകരിച്ചിട്ടുള്ളതു്—ശാസ്ത്രമാണു് എന്നത്രെ വില്യം ആർച്ചർ പറയുന്നതു്. ശാസ്ത്രത്തിനു് സൃഷ്ടിപ്പാനും സംഹരിപ്പാനും കഴിയും. അതു മനുഷ്യനു് ഭയത്തേയും അഭയത്തേയും നൽകുന്നു. ശാ

സ്ത്രം ഏതു വേഷമാണ് കെട്ടേണ്ടതെന്ന കാൎയ്യം ശാസ്ത്രശക്തികളെ നിൎമ്മിക്കുന്നവരുടേയും അവയെ പ്രയോഗിക്കുന്നവരുടേയും ചിത്തവൃത്തിയെ ആശ്രയിച്ചിരിക്കും. മനുഷ്യന്റെ കായികശക്തി ആത്മീയശക്തിയെ—സന്മാൎഗ്ഗികശക്തിയെ—അധഃകരിക്കുന്നു. മനുഷ്യവൎഗ്ഗം ഇന്നത്തേക്കാളധികം ബുദ്ധിയും നന്മയും ഉള്ളതായിഭവിക്കുന്നില്ലെങ്കിൽ, അതു നശിച്ചേക്കാവുന്നതാണ്. യഥാൎത്ഥമായ ഒരു മതബോധത്തിൽനിന്നല്ലാതെ മറെറവിടെനിന്നുള്ള ബുദ്ധിയും നന്മയും വരും? ലോകരക്ഷചെയ്വാൻ ശാസ്ത്രത്തിനുമാത്രമേ സാധിക്കയുള്ളുവെന്നു ശാസ്ത്രം അഹംകരിക്കുന്നു. ലോകരക്ഷചെയ്വാൻ ശാസ്ത്രത്തിനുമാത്രമേ സാധിക്കയുള്ളുവെന്ന സംഗതി വാസ്തവമായേക്കാം. സാമുദായികമായ അനവധി ദുരാചാരങ്ങളെ നശിപ്പിക്കുന്നതിനും ഭൌതികങ്ങളായ അനവധി തിന്മകളെ നീക്കംചെയ്യുന്നതിനും ശാസ്ത്രസഹായം ആവശ്യംതന്നെ. എന്നാൽ ഈ സംരക്ഷകനെത്തന്നെ സംരക്ഷിക്കേണ്ടതായിവന്നിരിക്കുന്നു. മനുഷ്യരെ വെറും യന്ത്രങ്ങളായി നാം കരുതുന്നില്ലെങ്കിൽ—മനുഷ്യരുടെ ഉൽകൃഷ്ടങ്ങളായ ഉദ്ദേശങ്ങൾ സാധിപ്പാൻ ശാസ്ത്രം ഒരു ഉപകരണമാകേണമെങ്കിൽ—ശാസ്ത്രത്തെ നാം ശുദ്ധിചെയ്യണം.

പാശ്ചാത്യക്കും പൌരസ്ത്യക്കും യോജിപ്പാൻ ഇതാ ഒരു സന്ദൎഭം വന്നുചേൎന്നിരിക്കുന്നു. ശാസ്ത്രവും മതവും ബന്ധുക്കളായാൽ പൌരസ്ത്യരുടെ ആത്മീയാദൎശങ്ങളും പാശ്ചാത്യരുടെ ഐഹികശക്തികളും വിജയങ്ങളും തമ്മിൽ യോജിക്കും. സകലജീവജാലങ്ങളും അന്യോന്യം ബന്ധമുള്ളവയാണ്—സകലജീവികളും ഏകബ്രഹ്മത്തിൽ ലയിക്കുന്നവയാണു—എന്നു ഹൈന്ദവപുരാതനന്മാർ പറഞ്ഞിരുന്നതു അവരുടെ ചിന്താപഥത്തിൽ മാത്രമല്ല വാസ്തവമായിരിക്കുന്നതു; അതൊരു ശാസ്ത്രതത്വമാണെന്നു ഇന്നത്തെ പരിഷ്കൃത ശാസ്ത്രരീതികളനുസരിച്ചുതന്നെ ജഗദീശചന്ദ്രബോസെന്ന പൌരസ്ത്യശാസ്ത്രജ്ഞൻ വെളിപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള ഐക്യത ശാസ്ത്രത്തിന്റെ ഇതരഭാഗങ്ങളിലും വന്നുചേരേണ്ടതുണ്ട്. പൌരസ്ത്യപാശ്ചാത്യവിവാഹംകൊണ്ടു മതവും ശാസ്ത്രവും തമ്മിൽ ചേരുന്നതത്രെ. ശാസ്ത്രജ്ഞാനംകൊണ്ടു സിദ്ധമായ സംഗതികളെ ആത്മീയകാൎയ്യങ്ങൾക്കും മതസിദ്ധാന്തങ്ങളെ ശാസ്ത്രപൎയ്യവേക്ഷണങ്ങൾക്കും ഉപകരണമാക്കാം. ഇത്തരത്തിലുള്ള ബന്ധം ഇന്നേവരെ ലഭ്യമായിട്ടില്ല; ലഭ്യമാകാൻ എളുപ്പമല്ലതാനും. എന്നാൽ ഇതു തീരെ അസാദ്ധ്യമല്ല; പ്രയത്നത്തിനു കാഠിന്യം കൂടുംതോറും അതിന്റെ ഫലത്തിനു വൈശിഷ്ട്യമേറിയിരിക്കും. ആധുനികപരിഷ്കാരത്തിന്റെ ഏററവും പ്രധാനമായ ഒരു കൃത്യം ഇതത്രെ. അതിന്റെ ഭാവിസുസ്ഥിരവും പ്രശോഭമാനവും ആകാനുള്ള ഏററവും ഉത്തമമായ മാൎഗ്ഗവും ഇതത്രെ.

ടി. പി. രാമൻമേനോൻ.

# പുലിയൻകുന്നിലെ വേട്ട.

"നിന്നെ ഞാൻ ഭരിച്ചുകൊണ്ടീടുവനെന്നും ചൊല്ലി
മന്മഥവിവശനായടുത്തു, കാട്ടാളനും"

സന്ധ്യ മയങ്ങിയിരിക്കുന്നു. അസ്തമാനസൂര്യന്റെ അരുണരശ്മി തട്ടി പുലിയൻകുന്നിലെ കറുത്തിരുണ്ട മരങ്ങളും മുൾപ്പടപ്പുകളും മററും നിറം മാറിക്കാണുന്നു. ഇളംകാററിലിളകുന്ന ഇലകളുടേയും മററും ശീൽക്കാരം ആ കുന്നിലെ ഭയാനകമായ നിശ്ശബ്ദതയെ അല്പാല്പം ഭഞ്ജിച്ചുകൊണ്ടിരുന്നു. ഈ സമയത്ത് "പടവീട്ടിൽ ചന്തു" വലത്തെ കയ്യിൽ മുച്ചാൺവടിയും ഇടത്തെ തോളിൽ തൂങ്ങിക്കിടക്കുന്ന വില്ലും വലത്തെ തോളിൽ കെട്ടിപ്പുറത്തിട്ട ഒരുക്കൂട്ടം അമ്പും, കട്ടിമുണ്ടും കച്ചയും ഉക്കിൽ ചെരുകിയ പിച്ചാങ്കത്തിയുമായി ആ കാട്ടിൽ ചുററിത്തിരിയുകയാണ്. ആയാളുടെ നെററിത്തടം വിയർത്തും ചുകന്നുമിരിക്കുന്നു. 'കാട്' എന്ന പദം സിംഹവ്യാഘ്രമൃഗാദിനിഷേവിതമായി സൂര്യരശ്മിക്കുപോലും പ്രവേശം അനുവദിക്കാത്ത ഒരു ഘോരാരണ്യത്തെയല്ല സൂചിപ്പിക്കുന്നത്. ഈ കാടിന്റെ വടക്കുഭാഗം ആൾസഞ്ചാരമുള്ളതും, ഇട തൂർന്ന മുൾപ്പടപ്പു, അവിടവിടെ വലിയ മരങ്ങൾ, എന്നിവയെക്കൊണ്ട് നിബിഡവുമായിരുന്നു. തെക്കുഭാഗത്തു ചെറിയൊരു കുന്നുള്ളത് സാമാന്യം വലിയൊരു കാടിന്റെ നിലയിൽ നരി, പുലി, ചെന്നായ് മുതലായ ദുഷ്ടജന്തുക്കളുടെ ആവാസസ്ഥാനവും, പലമാതിരി വലിയ വൃക്ഷങ്ങൾ ഇടതൂർന്നു പടർന്നുപിടിച്ചു കൊമ്പുകൾ തമ്മിൽ പിണഞ്ഞുകൂടി, വഴിപോകാൻ നിവൃത്തിയില്ലാത്തവിധം മുൾച്ചെടികളും കുടിഞ്ഞിലുകളുംകെട്ടി, കുണ്ടും, കുഴിയും, മാളവും മടയും നിറഞ്ഞു ദുർഗ്ഗമവുമായിരുന്നു. ഈ കാട്ടുകുന്നിന്മേൽ പുലി ധാരാളമായിട്ടുണ്ടാവുന്നതിനാൽ അതിന്നു പുലിയൻകുന്ന് എന്നു പേരുസിദ്ധിച്ചു. അതിനെ അനുകരിച്ചു ആൾസഞ്ചാരമുള്ള വടക്കുഭാഗത്തിനെ പുലിയൻകാട് എന്നു പൊതുവിൽ വിളിച്ചുവരുന്നു.

പുലിയൻകുന്നിലെ "മുള്ളു മുരട് മൂർക്കൻപാമ്പ്, കല്ല് കരട് കാഞ്ഞിരക്കുററി" ഇവയുടെ സംഘർഷണസൽക്കാരംകൊണ്ടു പാദങ്ങളെ പ്രസാദിപ്പിപ്പാൻ സാമാന്യക്കാരാരും ധൈര്യപ്പെടാറില്ല. താഴെ കുടികെട്ടിപ്പാർക്കുന്ന 'വേടർ' എന്നൊരു കാട്ടുജാതിക്കാർമാത്രം അതിലെ സഞ്ചാരസുഖം നിർഭയം അനുഭവിക്കാറുണ്ട്. വേടർ മാംസഭക്ഷകന്മാരും നായാട്ടിൽ സ്വതവേ സമർത്ഥന്മാരും കേളികേട്ട വില്ലാളികളുമാണ്.

പടവീട്ടിൽ ചന്തു പുലിയൻകുന്നിന്റെ കേളികേട്ടതിനാൽ അന്നു പുലരാൻ ഏഴര വെളുപ്പുള്ളപ്പോൾ പുറപ്പെട്ടിരിക്കുന്നു. ഏകനായി പുറപ്പെട്ട ആ യുവാവ് സ്വഭവനത്തിൽനിന്നു പത്തുനാഴിക അ

കലെയുള്ള പുലിയൻകുന്നിന്മേൽ കാലത്തെ കയറിയിരിക്കുന്നു. നായാട്ടിലുള്ള അതിരററ രസംകൊണ്ടു നേരം വൈകുംവരെക്കും മൃഗങ്ങളെ വേട്ടയാടി നടന്നുകൊണ്ടിരുന്ന ആയാൾ താൻ കൊന്ന മൃഗങ്ങളെയെല്ലാം ഒരു വേടക്കുടിയുടെ മുററത്ത് വലിച്ചിട്ടു വടക്കോട്ടു യാത്രയായി. ആയാൾ തനിക്കു തീരെ പരിചയമില്ലാത്തതും ആപൽഗത്ത്വവുമായ ആ കുന്നിൻെറ വളവും, തിരിവും, ചെരിവും മറിവും, കണ്ടും കുഴിയും വകവെക്കാതെ മുൾപ്പടപ്പുകളും ഇടക്കുഴികളും അലക്ഷ്യമായി കവച്ചുചാടി വടക്കോട്ട് നടന്നുതുടങ്ങി. അദ്ദേഹം വടക്കുഭാഗത്തുള്ള വഴിസ്ഥലത്തിനടുത്തതോടുകൂടി 'അയ്യോ രക്ഷിക്കണേ! എൻെറ പരദേവതേ!,, എന്നൊരു ദീനസ്വരം ചെവിയിൽ വന്നലച്ചു. യുവാവ് നാലുഭാഗവും തിരിഞ്ഞും മറിഞ്ഞും നോക്കി. ആയാൾ തോളിൽ തൂക്കിയ വില്ലെടുത്ത് ഞാൺ വലിച്ചുകെട്ടി. ആവനാഴിയിൽനിന്നു ഒരു ശരവും വലിച്ചെടുത്തു. ആ ശബ്ദംകേട്ട ഭാഗത്തേക്കു ഘനമായ കാൽവെപ്പോടുകൂടി ത്വരിതഗതിയിൽ നടന്നു. ഒരു യുവതിയുടെ നേർക്ക് ഒരു കരിമുട്ടിപോലെ കറുത്ത ഒരു ഭീമകായൻ ഓടിയണയുന്നതാണയാൾ കണ്ടത്. ആ ദയനീയസ്വരം പ്രാണഭയത്തോടെ വിറച്ചുനില്ക്കുന്ന ആ സാധുയുവതിയുടേതായിരുന്നു.

"ഹ്! പരവസ! ഓൻെറ തലമണ്ട! ബായിങ്ങ്! കുറേരായി വായ്യാരം പറേന്ന്"

ബീഭത്സമായ തൻെറ കറുകറുസ്വരത്തിൽ ഇത്രമാത്രം ഗർജ്ജിക്കാനെ ആ അക്രമിക്കു അവസരം കിട്ടിയുള്ളൂ. അപ്പോഴക്കും അവൻെറ വലിയ പാളത്തൊപ്പി തട്ടിതാഴെവീണു ഭയങ്കരമായ ഫൂൽക്കാരത്തോടെ ഒരമ്പു അവൻെറ തലക്കുമീതെ പറന്നുപോയി. അവളെ പിടിക്കാൻ നീട്ടിയ കയ്യിന്മേൽ ഒന്നായി രണ്ടമ്പുകൂടി പെട്ടെന്നു വന്നു തറച്ചു. ആ ഭീമകായൻ ഒടടാ ഓട്ടം, അത് വരെ പറഞ്ഞിരുന്ന വമ്പും അവൻെറ ഇരുമ്പുപോലെയുള്ള ഉഗ്രസ്വരൂപവും കാററിലെ പഞ്ഞിപോലെ എവിടേയോ പോയി മറഞ്ഞു. യുവതിയുടെ പരിഭ്രാന്തങ്ങളായ നയനങ്ങൾ അല്പസമയത്തിന്നിടക്കു പരിസരപ്രദേശത്തെ പരിശോധിച്ചു. പെട്ടെന്നു അവിചാരിതമായി അവളുടെ മുമ്പിൽ ഒരു യുവാവു പ്രത്യക്ഷപ്പെട്ടു. യുവതി അത്ഭുതവും പരിഭ്രമവും ആശ്വാസവും കൂടിച്ചേർന്നു എന്തുചെയ്യേണ്ടു എന്നറിയാതെ നിലവായി. അവളുടെ കുടക്കണ്ണു നന്ദിപൂർവ്വം ആയാളുടെ ശരീരദാർഢ്യത്തേയും അംഗസൌഷ്ഠവത്തെയും വിമർശിച്ചു. തൻെറ അഭിമാനവും ചാരിത്ര്യവും കടപ്പെട്ടത് ഒരു കുലീനനായ പുരുഷകേസരിക്കാണ് എന്നു അവൾ നിഷ്പ്രയാസം മനസ്സിലാക്കി. ആ വീരപുരുഷനോടുള്ള തൻെറ അളവററ നന്ദി എങ്ങിനെ വെളിപ്പെടുത്തണമെന്നറിയാതെ യുവതി വല്ലാത്ത പരുങ്ങലിലായി. കഴി

ഞ്ഞുപോകുന്ന ഓരോനിമിഷത്തിലേയും അനൌചിത്യത്തെ അവളുടെ ഹൃദയസ്പന്ദനം നിർദ്ദയമായി അവളെ ഓർമ്മപ്പെടുത്തി. അവളുടെ ഈറൻപുടവചുററി തണുത്തു വിറക്കുന്ന സുവർണ്ണാംഗയഷ്ടിയും, നനഞ്ഞുലഞ്ഞുഅഴിഞ്ഞുവീണ തലമുടിയും, യുവാവിൻെറ നയനങ്ങളുടെ നിഷ്കർഷാപൂർവ്വമുള്ള പരിശോധനക്കു പാത്രമായി. അടുത്തുള്ള മരങ്ങളുടെ നീലച്ഛായയോടിടചേൎന്ന് കരിരുട്ടു അവിടെയെങ്ങും വ്യാപിച്ചു. സമയം വഴുകുന്നു എന്നുകണ്ടു ചന്തു പണിപ്പെട്ടു തൻെറ മൌനപരീക്ഷയിലെ പരാജയത്തെ വെളിപ്പെടുത്തി.

"നേരം ഇരുട്ടുന്നല്ലോ അസമയത്തു് ഈ കാട്ടിൽ വന്നുപെട്ടതിൻെറ കാരണം അറിഞ്ഞാൽ കൊള്ളാം"

യുവതി മുഖമുയർത്തി മറുപടിപറയാൻ ധൈര്യപ്പെട്ടു. ആ രണ്ടുകണ്ണുകളും തമ്മിൽ കൂട്ടിമുട്ടി.

യു—"ഞാൻ അടുത്ത അമ്പലത്തിൽ തൊഴാൻ പോയിരുന്നു. നേരം ഇത്ര വൈകിയതു് ഓർമ്മിച്ചില്ല"

ച:—"വിരോധമില്ലെങ്കിൽ ഞാൻ കൂടി വീട്ടിലോളം പോരാം. കണ്ടതെണ്ടികളുടെ ഉപദ്രവം ഇനിയും സൂക്ഷിക്കണമല്ലോ.

യു:—നിങ്ങളുടെ ദയക്കു വളരെ വന്ദനം, നിങ്ങളാരാണെന്നറിവാൻ എനിക്കാഗ്രഹമുണ്ടു്.

ച:—എൻെറ പേരു് ചന്തു. പടവീട്ടിൽ മരിച്ചുപോയ കോമക്കുറുപ്പിൻെറ മരുമകൻ.

യുവതി പെട്ടന്നു് പരിഭ്രമപൂർവ്വമായ ഒരു കിടുകിടുപ്പോടെ രണ്ടുമൂന്നടി പിന്മാറി. മുഖത്തു് കുത്തിയാൽ ഒരൊററത്തുള്ളി ചോരയില്ലാതായി. ചന്തു അവളുടെ ഭാവഭേദം കണ്ടു അത്ഭുതപ്പെട്ടു.

ച:—എന്താ—എന്താ നിങ്ങൾക്കൊരു വല്ലായ്മ?

യു:—അപ്പോൾ—നിങ്ങളാണു് പടവീട്ടിൽ ചന്തു അല്ലെ.

ച:—അതെ!

യു:—എൻെറ പരദേവതേ!

ച:—(അത്ഭുതത്തോടെ) എന്താതു്?

യു:—ഒന്നുമില്ല. (അവൾ ഈറൻ പുടവയുടെ തുമ്പുകൊണ്ടു് തൻെറ വിയർത്തമുഖം തുടച്ചു ആ യുവാവിനെ ആപാദചൂഡം ഒന്നു നല്ലവണ്ണം നോക്കി) ഒന്നുമില്ല. എൻെറ മാനവും മഹിമയും കണ്ടവൻെറ കയ്യിലാവാതെ രക്ഷിച്ച ആൾ ആൾ ആരായാലും—(അവൾ ഒരു നെടുവീൎപ്പോടെ തുടൎന്നുപറഞ്ഞു) അയാളെ ഞാൻ മരിച്ചാലും മറക്കില്ല. ദയവിചാരിച്ചു വേഗം മടങ്ങിപ്പോണം.

ച:—(മന്ദഹസിച്ചുകൊണ്ട്) വരട്ടെ നില്ക്കിൻ. നിങ്ങളെനിക്കൊരു നന്ദിപോലും പറഞ്ഞില്ല. പിന്നെയിത്ര ബദ്ധപ്പെട്ടുപോവുകയുമാണ്.

യു:—ഇല്ല. സമയമില്ല. എന്റെ ആങ്ങളമാർ എന്നെ അന്വേഷിച്ചു ഇപ്പോഴെത്തും.

ച:—വളരെ നല്ലത്. അവരെങ്കിലും എന്നോടൊരു നന്ദിവാക്കു പറയുമായിരിക്കാം.

യു:—ഇല്ല. അത് നിങ്ങളാശിക്കണ്ട.

ച:—എന്താണത്?

യു:—എന്റീശ്വരാ! നിങ്ങളുടെ നേക്കു കുടിപ്പകയുള്ള ഒരു തറവാട്ടിലെ പെൺപിറപ്പിന്റെ അഭിമാനമാണ് നിങ്ങളിന്നു രക്ഷിച്ചത്. ആ പാലുതന്ന കൈക്കു വിഷമേല്പിക്കാൻ മടിക്കുന്നവരല്ല എന്റെ ആങ്ങളമാർ.

പടവീട്ടിൽ ചന്തു ആലോചനാപൂർവ്വം ഒന്നു പുഞ്ചിരിക്കൊണ്ടു. അയാൾക്കു കാര്യം മനസ്സിലായി.

ച:—ഇല്ല. നിങ്ങൾ വിചാരിക്കുംപോലെ ഞാനൊരു പോരിന്നുപോരാത്തവനല്ല. എനിക്കെന്നെ രക്ഷിക്കാൻ കഴിയും.

യു:—ആട്ടെ. കടന്നൽക്കൂട്ടിൽ കയ്യിടുംപോലെയല്ല കുട്ടവാളക്കൂട്ടിൽ തലയിടുന്നത്

ച:—വലയിൽ കുടുങ്ങിയാലും സിംഹം സിംഹംതന്നെയാണ്.

യു:—ആയിരിക്കാം. പക്ഷെ കുണ്ടിൽ വീണ ആന മരം വലിക്കേണ്ടിവരും. അതിരിക്കട്ടെ. മടങ്ങണം ഞാൻ പോവുന്നു!

ച:—ആട്ടെ. നിങ്ങളുടെ പേര്?

യു:—"കുങ്കമ്മ" നിങ്ങൾ മടങ്ങുന്നില്ലേ?

ച:—തീരെ ഒരു ചാർച്ചയോ വേഴ്ചയോ ഇല്ലാത്ത എന്റെ കാര്യം ആലോചിച്ചു നിങ്ങളെന്തിനു ബുദ്ധിമുട്ടണം?

യു:—ചാർച്ചയും വേഴ്ചയും! എന്നെ "നിങ്ങൾ" എന്നു വിളിക്കുന്നത് എനിക്കിഷ്ടമില്ല.

ച:—പിന്നെ പേരും പെരുമയുമുള്ള തറവാട്ടിലെ പെൺപിറന്നവരെ ഞാനെന്തു വിളിക്കണം.

യു:—പേര് വിളിച്ചാൽ ധാരാളം.

ച:—ഏത് നിലയിൽ?

യു:—ഏതുനിലയിലും.

ച:— വെളിവായി പറയണം.

യു:—എനിക്കു സമയം വൈകി ഞാൻ പോകുന്നു.

ച:—എനിക്കു ആശക്കു വഴിയുണ്ടോ?

യു:—ഈ സ്ഥലംതന്നെ അല്ലാതിരുന്നാൽ അപകടം.

ഇത്രയും പറഞ്ഞു യുവതി ബദ്ധപ്പെട്ടുപോയി. ചന്തു അല്പനേരം അവിടെത്തന്നെ നിന്നു. ഒടുവിൽ അവളുടെ കാലടികളെ കഴിയുന്നത്ര അനുഗമിച്ച കണ്ണുകളെ പണിപ്പെട്ടു മടക്കിയെടുത്ത് തിരിഞ്ഞുനടന്നു. ദിങ്മുഖം അയാളുടെ മൌഢ്യഭാവത്തിൽ അനുശോചിച്ചു കറുത്തിരുന്നുവെങ്കിലും കാറായ തിരശ്ശീല നീക്കി അന്തരീക്ഷമായ രംഗത്ത് പ്രവേശിച്ച ബാലചന്ദ്രനായ നടൻ നമ്മുടെ നായകനെ നോക്കി പരിഹാസപൂർവ്വം പുഞ്ചിരി തൂകിയിരുന്നു.

ഇടത്തിൽ കുറുപ്പന്മാരും പടവീട്ടിൽ കുറുപ്പന്മാരും തമ്മിൽ പണ്ടേക്കുപണ്ടേ ഉണ്ടായിരുന്ന കുടിപ്പക പടവീട്ടിൽ ചന്തുവിന്റെ ജനനത്തോടുകൂടി ബലപ്പെട്ടു വന്നിരിക്കയാണു. ഇടത്തിൽക്കാൎക്കു പടവീട്ടിൽ ആണായിട്ടൊരുത്തൻ പിറന്നു എന്ന് കേൾക്കുന്നത് കണ്ണശല്യമായിരുന്നു. അധികം കാലമായി അവിടെ ഒരു പുരുഷപ്രജ ഉണ്ടാകാതിരുന്നതിനാൽ തന്മൂലമുള്ള മത്സരവും ഒട്ടൊന്നു തണുത്തിരിക്കയാണു. ചന്തുവിന്റെ ആവിർഭാവത്തോടുകൂടി അണഞ്ഞുകിടന്നിരുന്ന ആ തീയ്യ് പാളിക്കത്താൻ തുടങ്ങി. ചന്തു ജനിച്ച ആ നിമിഷത്തിൽ വയസ്സായി മൂത്തുനരച്ച കാരണവര് കോമക്കുറുപ്പ്, ജനിച്ച കുട്ടി പെണ്ണാണെന്നു പറഞ്ഞു പരസ്യപ്പെടുത്തി സ്വകാര്യമായി മതിലൂർ ഗുരുക്കളെ ആളയച്ചു വരുത്തുകയും കുട്ടിയെ ശത്രുക്കൾക്കിരയാകാതെ പതിനാറു വയസ്സുവരെ വളർത്തേണ്ട ഭാരം ആയാളെ ഏല്പിക്കുകയും ചെയ്തു. കായികാഭ്യാസത്തിന്റെ കേളീരംഗമായ മതിലൂർ ഗുരുകുലത്തിലെ വാസം ചന്തുവിന്റെ ജന്മസിദ്ധമായ അരോഗദൃഢഗാത്രത്തേയും അഭ്യാസനൈപുണ്യത്തേയും ധൈര്യത്തേയും അമിതമായും ഉപയോഗപ്രദമായും ഉജ്ജ്വലിപ്പിച്ചു. ഇങ്ങിനെ പ്രായവും പ്രാബല്യവും പൂർത്തിയായതിനുശേഷമാണ് പടവീട്ടിലെ ഏകപുരുഷസന്തതി ലോകസമക്ഷം പ്രത്യക്ഷപ്പെട്ടത്. മുളയിൽ നുള്ളാൻ കഴിയാതിരുന്ന ആ വൈരതരു കൊമ്പും കവരും പടർന്നുപിടിച്ച ആനയെപ്പോലും തളക്കത്തക്കവിധം തനിക്കുതാൻ പോന്ന മരമായിത്തീൎന്നതിൽ ഇടത്തിലെ കാരണവരായ കുങ്കക്കുറുപ്പും അഭിനവമേഘനാദന്മാരായ അനന്തിരവന്മാരും എന്തെന്നില്ലാതെ മൊഞ്ഞികറുപ്പിച്ചു. എന്നാൽ ചന്തുവിന്റെ സുശിക്ഷിതമായ ധൈര്യപരാക്രമങ്ങളുടെ മാറ്റുരച്ചുനോക്കാൻ കരൾക്കരുത്തും കരക്കരുത്തുമില്ലാതെ ഇടത്തിൽക്കാർ തരംനോക്കി കാത്തിരിക്കയാണ്.

(തുടരും) ശ്രീമതി, കടത്തനാട്ട് കെ മാധവി അമ്മ.

# കൈരളീപ്രാർത്ഥന.

(സാഹിത്യപരിഷത്ത് നാലാം യോഗം.)

1. പ്രഭാതസൂര്യപ്രഭയും, കിഴക്കെഴും—
വിഭാവരീനീലഗിരിപ്രകാശവും;
സ്വ"ഭാഷ"യായ് ചേർത്തിമിനുക്കി നിത്യസു—
സ്വഭാവയായ് കൈരളി മിന്നിടുന്നുതേ.

2. അഗസ്ത്യസന്ദേശവിളംബരത്തിനാ—
ത്യഗാധതാത്യുന്നതിരണ്ടുമെന്നിയേ;
അഗമ്യമിസ്സഹ്യനു, മെത്തുസിന്ധുവും
സുഗമ്യഭൂവാം"മലയാള"മായിതേ.

3. അലംഘ്യവീര്യത്തൊടു നാളികേരസ—
ൽഫലംപെറും ചാരു"രസ"ക്കൊഴുപ്പൊടും;
ഫലംവിനാസൽഗ്ഗുണ"ശാലി"ക്കൂജന—
ച്ചിലമ്പൊടും കൈരളികേളിചെയ്കയാം.

4. അമാനുഷക്രീഡതുടർന്നു കന്യയാം—
കുമാരിയാം ദക്ഷിണസിന്ധുവിൻതടേ;
സ്വമാതൃഭാഷക്കു കലർപ്പുചേർത്തിടാ—
തമായമായ് കാത്തു വളർത്തിനില്ക്കയാം.

5. പദേപദേസർവ്വ"പദാർത്ഥ"ഭുക്തിസ—
ന്മുദേമൃദുസ്വാദുതരം ചമക്കുവാൻ;
സ്വദേഹ"ലാവണ്യ"മിടക്കു പശ്ചിമ—
പ്രദേശമിസ്സിന്ധുവണച്ചുനില്ക്കയാം.

6. വടക്കുഗോകർണ്ണ'ശിവനുപത്ഥ്യമായ്'
പടർന്നകർണ്ണാടക"നാടക"ത്തിലും;
ഇടംപിടിച്ചുൽബണകിങ്കിണീസ്വനോ—
ൽഭടംകളിപ്പൂ കളവാണികൈരളി.

7. തെളിഞ്ഞമൂകാംബികതൻ കടാക്ഷമാം—
കളിന്ദകന്യാനദിഗോപികൾക്കുപോൽ
കളിപ്പതിന്നായ് വിലസുന്നുനീണ്ടു കൈ—
രളിക്കണച്ചും "മധുമാഥിസല്പദം."

8. ഭുവിപ്രസിദ്ധ! ഭൃഗുരാമശക്തിയാം—
സവിത്രിതാൻപെറെറാരു കേരളക്ഷ്മേ!
പവിത്രസത്വേ! ഭവതിക്കു ധന്യരാ—
യവിഘ്നവീര്യോൽക്കടർ മക്കൾമിക്കതും.

9. ചെറുപ്പകാലംമുതലീഭവത്സ്തനം
ചുരത്തിടുംപാലുനുകന്നു നന്ദനർ;
കരുത്തുകൂട്ടിക്കൃതികാമധേനുവേ
കറന്നുവെച്ചു വിവിധംനിറക്കുടം.

10. ശിശുക്കളാം ഞങ്ങളഹോ! നിനക്കിലാ-
വിശുദ്ധ"വംശസ്ഥ"രഭിന്നരെങ്കിലും;
നിശാന്ധകാരത്തിലുഴന്നിരിക്കയാൽ
പ്രശാന്തമപ്പൊൻനിധിയിൽ പരാങ്മുഖർ.

11. ബുദ്ധസൂര്യനൊരുകാലമസ്തമി-
ച്ചിദ്ധരാതലമുഴന്നിരിക്കവെ;
ഉദ്ധതാന്ധതിമിരത്തിൽനിന്നു പ-
ണ്ടുദ്ധരിച്ചൊരുദയാദ്രികൈരളി.

12. കേരളത്തിലുളവായൊരാപ്രഭാ-
താരുണന്റെ കിരണങ്ങളല്ലയോ;
ഭാരതത്തിലവികല്പസല്പദ-
ശ്രീരതക്കു വലുതായ സല്പഥം.

13. ആ ഹിമാദ്രിയുടെ ഗഹ്വരത്തിലെ-
സാഹിതിക്കു പുതുജീവനേകിയും;
ദേഹികൾക്കുസുധയായ ശാങ്കരീ-
മാഹിതിക്കതിനു കൈതൊഴാം സദാ.

14. ദ്രാവിഡാദ്യഖിലഭാഷകൾക്കുമീ-
ഭൂവിലേകജനയിത്രിയെങ്കിലും;
ദേവഭാഷ, ബഹുമെച്ചമാം മഹ-
സ്സാവഹിക്കരുളി കൈരളിക്കഹോ!

15. പങ്കമററ "പതിനെട്ടരക്കവി"
ത്തങ്കമാലയണയുന്ന കൈരളീ;
അങ്കസീമനി"യരക്കവി"ക്കൃതി-
പ്പെങ്കിടാവിനെയണച്ചുപുൽകയാം.

16. ദണ്ഡപാണി കുകവിവ്രജത്തിനു-
ദ്ദണ്ഡശാസ്ത്രി ശുഭദേവഭാഷയേ;
തിണ്ണമിങ്ങരുൾകിലും, സ്വഭാഷയാം-
പെണ്ണതേവഴി വരാതിരിക്കുമോ.

17. കണ്ണപാളികളിരുംവിധത്തിലാ-
വണ്ണനീയകവിചൊന്ന സൽകൃതി;

വിണ്ണവർക്കുമതിവിസ്മയപ്രദം
കണ്ണനുള്ള കളവേണുഗാനമോ

18. നെഞ്ചലിച്ചഥ വിരിഞ്ചപത്നിതൻ-
പഞ്ചലൽകരവിപഞ്ചികാരവം;
തുഞ്ചനുള്ള കിളിപൊന്ന കൊഞ്ചലിൽ
സഞ്ചരിപ്പിതമൃതപ്രവാഹമായ്.

19. സ്വച്ഛമാക്കി മുഴുമേനി കൈരളി-
ക്കിച്ഛപോലെ ഭഗവൽകഥാഗതി;
മെച്ചമായ മണിമാലയായെഴു-
ത്തച്ഛനേകി മകളിൽകണക്കിനെ.

20. ധ്വാന്തദൃഷ്ടഹരി ഭട്ടപാദനും
മാനനീയകവിയാക്കിവെച്ചൊരാൾ;
ഗാനമാധുരിയിൽ മെച്ചമാർന്ന പൂ-
ന്താനമോർക്കിൽ മധുരം മധുവ്രതം.

21. 'വേഷനർത്തനകഥാ'രസം, വെറും-
ഭാഷയായ പല 'തുള്ള'ലീവിധം;
തോഷമേകിവിവിധം "രഥോദ്ധതാ-"
ഘോഷയാത്ര തുടരുന്നു കൈരളി.

22. "സന്ദേശം" പല 'നാടക'ങ്ങളിവയാൽ
ഗീർവ്വാണനിശ്രേണിയേ
സ്വംദേശത്തെനയിച്ച നല്ലഭിനവ-
ശ്രീകാളിദാസന്റെയും;
കുന്ദേന്ദുച്ഛവികീർത്തിനേടിയ നവ-
വ്യാസന്റെയുംപ്രൌഢി നി-
സ്സന്ദേഹം കവിജാഡ്യ"മാർഗ്ഗ"പടലീ-
ശാർദ്ദൂലവിക്രീഡിതം.

(തുടരും) കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.

---

# അർത്ഥാലങ്കാരനിരൂപണം (തുടർച്ച)

"ഇവനാലിങ്കലേതാനുമൊന്നിനോരണ്ടിനോതഥാ
മൂന്നിനോലോപമുണ്ടെങ്കിലതുലുപ്തോപമാഖ്യയാം" 2

ഉപമയ്ക്കു ഉപമേയം, ഉപമാനം, സാധാരണ ധർമ്മം, വാചകം എന്നിങ്ങനെ നാലംശങ്ങളുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ; അവയിൽ ഒ

ന്നോ, രണ്ടോ, മൂന്നോ അംശങ്ങൾ ശബ്ദംകൊണ്ടു നിർദ്ദേശിക്കാതിരുന്നാൽ ആയതു ലുപ്തോപമയെന്ന ഉപമാഭേദമാവും. ഇതിനെ ഏകലുപ്ത, ദ്വിലുപ്ത, ത്രിലുപ്ത എന്നിങ്ങനെ സാമാന്യമായി മൂന്നുവിധത്തിൽ പിരിക്കാം. അതിൽ, ഏകലുപ്തയിൽ—ഉപമാനലുപ്ത, ധർമ്മലുപ്ത, വാചകലുപ്ത എന്നു മൂന്നു ഭേദം; ദ്വിലുപ്തയിൽ, ധർമ്മോപമാനലുപ്ത, ധർമ്മവാചകലുപ്ത എന്നു രണ്ടു ഭേദം; (വാചകോപമേയലുപ്ത, സംസ്കൃതത്തിലെ സംഭവിക്കൂ; വാചകോപമാനലുപ്തയെന്നൊരു ഭേദവും സംസ്കൃതത്തിൽ ദുർല്ലഭമായിക്കാണാം.) ത്രിലുപ്തയിൽ, ധർമ്മോപമാനവാചകലുപ്തയെന്നൊരു ഭേദമേ ഉള്ളു. ഇങ്ങനെ ഭാഷയ്ക്കു യോജിച്ചതായ ലുപ്താഭേദം 6 എണ്ണം മാത്രമാകുന്നു. സംസ്കൃതത്തിലാകട്ടെ, വാചകോപമേയലുപ്തയും, വാചകോപമാനലുപ്തയുംകൂടി 8 വിധം ഉണ്ടെങ്കിലും അവ രണ്ടും ഭാഷയ്ക്കു യോജിച്ചതല്ലായ്കയാൽ നമുക്കു ഗണിച്ചിട്ടാവശ്യമില്ല. ഭാഷയിൽ വരുന്ന 6 എണ്ണവും യഥാക്രമം ഉദാഹരിക്കാം. അവയിൽ—

ഏകലുപ്തയിൽ ഉപമാനലുപ്തക്കു ഉദാഹരണം.

"അലയുന്നതിനാലേവം ഫലമെന്തെൻെറ ഭൃംഗമേ,
ഹാ! ലഭിക്കാ നിനക്കെങ്ങും മാലതിക്കൊത്ത രമ്യയെ" (സ-)

ഇതിൽ മാലതീലത ഉപമേയം, 'ഒത്ത' എന്നതു വാചകം, രമ്യത്വം സാധാരണ ധർമ്മം, ഉപമാനം പറഞ്ഞിട്ടില്ല. പക്ഷെ, രമ്യാശബ്ദം, രാമണീയകത്തോടുകൂടിയതു എന്നിങ്ങനെ ധർമ്മിയെ സാമാന്യമായി ബോധിപ്പിക്കുന്നുണ്ടെങ്കിലും അതിനെ വിശേഷിച്ചു ശബ്ദംകൊണ്ടു നിർദ്ദേശിച്ചിട്ടില്ലായ്കയാൽ ഉപമാനലുപ്തതന്നെ. ഇവിടെ മാലതിയെപ്പോലെ രമണീയയായ മറെറാന്നിനെ നിനക്കു ലഭിക്കുകയില്ലെന്നല്ലാതെ മാലതിക്കു സദൃശയായി ലോകത്തിൽ മറെറാന്നുംതന്നെ ഇല്ലെന്നു പറഞ്ഞിട്ടില്ലായ്കയാൽ സദൃശവസ്തുലാഭത്തെയല്ലാതെ സാദൃശ്യം നിഷേധിച്ചിട്ടില്ലാത്തതുകൊണ്ടു മേലേ പറയാൻപോകുന്ന അസമാലങ്കാരമാണെന്നു ആശങ്കിപ്പാനും അവകാശമില്ല. ധർമ്മലുപ്തക്കു—

"ഓരോന്നോതിയുറങ്ങവാനിവളയച്ചീലെന്നെയെന്നമ്മ,നി-
ന്നാരോമൽസ്സഖിമാരൊടൊന്നുകളിയായ് ഞാനന്നുരച്ചീടുവ,
നീരോഷത്തൊടപത്രപാവിവശയായ്ത്തെല്ലുന്മിഷത്തായ ചെ-
ന്താരോടൊത്തൊരുകണ്ണെറിഞ്ഞതധുനാകൊല്ലാതെകൊല്ലുന്നമാം."
(പ്രണയവിലാസം സ-)

ഇതിൽ തെല്ലുന്മിഷത്തായ ചെന്താർ, ഉപമാനം; കണ്ണു, ഉപമേയം; 'ഒത്ത' എന്നതു വാചകം; രക്തത്വം ക്രൂണിതത്വം മുതലായ സാധാരണധർമ്മം പറഞ്ഞിട്ടില്ല.

വാചകലുപ്തയ്ക്കു—

"രംഭോരു, സത്യമന്യാ സംഭോഗംകൊണ്ടു നാഠംകഴിക്കുന്നു
ദംഭോളികഠിനമാനസനംഭോജാസ്യൻ തവപ്രിയൻ മൂഢേ" (സ്വ)

ഇതിലെ "ദംഭോളികഠിനമാനസൻ" എന്ന ഉപമയിൽ ദംഭോളിപോലെ കഠിനം എന്നിങ്ങനെ ഉപമാവാചകം പ്രയോഗിച്ചിട്ടില്ല. ദ്വിലുപ്തയിൽ, ധൎമ്മോപമാനലുപ്തയ്ക്കു—

"അലയുന്നതിനാലേവം ഫലമെന്തെൻറ ഭൃംഗമേ,
ഹാ! ലഭിക്കാ നിനക്കെങ്ങും മാലതിക്കുസമാനയെ" (സ്വ)

മാലതിക്കു സമാനയെ എന്നതിൽ 'മാലതി'എന്ന ഉപമേയവും 'സമാന'എന്ന ഉപമാവാചകവും മാത്രമേ ഉള്ളൂ. സാധാരണ ധൎമ്മവും ഉപമാനവുമില്ല

ധൎമ്മവാചകലുപ്തയ്ക്കു—

"രംഭോരു, സത്യമന്യാ സംഭോഗംകൊണ്ടു നാഠംകഴിക്കുന്നു,
ദംഭോളികഠിനമാനസനംഭോജാസ്യൻ തവപ്രിയൻ മൂഢേ"

ഇതിലെ, രംഭോരു, അംഭോജാസ്യൻ എന്നിവയിൽ, 'പോലെ' മുതലായ വാചകമാവട്ടെ, മനോജ്ഞത്വം മുതലായ സാധാരണധൎമ്മമാകട്ടെ നിൎദ്ദേശിച്ചിട്ടില്ല.

ധൎമ്മോപമാനവാചകലുപ്തയെന്ന ത്രിലുപ്തയ്ക്കു—

"ഈമട്ടിലൊട്ടനയകോവിദയായിട്ടന്നോ-
രാമഞ്ജുഭാഷിണിയുടൻപറഞ്ഞമൂലം,
കാമംവിധേയമതിയായവൻ; ഈവകയ്ക്കു
സാമൎത്ഥ്യമേണമിഴിമാൎക്കു നിസൎഗ്ഗസിദ്ധം" (ഒരു സ്വപ്നം സ്വ)

എണത്തിൻെറ മിഴിപോലെയുള്ള മിഴിയോടു കൂടിയവൾ എന്നൎത്ഥമായ എണമിഴിശബ്ദത്തിലുള്ള ഉപമയിൽ ഉപമാനവും വാചകവും സാധാരണ ധൎമ്മവുമില്ല. 'എണമിഴി'യിലെ മിഴി എന്നതു ഉപമേയമാണ്. ഉപമാനമാകട്ടെ എണത്തിൻെറ മിഴിയാണ് എണമല്ല; ആകയാൽ ഉപമാനത്തിന്നു ലോപം, അതുപോലെതന്നെ'പോലെ' എന്ന വാചകവുമില്ല, മനോജ്ഞത്വാദി സാധാരണധൎമ്മവും പറഞ്ഞിട്ടില്ല. ഇങ്ങിനെ മൂന്നംശങ്ങളും ശബ്ദോപാത്തമല്ലായ്കയാൽ എണമിഴി എന്നതു ത്രിലുപ്തയായ ധൎമ്മോപമാനവാചകലുപ്തയ്ക്കു ഉദാഹരണമാകുന്നു. ഇപ്രകാരം ലുപ്തോപമയ്ക്കു ഭാഷയിൽ 6 ഭേദങ്ങൾ വരുന്നതാണ്. എന്നാൽ ദ്വിലുപ്തയിൽ, വാചകോപമേയ ലുപ്തയെന്നൊരു ഭേദംകൂടി സംസ്കൃതത്തിൽ കാണുമെങ്കിലും അതു "ഉപമാനാദാചാരെ" എന്ന സൂത്രംകൊണ്ടു വിധിച്ചിരിക്കുന്ന 'ക്യച്' പ്രത്യയവിശിഷ്ടങ്ങളായ ഇന്ദ്രിയതി

(അത്മാവിനെ ഇന്ദ്രനെപ്പോലെ ആചരിക്കുന്നു) വധൂയതി (ആത്മാവിനെ വധുവിനെപ്പോലെ ആചരിക്കുന്നു) ഇത്യാദിയിൽ മാത്രമാകയാൽ ഇവിടെ ഗണിച്ചിട്ടില്ല.

അഥവാ—

"ലോകൈകസുന്ദരനഹോ വിലാസവിഭവങ്ങളാൽ
മന്മഥീയിതവാനെൻെറ നാഥനെന്നൊത്യജിച്ചുവോ?" (സ-ചാ)

മന്മഥീയിതവാൻ=ആത്മാവിനെ മന്മഥനെപ്പോലെ ആചരിച്ചവൻ എന്നിങ്ങിനെ കൃച് വിശിഷ്ടമായ 'തവതു' പ്രത്യയാന്തത്തിലോ മററൊ ഉദാഹരിക്കാമെങ്കിലും ഈവകയൊന്നും ഭാഷയ്ക്കു തീരെ യോജിക്കാത്തതാകയാൽ ഉപേക്ഷിക്കയാണ് ഉചിതം.

എന്നാൽ ഭാഷാഭൂഷണത്തിൽ,

"ഉല്ലസിച്ചൊരു വിലാസഭംഗിയതുകൊണ്ടുമന്മഥവധൂയതി"

എന്ന് ഉദാഹരിച്ചുകൊണ്ട് 'ഉപമേയലുപ്ത' 'ധർമ്മോപമേയലുപ്ത'എന്നു ഉപമേയലോപമുള്ള രണ്ടു വകഭേദം സംസ്കൃതത്തിൽ വരുമെന്നു 'സാഹിത്യദപ്പ്'ണത്തെ അനുസരിച്ചു പറഞ്ഞിരിക്കുന്നുവെങ്കിലും മററുള്ള ആലങ്കാരികന്മാരൊന്നും സാഹിത്യദപ്പ്ണകാരൻെറ അഭിപ്രായത്തോടു യോജിച്ചു കാണായ്കയാൽ അതു അത്ര കാര്യമാക്കാനില്ലെന്നാണു തോന്നുന്നതു. അവരുടെ അഭിപ്രായം, 'മന്മഥവധൂയതി' എന്നതിലെ 'യക്' പ്രത്യയം 'ഉപമാനാദാചാരേ' എന്ന സൂത്രംകൊണ്ട് ആചാരാത്ഥത്തിലാണ് വിധിച്ചിരിക്കുന്നതു; ആചാരമാകട്ടെ ധമ്മമല്ലാതെ സാദൃശ്യമാവുകയില്ല, ഈ സ്ഥിതിക്കു യക് പ്രത്യയം ധമ്മവാചകമാണെന്നല്ലാതെ ഉപമാവാചകമാണെന്നു പറയുന്നതെങ്ങിനെ? പ്രകൃതത്തിലാകട്ടെ ആ ആചാരം വിലാസഭംഗിതന്നെ, എങ്കിലും വിലാസഭംഗിയെന്നു വീണ്ടും പ്രയോഗിച്ചിരിക്കുന്നതു സ്പഷ്ടപ്രതിപത്തിക്കായിട്ടാണെന്നേയുള്ളൂ. ആകയാൽ ഈവകയൊക്കെയും വാചകോപമേയലുപ്തതന്നെ'യെന്നാണ്. പക്ഷെ സാഹിത്യദപ്പ്ണകാരന്നു അനുകൂലമായും ചില യുക്തികളില്ലെന്നില്ല. എങ്കിലും ഭൂരിപക്ഷസമ്മതത്തെ ആശ്രയിച്ചാണ് ഇവിടെ വാചകോപമേയലുപ്തയെന്ന ഒരേ ഭേദമേ ഉള്ളുവെന്നു പറഞ്ഞിരിക്കുന്നതു. വാസ്തവമാലോചിച്ചാൽ ഉപമേയവാചകലുപ്ത ധമ്മോപമേയവാചകലുപ്ത എന്നീ രണ്ടു വക ഭേദമാണ് കൃച് പ്രത്യയസ്ഥലങ്ങളിൽ കാണുന്നതെന്നു പറയുന്നതായിരിക്കും ഉചിതം. ഏതായാലും ഭാഷയ്ക്കു വിഷയമല്ലാത്തതിനാൽ അതൊന്നും ഇവിടെ വിസ്തരിക്കുന്നില്ല.

ഇതുകൂടാതെ ധർമ്മലുപ്തയിൽ വാചകോപമാനലുപ്തയെന്നൊരു ഭേദംകൂടി വരാമെന്നു ദീക്ഷിതർ അഭിപ്രായപ്പെടുകയും 'കാകതാലീയ' ശബ്ദത്തിൽ അതിനെ ഉദാഹരിക്കയും ചെയ്യുന്നുണ്ടു. അതായതു—

"കാകതാളീയമാം ദൈവാലഹോ! തീവണ്ടിവന്നതും
കുറുക്കെപ്പാഞ്ഞതും കള്ളൻ ഹതിയേററുമരിച്ചതും" (സ്വ)

ഇവിടെ, കാകതാളീയമെന്നതിൽ സമാസവിഷയമായ കാകശബ്ദവും താള (പനമ്പഴം) ശബ്ദവും തത്തദ്വാച്യമായ കാകാഗമനത്തേയും താളപതനത്തേയുമാണ് ബോധിപ്പിക്കുന്നതു. കാകാഗമനമിവ താളപതനമിവ (കാകാഗമനംപോലെ താളപതനംപോലെ) എന്നു സാദൃശ്യാർത്ഥത്തിൽ 'കാകതാളം' എന്നിങ്ങിനെ 'സുപ്സുപാ' (സുബന്തം സുബന്തത്തോടു സമാസിക്കുന്നു) എന്നു സമാസം. 'ഛ'പ്രത്യയവിധായക സൂത്രത്തിൻെറ അർത്ഥമാലോചിച്ചാൽ ഇപ്രകാരം ഒരു സമാസം സ്വീകരിക്കാതെ നിവൃത്തിയില്ലെന്നു വരുന്നു. 'കാകതാളീയ'ശബ്ദത്തിലെ 'ഈയ്' എന്ന ആദേശത്തിന്നു സ്ഥാനിയായ 'ഛ' പ്രത്യയം വിധിക്കുന്ന സൂത്രമാകട്ടെ "സമാസാച്ചതദ്വിഷയിൽ" എന്നുള്ളതാകുന്നു. ഇതിൻെറ അർത്ഥം, ഇവാർത്ഥവിഷയമായ സമാസത്തിൽനിന്നു പരമായി സാദൃശ്യാർത്ഥത്തിൽ 'ഛ' പ്രത്യയം വരും എന്നാണ്. (ഈ 'ഛ' പ്രത്യയത്തിലെ ഛകാരത്തിന്നു പിന്നീടു "ആയനേയിനീയിയഃ ഫഢഖഛഘാം പ്രത്യയാദീനാം" എന്ന സൂത്രംകൊണ്ടു 'ഈയ്' എന്ന ആദേശം വന്നിട്ടാണ് 'കാകതാളീയം' എന്ന രൂപം സിദ്ധിക്കുന്നതു) അതുകൊണ്ടു പ്രകൃതസൂത്രത്താൽ 'ഛ' പ്രത്യയം വരണമെങ്കിൽ, കാകതാളശബ്ദങ്ങൾക്കു മുൻപറഞ്ഞപോലെ സാദൃശ്യാർത്ഥത്തിൽ സമാസം കല്പിക്കേണ്ടതായിരിക്കുന്നു. ഏവഞ്ച കാകതാളമെന്ന് സമസ്തപദത്തിന്ന് കാകാഗമനംപോലെ താളപതനംപോലെ എന്നുതന്നെയാണ് താല്പര്യമെന്നു സിദ്ധിക്കുന്നു. ഈ സ്ഥിതിക്ക്, തീവണ്ടി വന്നതും, കള്ളൻ കുറുക്കെപ്പാഞ്ഞതും ഉപമേയം; കാകാഗമനവും താളപതനവും ഉപമാനം. അതിൽ കാകതാളശബ്ദങ്ങളല്ലാതെ, കാകാഗമനംപോലെയെന്നും താളപതനംപോലെയെന്നും ശബ്ദംകൊണ്ടു നിർദ്ദേശിച്ചുകാണുന്നതുമില്ല. ആകയാൽ സമാസവിഷയവും 'ഛ' പ്രത്യയപ്രകൃതിഭൂതവുമായ 'കാകതാള്' എന്ന ഭാഗത്തിൽ ഉപമാനത്തിന്നും വാചകത്തിന്നും ലോപമുണ്ടെന്നു ധരിക്കണം. ഇങ്ങിനെ പ്രകൃതഭാഗം വാചകോപമാനലോപത്തിന്നു ഉദാഹരണമായിരിക്കുന്നു. ഇതുകൂടാതെ, 'ഫാലഭിക്കാ നിനക്കെങ്ങും മാലതിക്കൊത്ത രമ്യയെ,' എന്നതിൽ എടുത്തുകാണിച്ചിരിക്കുന്ന ഉപമാനലോപവും, 'കാകതാളീയം' എന്നതിലെ 'ഛ' പ്രത്യയാർത്ഥോപമയിൽ ഉപപാദിക്കാവുന്നതാണ്. അതായതു—കാകതാളമിവ (കാകതാളംപോലെ) എന്നു സാദൃശ്യാർത്ഥത്തിൽ കാകതാളശബ്ദത്തിന്നു പരമായി 'ഛ' പ്രത്യയവും അതിന്നു 'ഈയ്' എന്ന ആദേശവും വന്നിട്ടാണല്ലോ കാകതാളീയമെന്നാവുന്നതു. 'ഛ' പ്രത്യയപ്രകൃതിഭൂതമായ കാകതാളശബ്ദത്തിന്നാകട്ടെ, താളപതനകൃതമായ കാകവധമെന്നാണ് താല്പര്യം. 'ഈയാ'ദേശത്തിന്നു സ്ഥാനിഭൂതമായ 'ഛ' പ്രത്യയം സാദൃശ്യവാചിയുമാ

കുന്നു. ഈവിധം അൎത്ഥം കല്പിക്കുന്നതിന്നു പ്രമാണം,—"ഏവംതൎഹി ദ്വാവിമാവൎത്ഥൌ കാകാഗമനമിവ താളപതനമിവ താതാളം കാകതാളമിവ കാകതാളീയം" എന്നിങ്ങിനെയുള്ള മഹാഭാഷ്യഗ്രന്ഥംതന്നെ. ആകയാൽ വണ്ടികേറി കള്ളൻ മരിക്കുന്നതു ഉപമേയവും താളഫലം കൊണ്ടു കാക്ക ചാവുന്നതു ഉപമാനവുമായിരിക്കെ ഉപമാനം ശബ്ദോപാത്തമല്ലായ്കയാൽ ഉപമാനലുപ്തയെന്ന ഭേദം സാദൃശ്യബോധകമായി 'ഈയ' എന്ന അംശമുള്ളതുകൊണ്ടു വാചകത്തിന്നു ലോപമില്ല. സമാസാൎത്ഥോപമയിലും 'ഛ' പ്രത്യയാൎത്ഥോപമയിലും 'ദൈവാൽ' എന്നതിന്നു പകരം 'പാൎത്താൽ' എന്നോ മറേറാ പ്രയോഗിക്കുന്നതായാൽ 'ഫാലഭിക്ഷാനിനക്കേകും മാലതിക്കു സമാനയെ' എന്നതിൽ പറഞ്ഞിരിക്കുന്ന ധൎമ്മോപമാനലുപ്തക്കും, 'ഏണമിഴി' എന്ന സ്ഥലത്തു പറഞ്ഞിരിക്കുന്ന ധൎമ്മോപമാനവാചകലുപ്തക്കും കാകതാളീയമെന്നതു തന്നെ ഉദാഹരണമാവുമെന്നും കണ്ടുകൊൾക.

ആകപ്പാടെ കാകതാളീയശബ്ദംകൊണ്ടു ഉപമാനവാചകലുപ്ത, ഉപമാനലുപ്ത, ധൎമ്മോപമാനവാചകലുപ്ത, ധൎമ്മോപമാനലുപ്ത, എന്നിങ്ങനെ 4 ഭേദം കാണിച്ചുവെങ്കിലും ഇതിൽ ഉപമാനവാചകലുപ്ത എന്ന ഭേദം മാത്രമേ ഇതുകൊണ്ടു പ്രത്യേകിച്ചു സാധിക്കേണ്ടതായുള്ളു, ബാക്കി മൂന്നും വേറെവിധത്തിലും സംഭവിക്കുന്നതാണെന്നു മുൻപറഞ്ഞ ലക്ഷ്യങ്ങളാൽ തെളിയുന്നുണ്ടല്ലോ. ഈ കാരണംകൊണ്ടുതന്നെയാണു് മററുള്ള ആലങ്കാരികന്മാരാരും ഉപമാനവാചകലുപ്തയെ അംഗീകരിക്കാതിരിക്കുന്നതു്. അതായതു—ഈ ഭേദം 'ഛ' പ്രത്യയപ്രകൃതിയിലല്ലാതെ സ്വതന്ത്രമായി സംഭവിക്കുന്നതല്ല. കാകതാളശബ്ദങ്ങൾക്കു പറഞ്ഞ സമാസവിശേഷംതന്നെ 'ഛ' പ്രത്യയവിധാനസാമൎത്ഥ്യമൂലമാകയാൽ 'ഛ' പ്രത്യയംകൂടാതെ അതിന്നു പ്രയോഗയോഗ്യത്വമേ ഇല്ലല്ലോ ആകയാൽ 'ഛ' പ്രത്യയാൎത്ഥോപമകൂടാതെ തനിയേ സംഭവിക്കാത്തതായ സമാസാൎത്ഥോപമയെ മാത്രം ആശ്രയിച്ചു വാചകോപമാനലുപ്തയെന്നൊരു ഭേദംകൂടി ഉൾപ്പെടുത്തീട്ടാവശ്യമില്ല; സ്വതന്ത്രമായി സംഭവിക്കുന്നതു മാത്രം ലുപ്താഭേദങ്ങളായി പരിഗണിക്കുന്നതേ ഉചിതമായിരിക്കു എന്നു താല്പൎയ്യം.

ഇങ്ങനെ ലുപ്തയ്ക്കു എട്ടുവക ഭേദങ്ങൾ സംസ്കൃതത്തിൽ കാണാമെങ്കിലും 7എണ്ണമേ സൎവ്വസമ്മതമായിട്ടുള്ളു; ഭാഷയ്ക്കു യോജിച്ചതു 6 എണ്ണം മാത്രമാണെന്നും പറഞ്ഞുകഴിഞ്ഞു.

ഈ സ്ഥിതിക്കു, ഉപമാനലോപത്തോടുകൂടിയ നാലെണ്ണം ഭാഷയിൽ സംഭവിക്കുകയില്ലെന്നു സാഹിതീസൎവ്വസ്വം അഭിപ്രായപ്പെട്ടിരിക്കുന്നതിന്നു കാരണമെന്തെന്നു മനസ്സിലാവുന്നില്ല. ഉപമാനത്തിന്നു ലോപം വരുന്നവയായി ഉപമാനലുപ്ത, ധൎമ്മോപമാനലുപ്ത, ധൎമ്മോപ

മാനവാചകലുപ്ത എന്നീ മൂന്നുഭേദവും ഭാഷയിൽ ഉദാഹരിച്ചുകാണിച്ചിട്ടുണ്ടു്. ദീക്ഷിതർ എടുത്തുകാണിച്ചിരിക്കുന്ന വാചകോപമാനലുപ്തയെന്ന മറെറാരുഭേദം സ്വതന്ത്രമായി സംഭവിക്കാത്തതുകൊണ്ടു സംസ്കൃതത്തിലും മററുള്ളവർ സ്വീകരിച്ചിട്ടില്ല. വേണമെങ്കിൽ ഈ ഒരു ഭേദം മാത്രമേ, വിശേഷിച്ചു കാകതാളീയ പ്രക്രിയകൊണ്ടു സാധിക്കേണ്ടതായുള്ളു. മററുള്ള മൂന്നുഭേദങ്ങളും പ്രത്യേകം പ്രത്യേകം ഓരോ സ്ഥലത്തു ഭാഷയിൽ സുലഭമായി സംഭവിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇങ്ങനെയിരിക്കെ, “ഉപമാനലോപത്തോടുവരുന്നാലിന്നും കൂടി ‘കാകതാലീയം’ എന്നൊരു പദത്തിനാൽ സംസ്കൃതത്തിൽ സാധിച്ചതുപോലെ ദ്രാവിഡത്തിൽ വരുവാനിടയില്ലായ്കയാലാകുന്നു അവയെക്കുറിച്ചു് ഇവിടെ പറയാതിരുന്നതു” എന്നും മററും കേരളകൌമുദിയിൽ കാണുന്ന അബദ്ധങ്ങളെ പ്രമാണമായി ഉദ്ധരിച്ചുകൊണ്ടു്, “ലുപ്തോപമ ഏഴുവിധമുണ്ടെന്നു മുമ്പുപറഞ്ഞതു, ജഗന്നാഥപണ്ഡിതരുടെ മതം അനുസരിച്ചാകുന്നു; അവയെല്ലാം ഭാഷയിൽ വരുന്നവയല്ല. കേരളകൌമുദിയിൽ കാണിച്ചിട്ടുള്ള ഉദാഹരണങ്ങൾകൊണ്ടു, ഭാഷയിൽ ഏതെല്ലാംവിധം ലുപ്തോപമകൾ വരുമെന്നു ഗ്രഹിക്കാം. ലുപ്തോപമയ്ക്കു ഇനിയും പലവിധഭേദങ്ങൾ ഉണ്ടു്. അവയെല്ലാം ഭാഷയിൽ വരാത്തവയാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു” എന്നിങ്ങനെ സാഹിതീസർവ്വസ്വത്തിൽ ഉൽഘോഷിച്ചു കാണുന്നതു അത്ഭുതമെന്നല്ലാതെ മറെറാന്നും പറയുവാനില്ല. നേരേമറിച്ചു, ഉപമേയലോപത്തോടുകൂടിയ ഒരു ഭേദമാകുന്നു ഭാഷയ്ക്കു യോജിക്കാത്തതു്. ഇതിനെപ്പററി ഭാഷാഭ്രഷ്ഷണംതന്നെ വിളിച്ചുപറഞ്ഞിട്ടുമുണ്ടു്. എന്നിട്ടും സാഹിതീസർവ്വസ്വം കണ്ണടച്ചു കേരളകൌമുദിയെ ശരണംപ്രാപിച്ചിരിക്കുന്നതു അത്ഭുതംതന്നെ. പ്രമാദം മനുഷ്യസാധാരണമാണെങ്കിലും ഈവിധമനവധാനം ഒന്നുകൊണ്ടുമാശാസ്യമോ ഒരിക്കലും ക്ഷന്തവ്യമോ ആയിരിക്കുമെന്നു തോന്നുന്നില്ല. ഒരുവേള കേരളകൌമുദീകർത്താവു, കുവലയാനന്ദത്തിലെ കാകതാളീയോദാഹരണം കണ്ടു ‘കാകതാളീയ’ത്തിൽ മാത്രമേ ഉപമാനലുപ്തകൾ സംഭവിക്കുകയുള്ളുവെന്നു ഭ്രമിച്ചിരിക്കുന്നതായി വിചാരിക്കുന്നതായാലും, രസഗംഗാധരത്തിൽനിന്നു ലുപ്തോപമകളുടെ പേരെങ്കിലും സാഹിതീസർവ്വസ്വത്തിൽ പകൎത്തെഴുതിക്കാണുന്നതുകൊണ്ടു തൽകർത്താവു കുവലയാനന്ദം മാത്രമേ കണ്ടിട്ടുള്ളുവെന്നോ തന്മൂലകമാണു് ഈ ഭ്രമമെന്നോ കരുതുവാനും വഴിയില്ല. പക്ഷേ, രസഗംഗാധരത്തിൽ കൊടുത്തിരിക്കുന്ന പ്രകൃതോദാഹരണങ്ങൾ വായിച്ചുനോക്കുന്നതായാൽ ഉപമാനലുപ്തകളല്ല, വാചകോപമേയലുപ്തയൊന്നു മാത്രമാണു് ഭാഷയ്ക്കു യോജിക്കാത്തതെന്നു ഒരുമാതിരി വ്യുത്പത്തിയുള്ളവൎക്കുകൂടി എളുപ്പത്തിൽ മനസ്സിലാവുകയും ചെയ്യും. ഈ സ്ഥിതിക്കു, ഉപമാനലോപംവരാത്ത നാലു ഭേദങ്ങളെ ഭാഷയിൽ നടപ്പുള്ള

വെന്നും മററും പറഞ്ഞിരിക്കുന്നതു വളരെ അത്ഭുതമായിരിക്കുന്നു. ഉപമേയലോപംവരുന്ന വകഭേദങ്ങളെ ഉദാഹരിച്ചു കാണിച്ചതാവട്ടെ അതിലും വിശേഷംതന്നെ. നോക്കുക—'കണ്ണിന്നമൃതം' എന്നതിൽ ഉപമേയം, ധർമ്മം, വാചകം എന്നീ മൂന്നിന്നും ലോപമുണ്ടത്രെ. ഇതു ഉപമയാവുന്ന മഹേന്ദ്രജാലംതന്നെ മററാർക്കുമറിയുമെന്നു തോന്നുന്നില്ല. വാചകമാത്രലോപത്തിന്നു തേടിപ്പിടിച്ചു കൊണ്ടുവന്നിരിക്കുന്ന, കാറൊളിക്കുന്തലാർക്കുള്ള വിശേഷമോ—അതും വിജാതീയംതന്നെ. കാറൊളിക്കുന്തലാർ എന്ന പദം എങ്ങിനെയാണ് വാചകമാത്രലോപത്തിന്നു ഉദാഹരണമാവുക? കാറിന്റെ ഒളിപോലെയിരിക്കുന്ന ഒളിയോടുകൂടിയ കുന്തലുള്ളവർ എന്നാണല്ലോ പ്രകൃതപദത്തിന്റെ അർത്ഥം. (ഒളിശബ്ദത്തിലുള്ള അനൌചിത്യമിരിക്കട്ടെ) അപ്പോൾ കാറിന്റെ ഒളി ഉപമാനവും കുന്തലിന്റെ ഒളി ഉപമേയവുമാകയാൽ എണ്ണാക്ഷി, പേടമാൻമിഴി മുതലായവയ്ക്കു സമാനയോഗക്ഷേമമാവുന്നതുകൊണ്ടു ധർമ്മവാചകോപമാനലുപ്തയാണെന്നല്ലേ വരുന്നതു്. കാറൊളിക്കുന്തലാർ എന്ന പദം ബഹുവ്രീഹിഗർഭബഹുവ്രീഹിയാണെന്നു സമ്മതിക്കാതെ, കാറുപോലെ ഒളിയുള്ള കുന്തലോടുകൂടിയവർ എന്നോ മറേറാ അർത്ഥം പറയുന്നതും ശരിയല്ല. അതിലുള്ള സമാസക്ലേശം കിടക്കട്ടെ, അങ്ങിനെയായാൽ കാറ് ഉപമാനവും കുന്തൽ ഉപമേയവും ഒളി സാധാരണധർമ്മവുമാണെന്നുവരും. ഇതുകൊണ്ടെന്തു കിട്ടി? കുന്തളം കാറുപോലെ ഒളിയുള്ളതാണെന്നോ ഇരുട്ടു കരിക്കട്ടപോലെ പ്രകാശമുള്ളതാണെന്നോ യഥാശ്രുതാർത്ഥത്തിൽ ആരും പ്രയോഗിക്കുമെന്നു എനിക്കു തോന്നുന്നില്ല. ലക്ഷണയാൽ ഒളിശബ്ദാർത്ഥം വർണ്ണമാണെന്നുതന്നെയിരിക്കട്ടെ, അപ്പോഴും എന്തായി. കുന്തൽ കാറുപോലെ വർണ്ണമുള്ളതാണെന്നു വല്ലവരും പറയുമോ? അഥവാ പറയുന്നതായാൽ അതും ഒരലങ്കാരമാവുമോ? എന്നാൽ മനുഷ്യൻ നായയെപ്പോലെ ജീവനുള്ള ഒരു വസ്തുവാണെന്നു പറഞ്ഞാലും ഒരു ഒന്നാന്തരം ഉപമയാവുമല്ലോ. ആകയാൽ കാറിന്റെ വർണ്ണംപോലെയുള്ള വർണ്ണത്തോടുകൂടിയ കുന്തലുള്ളവർ എന്നുതന്നെ അർത്ഥം പറയേണ്ടതായും ആ സ്ഥിതിക്കു വാചകലുപ്തയല്ല ധർമ്മോപമാനവാചകലുപ്തയാണെന്നു സമ്മതിക്കേണ്ടതായും വരുന്നു. എന്തായാലും അപ്രകൃതമായ ഈ വിചാരം ഇതിലധികം ദീർഘിപ്പിക്കുന്നില്ല.

(തുടരും)

മദിരാശി. പി. കുഞ്ഞൻനായർ, വ്യാകരണസാഹിത്യശിരോമണി.

# കഴിഞ്ഞ കഥ.

(൧-ാം ലക്കത്തിൽനിന്നു് തുടൎച്ച)

---

## അദ്ധ്യായം ൬.

അമ്മാമന്റെ പുലകളിയും അടിയന്തരവും കോഴിക്കോട്ടുവെച്ചു തന്നെ കഴിച്ചു. കുട്ടികളായ ഞങ്ങളെല്ലാം അടിയന്തരത്തിൽ ഞങ്ങളെകൊണ്ടു് കഴിയുന്നവിധം പങ്കുകൊണ്ടു. കളിക്കുവാൻ പോകുമ്പോഴും, ഊണുകഴിഞ്ഞു് വെറുതെ ഇരിക്കുമ്പോഴും ഞാനും കുഞ്ഞിശ്ശങ്കരനും തമ്മിൽ ഞങ്ങളുടെ പഠിപ്പിനെപ്പററിയും അവിടന്നങ്ങോട്ടു ഞങ്ങളുടെ കാൎയ്യങ്ങൾ അന്വേഷിക്കുവാൻ ആരാണെന്നതിനെപ്പററിയും സംസാരിക്കാറുണ്ടായിരുന്നു. കുഞ്ഞിശ്ശങ്കരന്റെ അമ്മാമൻ ഉദ്യോഗസ്ഥനായിരുന്നതിനാൽ അവന്റെ സ്ഥിതി എന്നേക്കാൾ ഭേദമായിരുന്നുവെന്നു് ഞാൻ പലപ്പൊഴും അവനോടു് പറയാറുണ്ടായിരുന്നുവെങ്കിലും അവൻ അതു സമ്മതിച്ചിരുന്നില്ല. വക്കീലമ്മാമന്റെ ദേഹവിയോഗത്തോടു കൂടി ഞങ്ങളുടെ തറവാട്ടിന്റെ ശ്രേയസ്സിന്നു് കാരണഭൂതനായ ഏക പുരുഷനും ലോകരംഗത്തിൽനിന്നു മറഞ്ഞു. തറവാട്ടിൽ ചിലവിന്നു ബുദ്ധിമുട്ടുണ്ടായിരുന്നില്ലെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസാദി ഭാരവാഹിത്വം കയ്യേല്ക്കാൻ ആരും ഉണ്ടായിരുന്നില്ലെന്നുതന്നെ പറയണം. തറവാട്ടുകാൎയ്യം അന്വേഷിക്കാൻ ചെറിയമ്മാമൻമാത്രം ഉണ്ടായിരുന്നു. അദ്ദേഹത്തിന്നു് സ്വന്തസമ്പാദ്യം ഒന്നും ഇല്ലാതിരുന്നതിനാൽ, പാട്ടം പിരിച്ചു് ചിലവു് നടത്തിവരുകയെന്നതിൽ കവിഞ്ഞ യാതൊരു ചുമതലകളും വഹിക്കുവാൻ ത്രാണിയുണ്ടായിരുന്നില്ല.

അടിയന്തരദിവസം വൈകുന്നേരംതന്നെ കുഞ്ഞിശ്ശങ്കരനേയും നാണിക്കുട്ടിയേയും വീട്ടിലേക്കയക്കാനുള്ള ഒരുക്കങ്ങൾ അവിടെ ചെയ്യുന്നതായിക്കണ്ടു. അവൎക്കും അമ്മായിക്കും ഒരു കൊല്ലത്തേക്കുള്ള "ഉടുക്കാനും" പിണ്ഡമടിയന്തരത്തിന്റെ വട്ടങ്ങളും, പൊതിഞ്ഞും പാത്രത്തിലാക്കിയും വെച്ചുതുടങ്ങി. ഇതെല്ലാംകണ്ടു് അമ്പരന്നു് നിന്നിരുന്ന നാണിക്കുട്ടി എന്നെ അന്വേഷിച്ചു ഞാൻ വിശ്രമിച്ചിരുന്ന മുറിയിലെത്തി.

നാണി—നാളെ ഞാനും ഏട്ടനും വീട്ടിലേക്കു പോകണമെന്നു തോന്നുന്നു. ചെറിയമ്മാമൻ അങ്ങിനെ പറയുന്നതും വണ്ടി ഏല്പിക്കുന്നതും കേട്ടു. ദാസേട്ടൻ എങ്ങോട്ടെങ്കിലും പോകുമോ. അതോ ഇവിടെതന്നെ ഇരിക്കോ—എവിടെ ആയാലും ഞങ്ങളെ മറക്കരുതെ—

ഇതു പറയുമ്പോൾ അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു—

ഞാൻ:—നാണിക്കുട്ടി, നിന്നെ ഞാൻ മറക്കേ! അതു് എന്നെ മറക്കും പോലെയല്ലെ. ഞാനും എന്റെ വീട്ടിലേക്കു അമ്മാമന്റെ കൂടെ

പോകും. വാസ്തവം പറകയാണെങ്കിൽ എനിക്ക് നിന്നെ വിട്ടു പിരിയുമ്പോൾ വല്ലാത്ത സങ്കടം തോന്നുന്നു. അന്ന് (ഞാൻ അവളുടെ കൈപിടിച്ച്) ഈ ചെറിയ കൈകൊണ്ട് എന്റെ കാല് എത്ര പ്രാവശ്യം ഉഴിഞ്ഞുതന്നിട്ടുണ്ട്. അതു ഞാൻ ഒരു കാലത്തും മറക്കുമോ? എന്റെ കാലുനോക്കുമ്പോഴെല്ലാം അമ്മാമനെയും നാണിക്കുട്ടിയേയും എനിക്കു ഓൎമ്മിക്കാതെ തരമുണ്ടോ?

നാണി:—കഷ്ടം! ആ വടു ഇനിയും പോയിട്ടില്ല. ദാസേട്ടനെ വിട്ടു പിരിയാൻ എനിക്കും മനസ്സുവരുന്നില്ല. ചെറിയമ്മാമൻ ഞാനും കുഞ്ഞിശ്ശങ്കരേട്ടനും പോണമെന്നല്ലെ പറയുന്നത്. അല്ലെങ്കിൽ എനിക്ക് ദാസേട്ടനൊന്നിച്ച് ഇവിടെതന്നെ താമസിക്കുന്നതാണ് ഇഷ്ടം. പക്ഷെ അമ്മയെ കാണണമെന്നുണ്ട്. അമ്മക്ക് ഇനി ഇങ്ങോട്ടുവരാൻ പാടില്ലത്രെ.

ഞാൻ:—നാണിക്കുട്ടി, നമ്മളൊക്കെ കുട്ടികളാണ്. നാം വലുതാകുന്നതുവരെ കാരണവന്മാർ പറയുന്നതുകേട്ടു നടക്കുകയേ നിവൃത്തിയുള്ളൂ. അമ്മാമൻ മരിച്ചിട്ടില്ലെങ്കിൽ നമുക്ക് ഒന്നിച്ചിരിക്കാൻ സാധിക്കുമായിരുന്നു. ഇനിയെന്തോ—നമ്മുടെ ഇഷ്ടം കണ്ടറിയുന്ന ഈശ്വരന്ന് നാം പിരിഞ്ഞിരിക്കുന്നതായിരിക്കും ഇഷ്ടം. എന്തുചെയ്യാം. ഞാൻ നാണിക്കുട്ടിയെ ഒരു കാലത്തും മറക്കില്ല. നാണിക്കുട്ടി ദാസേട്ടനേയും മറക്കരുതു്.

നാണിക്കുട്ടി—ദാസേട്ടൻ എന്നെ കളിയാക്കുകയാണ്. ദാസേട്ടൻ എനിക്ക് മാലകെട്ടിത്തരാറുള്ളതും, എനിക്കുവേണ്ടി കൃഷ്ണന്റെ മുമ്പിൽ പൂകൊണ്ടുവെക്കാറുള്ളതും അമ്മയോ കുഞ്ഞിശ്ശങ്കരേട്ടനോ ദേഷ്യപ്പെടാൻ വരുമ്പോൾ എന്റെ ഭാഗം പറയാറുള്ളതും ഞാൻ മറക്കുമോ. കുഞ്ഞിശ്ശങ്കരേട്ടനും കൂടി ഇടക്ക് എന്നെ തല്ലുകയോ, നുള്ളുകയോ ചെയ്യാറുണ്ട്; ദാസേട്ടൻ ഇതുവരെ എന്നോട് ഒരു കറുത്ത വാക്കുംകൂടി പറകയുണ്ടായിട്ടില്ല. പിന്നെ ഞാനെങ്ങിനെയാണ് ദാസേട്ടനെ മറക്കുന്നത്. ദാസേട്ടൻ വലുതായാൽ എന്റെ വീട്ടിലേക്ക് വരികയില്ലെ?

ഞാൻ:—അപ്പോഴേക്കും നാണിക്കുട്ടിയും വലുതാവില്ലെ—പിന്നെ നാം തമ്മിൽ കാണാനും സംസാരിക്കാനുമൊക്കെ തരമാവുമോ. അമ്മായിയുടെ ചെറിയ അനുജത്തി ഇവിടെ വന്നിട്ട് കണ്ടില്ലെ, ഒരു മുറിയിൽതന്നെ കൂടിയിരുന്നത്? അതുപോലെ നാണിക്കുട്ടിയും തുടങ്ങും.

നാണി:—ദാസേട്ടൻ പിന്നെയും കളിയാക്കുകയാണ്. ഞാനെത്ര വലുതായാലും ദാസേട്ടന്റെ നാണിക്കുട്ടിതന്നെയാണ്.

ഞാൻ:—ആവോ—ഇനി ദാസേട്ടനും നാണിക്കുട്ടിയും ഏതു കാലത്താണാവോ കാണുന്നത്. ഈശ്വരന്നറിയാം.

നാണി:—ദാസേട്ടനും അറിയാം വേണമെങ്കിൽ. സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ ഉണ്ണാൻ വിളിക്കുന്നതുകേട്ട് ഞങ്ങൾ പോയി. "നിങ്ങൾ രണ്ടാളും എവിടെയായിരുന്നു ഇതുവരെ—ഞാൻ എവിടെയെല്ലാം തിരഞ്ഞു—"എന്നും പറഞ്ഞ് കുഞ്ഞിശ്ശങ്കരനും എത്തി.

പിറേറ ദിവസം രാവിലെ കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും എന്നെ വിട്ടുപിരിഞ്ഞു. അവർ കേറിയ വണ്ടി എൻെറ മനസ്സിനെ വലിച്ചുകൊണ്ടുപോകുന്നുവോ എന്നു തോന്നുമാറ് ഞാൻ അടങ്ങിനില്ക്കുവാൻ കഴിയാതെ പടിക്കലേക്കും വേലിക്കലേക്കുമാ രണ്ടുമൂന്നു തവണ ഓടി, അവരുടെ പോക്കും നോക്കി നിന്നു.

## അദ്ധ്യായം 7.

ചെറിയമ്മാമയോടുകൂടി ഞാനും എൻെറ വീട്ടിലേക്കു മടങ്ങിവന്നു. അമ്മയെ വീണ്ടും ശരണം പ്രാപിച്ചു. വലിയമ്മാമയുടെ മരണത്തിൽ എൻെറ അമ്മയോളം വ്യസനിച്ചിരുന്ന ആരെങ്കിലും ഉണ്ടായിരുന്നെങ്കിലും അത് അമ്മായി മാത്രമായിരിക്കണം. "കണ്ണുനീർതന്നെ കുശലം വിചാരിച്ചു" എന്ന തരത്തിലാണ് എന്നെ എതിരേററത്. ആദ്യംതന്നെ എന്നോടുചോദിച്ചത് അമ്മായിയുടേയും കുട്ടികളുടേയും വത്തമാനമായിരുന്നു. "കഷ്ടം ഇത്ര ചെറുപ്പത്തിൽതന്നെ അമ്മായിക്ക് ഈ സങ്കടം വന്നുവല്ലോ" എന്ന് അമ്മ പലവുരു പറഞ്ഞു. "അഴകും ആയുസ്സുംകൂടി കൊടുക്കയില്ല" എന്ന പഴമൊഴിയുടെ പരമാത്ഥം തെളിയിക്കാനായി ഒരുദാഹരണവുംകൂടിയായി എന്ന് അമ്മാമനെപ്പററിയും പറഞ്ഞു. മരിച്ചവരുടേയും അകന്നവരുടേയും ഗുണങ്ങൾ വണ്ണിച്ചുകൊണ്ടും കുറെദിവസം കഴിഞ്ഞു. "വല്ല ദുഃഖവും കാലംചെല്ലുമ്പോൾ കഴിഞ്ഞുപോ"മെന്ന ലോകഗതി അനുസരിച്ച് എൻെറ കുടുംബത്തിലുള്ളവർ വികാരങ്ങളും വിചാരങ്ങളും മതിയാക്കി വിവിധകമ്മങ്ങളിലേപ്പെട്ടുതുടങ്ങി. ചണ്ടിനിറഞ്ഞ കുളത്തിൽ ഒരു വലിയ കല്ലു വന്നു വീഴുമ്പോൾ എന്തെന്നില്ലാത്ത ഒരു ക്ഷോഭം അതിലുണ്ടാവുന്നു. വെള്ളം ഓളംവെട്ടി കര ഇടിയുമോ എന്നു തോന്നുമാറ് അവിടെ ചെന്നടിക്കുന്നു. ചണ്ടി ബലാൽക്കാരമായി പിടിച്ചുവലിച്ചപൊലെ നാലുഭാഗത്തേക്കും അകന്നുമാറുന്നു. ഒരുനിമിഷം കഴിയുമ്പോഴേക്ക് സ്ഥിതിയെല്ലാം മാറി. വെള്ളത്തിൻെറ ഇളക്കംനിന്നു. അകന്നുപോയ ചണ്ടി അതിവേഗത്തിൽ അടുത്തുതുടങ്ങി. ഇങ്ങിനെയൊരു സംഭവമുണ്ടായെന്നു അറിയാൻ കഴി

യാത്തവിധത്തിൽ കുളം പഴയനിലയിലെത്തി. ഇതുപോലെതന്നെയാണ് മനുഷ്യരുടെ മനസ്സും. ആപത്തുവരുമ്പോൾ അമർക്കാൻ കഴിയാത്ത ഒരു കലക്കം അതിലുമുണ്ടാവുന്നു. സഹജമായ പ്രേരകശക്തി ക്രമേണ അതിനെ ജയിച്ച് മനസ്സിനെ സ്വസ്ഥമാക്കിത്തീർക്കുന്നു. എന്റെ കുടുംബത്തിലുള്ളവരും ഈ പ്രകൃതിതത്വത്തിന്ന് അധീനരായി.

അമ്മയും ഞാനുംകൂടി എന്റെ പഠിപ്പിനെപ്പറ്റി ആലോചനയായി. അച്ഛന്റെ കയ്യിൽ പണമില്ല. അമ്മാമൻ തറവാട്ടിൽനിന്നെടുത്ത് പഠിപ്പിക്കുമോ എന്ന കാര്യം തീർച്ചയില്ല. തറവാട്ടിൽ അനുള്ള കുട്ടികളെയെല്ലാം പഠിപ്പിക്കാൻ തക്കവണ്ണം സ്വത്തുണ്ടോ എന്നും സംശയം. മരിച്ചുപോയ അമ്മാമൻനിമിത്തം എന്റെ മനസ്സിൽ വേരൂന്നീട്ടുള്ള ആശാലത പല കഴുത്തും പൊട്ടി തഴയ്ക്കുവാൻ തുടങ്ങിയിരിക്കുന്നു. അത് വളർത്തിക്കൊണ്ടുവരാനുള്ള ആഗ്രഹം എന്നേക്കാൾ അമ്മക്കും ഉണ്ടായിരുന്നു. ഈ ഘട്ടത്തിൽ ഞങ്ങൾ ഇങ്ങിനെ ആലോചിച്ചു.

അമ്മ:—ദാസാ നീ ഭാഗ്യമില്ലാത്തവനാണ്. അല്ലെങ്കിൽ അമ്മാമൻ ഇത്ര ചെറുപ്പത്തിൽ മരിക്കേണ്ടിയിരുന്നില്ലല്ലോ.

ഞാൻ:—അത് ഇനി പറഞ്ഞിട്ടെന്താ കാര്യം. അമ്മാമന് മരിക്കാതെ കഴിയോ.

മരണദിവസവും ശിരസ്സിലാക്കി
ധരണിതലം പ്രവിശന്തിമാനുഷന്മാർ.

എന്ന് ഞാൻ പഠിച്ചിട്ട് അധികം ദിവസമായിട്ടില്ല. അങ്ങിനെയാണെങ്കിൽ പിന്നെ എപ്പോഴെങ്കിലും ഒരിക്കൽ വേണ്ടേ. അദ്ദേഹം ഭാഗ്യവാനായിതന്നെ കഴിഞ്ഞു. മരിച്ചവരെപ്പറ്റി ദുഃഖിച്ചുകൊണ്ട് കഴിയുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. അതുകൊണ്ട് അവിടന്നങ്ങോട്ടു വേണ്ടുന്നതെന്താണെന്ന് തീർച്ചയാക്കാൻ ശ്രമിക്കണം.

അമ്മ:—അതിനുതന്നെയാണ് വിഷമം. അമ്മക്കു സാധിക്കുമെങ്കിൽ യാതൊരു ബുദ്ധിമുട്ടുമില്ല. നീ പഠിച്ച് ഒരു നല്ല നിലയിൽ വന്നുകണ്ടാൽ കൊള്ളാമെന്ന് അമ്മക്ക് വളരെ മോഹമുണ്ട്.

ഞാൻ:—അതിലേക്ക് ചെറിയമ്മാമൻ ഒന്നും സഹായിക്കയില്ലേ?

അമ്മ:—എന്തോ അതിനെപ്പറ്റി അദ്ദേഹം ഒന്നും മിണ്ടീട്ടില്ല. വിവരങ്ങളൊക്കെ അറിഞ്ഞിരുന്നിട്ടും ഒരന്വേഷണവുംകൂടി ചെയ്തിട്ടില്ല.

ഞാൻ:—അമ്മാമൻ അറിഞ്ഞ് വല്ലതും ചെയ്യുന്നുണ്ടെങ്കിൽ മതി. അങ്ങോട്ട് ഒന്നും ചോദിക്കാൻ പോണ്ട. മംഗലത്തുള്ള സ്കൂളിൽ

കുട്ടികളെ ഫീസില്ലാതെ പഠിപ്പിക്കുന്നുണ്ടത്രെ. ഞാൻ ഇന്നലെ അവിടെ പഠിക്കുന്ന ഒരു കുട്ടിയെ കണ്ടു. പക്ഷെ അവിടെത്തന്നെ താമസിക്കണമത്രെ. പഠിപ്പ് കഴിയുന്നതുവരെ അവരുടെ ചിലവാണ്. അവിടെ പോയി ഒന്നന്വേഷിച്ചാലോ. ഇവിടെനിന്ന് എട്ടുപത്തു നാഴികയുണ്ട്. അവിടെ എത്താനുള്ള ചിലവിനുമാത്രം അമ്മ വല്ലതും തന്നാൽമതി.

അമ്മ:—നിനക്ക് തന്നെ താമസിക്കാറായോ—ദാസ.

ഞാൻ:—അവിടെയുള്ള കുട്ടികളിൽ മിക്കവരും എന്റെ പ്രായക്കാരാണത്രെ. പിന്നെ അവിടത്തെ മാസ്റ്റർമാരൊക്കെ അവിടെത്തന്നെയാണപോൽ താമസം.

(തുടരും)  ദേവീദാസൻ.

# മലയാളിയുടെ രണ്ടാംകത്ത്.

വിശ്വത്തെ നിർമ്മിച്ച കാരുണികനായ ആ അദ്ഭുതകർമ്മി നമുക്കും മൂക്കിനുതാഴെ വശത്തോടുവശമായി ഒരു വിളപ്പ് ഉണ്ടാക്കിവച്ചിട്ടുണ്ട്. ഉള്ളിൽ എന്തെങ്കിലും ആശയം തിങ്ങുമ്പോൾ ശ്വാസകോശം വഴിയായി മേല്പട്ടുതള്ളി വരുന്ന വായുപ്രവാഹം, കണ്ഠത്തിലുള്ള മാംസപേശികളുടേയും നാവിന്റേയും മററും പരുമാററംകൊണ്ടു, ഈ വിളപ്പിനു വെളിയിൽ എത്തുമ്പോഴേക്കു, പലവിധത്തിലുള്ള സ്വരങ്ങളും വ്യഞ്ജനങ്ങളും ചേർന്ന ശബ്ദസമൂഹമായിത്തീരുന്നു. ഇപ്രകാരമുള്ള വയിൽ, അങ്ഗസൌഷ്ഠവമുള്ള യോഗ്യന്മാർ, ഉപയോഗിക്കുന്ന സഭ്യങ്ങളായ ശബ്ദങ്ങൾ അനുകരിച്ചുകൊള്ളാമെന്നുമാത്രം ഭാഷാസംബന്ധമായ ഒരു കൃത്യനിഷ്ഠ എനിക്കുണ്ട്; എന്നല്ലാതെ വൈയ്യാകരണാംശം വളരെ വർണ്ണിച്ചിട്ടുള്ള ചിലൎക്കു തുല്യം മദിരാശി കോഴിചിതയുംപോലെ ചിതഞ്ഞുതള്ളി,ഭക്ഷ്യങ്ങളെന്നു വിചാരിക്കുന്ന സുശബ്ദങ്ങളുടെ ഗന്ധമറിഞ്ഞു കൊത്തിപ്പെറുക്കി ക്രമത്തിനു വിഴുങ്ങുവാനുള്ള ഒരു ഗൌരവബുദ്ധി ദൈവം എനിക്കിയിട്ടില്ല. ഇക്കാലത്തു സാഹിത്യത്തിൽതന്നെ നിരന്തരപരിശ്രമം ചെയ്യുന്നവരുടെ കഥ ആലോചിക്കുകയാണെങ്കിൽ കരുണതോന്നിക്കരയാത്തവർ ആരുമുണ്ടാകുമെന്നു തോന്നുന്നില്ല. ഞാൻ സാഹിത്യപരിശ്രമം ചിലത് ചെയ്യാറുണ്ടെങ്കിലും, അതു പലരും കണക്കാക്കാറുള്ളതുപോലെ, ഇടക്കൊരു നേരംപോക്കു മാത്രമാണ്. ഉദരപൂരണത്തിന്നായി മററുചില കാര്യങ്ങൾ അത്യാവശ്യമായി നോക്കേണ്ടതായുള്ളതുകൊണ്ടു്, അതുമിതും എഴുതി സമയം കളയാതെ, എന്റെ സുഹൃത്തായ 'മലയാളി' രണ്ടാമതായി എനിക്കയച്ച ഒരു വലിയകത്തു വായനക്കാരുടെ അറിവിനുവേണ്ടി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ.

മാന്യരെ!

മുറയ്ക്കു എഴുത്തയയ്ക്കണമെന്നുള്ള താങ്കളുടെ അഭ്യർത്ഥനയാൽ നിബ്ബന്ധിതനായിട്ടാണ് ഞാൻ ഇത്ര വലിയ എഴുത്തുകൾ എഴുതുന്നതു്. എങ്കിലും എന്റെ മടിയുടെ കൃത്യനിഷ്ഠകൊണ്ടു ചിലപ്പോൾ ലിഖിതങ്ങൾ വളരെ നാളെക്കു കണ്ടില്ലെന്നും വരാം. ഇപ്പോൾ ഈ എഴുത്തിൽ ഞാൻ നമ്മുടെ മലയാളഭാഷയെപ്പററിത്തന്നെ ചിലതുപറഞ്ഞുകൊള്ളട്ടെ. സംസ്കൃതപദങ്ങൾ "കുലംകഷ"മായും മററും ഞാൻ ഉപയോഗിയ്ക്കാതെ ഇരിക്കുന്നതു താങ്കൾ സദയം ക്ഷമിക്കുമെന്നു വിചാരിക്കുന്നു.

മലയാളഭാഷയിൽ ഇപ്പോൾ എന്തു ഗോഷ്ഠികാണിക്കുന്നതിനും നല്ല സമയവും സൌകര്യവുമാണ്. നാഥനും നമ്പിയും ഇല്ലാത്ത ഇക്കാലത്തെ സ്ഥിതി നല്ലവണ്ണം അറിയുവാൻ പാടില്ലാത്തവർ അല്പമൊന്നു മനസ്സിരുത്തിയാൽ കൊള്ളാം. കാളിദാസനെപ്പററിയൊ, ഭവഭൂതിയെക്കുറിച്ചൊ, ഒരു നിരൂപണരൂപമായ ഉപന്യാസം എഴുതിയാൽ മലയാളത്തുനാട്ടിൽ ഒരു ഒന്നാംതരം വിമർശകനാവാം. അതും മതിയായില്ലെങ്കിൽ ഇക്കാലത്തു മഹാ കവികളായി ഗണിക്കപ്പെട്ടിട്ടുള്ള ചിലവരുടെ കവിതകൾ കൊപ്പത്തിൽ പെടുത്തി, പണ്ടൊരു സരസൻ എഴുതിയപോലെ "മരണവേദനാപ്രലപനങ്ങ"ളായി കുറെ സ്തുതിക്കയൊ, നിന്ദിക്കയോ ചെയ്താൽ, കണ്ണടച്ചുതുറക്കുംമുൻപെ, അരയന്നംപോലെയും, പാലാഴി വെള്ളപ്പതപോലെയും, ഉള്ള കീർത്തി കന്യാകുമാരി മുതൽ ഗോകർണ്ണംവരെപ്പരക്കും. അങ്ങാടിക്കടയിൽനിന്നും വല്ല ഇംഗ്ലീഷുപുസ്തകവും തട്ടിയെടുത്തു്, ഒരു "അനുഗത" തർജ്ജിമചെയ്തുവിടാൻ സാധിച്ചുവെന്നു വന്നാൽ പിന്നെ പ്രസിദ്ധഗദ്യകാരൻ എന്ന പദത്തിൽ ആരോഹണം ചെയ്വാൻ, കുളിച്ചു ഊണും കഴിഞ്ഞു്, തയ്യാറായിക്കൊണ്ടാൽ മതി. "പു" എന്നും "തു" എന്നും, "അണി"എന്നും "ചാത്തു്" എന്നും മററും ചില പ്രയോഗങ്ങളും കോർത്തു്, "കയറുവായപ്പോളവൾക്കു ഇമ്പട്ടായ്" എന്നുചൊല്ലുന്ന ചില അലംകാരങ്ങളും കെട്ടിതൂക്കി, കേകയിലോ, മാകന്ദമഞ്ജരിയിലൊ, നാലുകാലുള്ള പാത്രത്തിലൊ കുറെ അക്ഷരങ്ങൾ പെറുക്കിവെക്കാൻ കഴിഞ്ഞാൽ കവിയാകാനും സാധിച്ചു. കൊററിപ്പക്ഷി ചില കുല്യകളുടെ വക്കിൽ ഉറക്കം തൂങ്ങുന്നോ എന്നു തോന്നുമാറു ഇരുന്നു, ഇടക്കു കടന്നുപോകുന്ന ചില ചെറിയ മത്സ്യത്തെ കൊത്തിയെടുക്കുംപോലെ, പതുങ്ങിയിരുന്ന് ചിലവ്യാകരണതെററു് കൊത്തിയെടുക്കുവാൻ പ്രാപ്തി വന്നാൽ, മലയാളത്തിലെ വൈയ്യാകരണപ്പട്ടവുമായി. ഇങ്ങിനെയുള്ള ഇക്കാലത്ത് മലയാളസാഹിത്യത്തിൽ സ്വൈരസഞ്ചാരവും നർമ്മസല്ലാപവും മററും ചെയ്യേണമെന്നു, താങ്കൾ എന്നോടു പറയവേ, കുട്ടിയായിരിക്കുമ്പോൾ, മഞ്ഞുകാലത്ത്,

അതിരാവിലെ അമ്മയുടെ നിർബ്ബന്ധപ്രകാരം കുളിക്കുവാൻ കുളക്കടവിൽചെന്ന് തണുത്തു കയറുന്ന വെള്ളത്തിൽ നോക്കി മുഖവും ചുളിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ധർമ്മസങ്കടാവസ്ഥ എനിക്കു വീണ്ടും അനുഭവപ്പെടുന്നു.

നാലുപേർക്കൊപ്പം അറിവും ബുദ്ധിയും കാര്യവിവരവും ഉള്ള ചിലരെ നീക്കി, ബാക്കിയുള്ള മലയാളസാഹിത്യകാരന്മാരെ, പരിശോധിക്കുന്നതായാൽ, അവരിൽ പ്രധാനമായി മൂന്നു പിരിവുകൾക്കു ധാരാളം ഇടയുണ്ടെന്നുള്ളതു പ്രഥമദൃഷ്ടിയിൽ മനസ്സിലാകും. ഒരുക്കൂട്ടം സംസ്കൃതപക്ഷപാതമുള്ള പണ്ഡിതന്മാരാണ്. ഒരുക്കൂട്ടം ആംഗലഭാഷയിൽ കാലം കഴിക്കുന്ന വ്യുത്പന്നന്മാരാണ്. മൂന്നാമതായ സംഘം ഈ രണ്ടുഭാഷയും മേമ്പടിക്കുമാത്രം കുറേശ്ശ കൈവശമാക്കിയിട്ടുള്ളവരായിരിക്കും. ഇവരിൽ ഭൂരിപക്ഷത്തിനും മലയാളഭാഷയിലുള്ള ഉത്തമഗ്രന്ഥങ്ങൾ എന്തെല്ലാമെന്നും അവ എങ്ങിനെ ഇരിക്കുന്നു എന്നും ഒരു ഗന്ധവുമുണ്ടായിരിക്കയില്ല. ചില നവീനകൃതികളിൽ ഇണങ്ങിയവയും കുറെ മാസികകളും പത്രങ്ങളുംകൊണ്ടു മാത്രമാണു, ഒട്ടുമുക്കാൽ പേരും ജീവിതം കഴിച്ചുകൂട്ടുന്നതു്.

ഇപ്പോഴുള്ള ചില മാസികകൾ വായിച്ചുനോക്കിയാൽ ഞാൻ തുടൻപറയുന്നതിൻെറ പരമാർത്ഥമെല്ലാം നിങ്ങൾക്കു മനസ്സിലാകും. മലയാളഭാഷയെ സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാത്ത പാണിനിയുടെവ്യാകരണം അനുവദിക്കാത്തുള്ള പ്രയോഗങ്ങൾ ഒന്നുംതന്നെ, മലയാളഭാഷയിൽ പാടില്ല എന്നു പറഞ്ഞുതുടങ്ങുവേ, സംസ്കൃതവും, മലയാളവും രണ്ടുഭാഷയാണെന്നു പറയുന്ന നാവു എന്തെന്നുംകൂടി നോക്കിക്കൊള്ളണം. ശീമക്കു പോകുന്ന ചില പരിഷ്കാരികൾ മടങ്ങിവന്നാൽ, വീട്ടിലും നാട്ടിലും ഉള്ള ആളുകളുടെ ഗ്രാമ്യസമ്പ്രദായങ്ങളൊന്നും പിടിക്കാറില്ലെന്നു സാധാരണ പറയാറുണ്ട്. അതുപോലെ സംസ്കൃതം പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചു വരുന്നവർക്കു നമ്മുടെ മലയാളഭാഷയുടെ വാക്കുകളുംമററും അത്ര ഇഷ്ടമാകുന്നില്ല. മലയാളത്തിൻെറ സമ്പ്രദായമനുസരിച്ചുള്ള വേഷവും ധരിച്ചു നടക്കുന്ന ആവാക്കുകളെ തടഞ്ഞുനിർത്തി, ആൾമാറാട്ടം കാട്ടുന്നതിനു്, ആശ്ചര്യത്തോടും, രോഷത്തോടുംകൂടി ഇവർ എന്തെല്ലാം ക്രൂരകൾ ചെയ്യുന്നു. എത്ര രൂക്ഷമായി അവയെ തല്ലി ഓടിക്കുവാൻ ശ്രമിക്കുന്നു. ഇതിനു അവരെ അധികം കുററം പറയേണ്ട; എന്തെന്നാൽ ഈ പണ്ഡിതന്മാരെ പരിചയിപ്പിച്ചതു ആ വിധത്തിലാണ്.

സാധാരണ ചില പണ്ഡിതന്മാരുടെ ജീവചരിത്രം നോക്കുകയാണെങ്കിൽ അതു ഇപ്രകാരമായിരിക്കും: മൂന്നുവയസ്സിൽ കാതു തുളച്ചുകഴിഞ്ഞു്, അഞ്ചുവയസ്സാകുമ്പോഴേക്കു എഴുത്തിനിരുത്തുകയായി. അ

ക്ഷരം പഠിച്ചു, കുട്ടിവായിക്കുമാറായാൽ സിദ്ധരൂപവും അമരകോശവും
ഉരുവിട്ടുവാനുള്ള സമയമാകും. അതിനുശേഷം കാവ്യം നോക്കുകയായി.
അവിടെയും പൂൎണ്ണവിരാമം ഇടാതെ നീണ്ടുപോയാൽ, ശാസ്ത്രപഠനത്തി
ലാണ് ചെന്നു നില്ക്കുക. ഓരോ ശാസ്ത്രങ്ങൾ പഠിക്കുന്ന കൂട്ടത്തിൽ
പലരും സംസ്കൃതവ്യാകരണത്തിലും നൈപുണ്യംസമ്പാദിച്ചു മടങ്ങും.
മലയാളഭാഷാപാണ്ഡിത്യം എന്തെന്നു, ആ ഭാഷയിൽ ഗണനീയമായ
കൈകാൎയ്യം ഇല്ലായ്കകൊണ്ടു ഒരു രൂപവും ഉണ്ടായിരിക്കയില്ല. എ
ന്നാൽ സംസ്കൃതഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവർ എല്ലാം മലയാളഭാഷാ
വിദഗ്ദ്ധന്മാരാണെന്ന്, നമ്മൾ എല്ലാവരും സമ്മതിച്ചിട്ടുള്ളതാണെ
ല്ലൊ. ഇവൎക്കു മലയാളഭാഷാസംബന്ധമായ സകല അധികാരവും മ
റവുള്ളവരെ അപേക്ഷിച്ചു ശീഘ്രം കിട്ടും. വേണമെങ്കിൽ ഒരു മാസി
കയുടെയൊ പത്രത്തിന്റെയൊ നടത്തിപ്പുകാരനുമാകാം. ഇത്രയും ക
ഴിഞ്ഞാൽ മലയാളഭാഷയോടുള്ള പ്രണയപ്രകടനമായി. ഇവിടെയാ
ണല്ലൊ രസം തുളുമ്പുന്നതു്.

മലയാളവാക്കുകൾ ഏതെങ്കിലും ഇവരുടെ അടുത്തുകൂടി പോ
കുമ്പോൾ ഉടനടി ഇവർ പാണിനിയുടെ അളവുകോൽ മാത്രംകൊണ്ടു
വന്നു, അളന്നു തുടങ്ങും. ഏതുഭാഷയിലെങ്കിലുമുള്ള ഒരു വാക്കിന്റെ
ഒററ രോമമെങ്കിലും സംസ്കൃതവ്യാകരണ നിയമത്തിന്നു വിരോധമായി
വളഞ്ഞൊ തിരിഞ്ഞൊ ഇരിക്കുന്നപക്ഷം,ഇവരുടെ കണ്ണുകൾ തുറിയ്ക്കും,
അധരം വിറയ്ക്കും, സാധുവായ ആ വാക്കിനു രാജ്യഭ്രഷ്ടം കല്പിക്കും.
ചിലർ ചില മലാളവാക്കുകളുടെ ഇടക്കു പിടികൂടി, തവളകളെ ചുഴ
ററി എറിയുംപോലെ എറിയുന്നതുകണ്ടാൽ, ഫലിതവും സങ്കടവും ഒ
രേസമയം ഉണ്ടാകും. ഭാഷാപന്തലിൽ കയറി പന്തിപിടിച്ചിട്ടുള്ള വാ
ക്കുകൾ പരിശോധിക്കുവാനായി, വൈയ്യാകരണപ്രമാണി വലിയ ദണ്ഡു
മേന്തി നടക്കുന്നതു കാണ്മാൻ കൌതുകമുണ്ട്. ഇടക്കെങ്ങാനും 'അധ്യാ
നം' മുതലായ സാധുവാക്കുകൾ പേടിച്ചു വിറച്ചു് ഇരിക്കുന്നതുകണ്ടാൽ
വടി ഉടൻ അതിന്റെ തലയിൽ വീഴും; അനന്തരം എഴുനേൽക്കുന്ന
തിന്നു ആജ്ഞാപിക്കുകയും, ഉത്തരക്ഷണത്തിൽ കഴുത്തിൽ പിടിച്ചു പു
റത്തു തള്ളുന്നതിന്നു ശ്രമിക്കയും ചെയ്യും. അധ്യാനനിൎഭാഗ്യവാൻ ഗോ
കൎണ്ണംമുതൽ കന്യാകുമാരിവരെയുള്ള എല്ലാമലയാളികളുടെ മുഖത്തും
ദയനീയമായി പാൎക്കെ നോക്കിത്തുടങ്ങും. സൎവരും അയാളെ അറിയു
മെന്നു പറഞ്ഞാൽപോലും വൈയ്യാകരണരാക്ഷസനു ദയവെന്നു പറ
ഞ്ഞതു അശേഷം തോന്നുകയില്ല.

---

ഭാഷ വൈയ്യാകരണനെ അപേക്ഷിച്ചിരിക്കയല്ലെന്നും, പി
ന്നെ ആയതു ആ ഭാഷ സംസാരിക്കുന്ന ജനതതിയെ ആശ്രയിച്ചു നി
ല്ക്കയാണെന്നും, മനസ്സിലാക്കേണ്ടതു ആവശ്യമാണു. ചില യന്ത്രങ്ങൾ

അച്ചടി അക്ഷരങ്ങൾ ലോഹത്തിൽ ഉണ്ടാക്കിത്തള്ളുന്നതുപോലെ, വൈയ്യാകരണൻ ഭാഷയിൽ പദങ്ങൾ സൃഷ്ടിക്കുന്ന യന്ത്രമല്ല. ഒരു ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കു, കേട്ടാൽ അൎത്ഥം ഒരുപോലെ മനസ്സിലാകുന്ന സഭ്യങ്ങളായ ഏതു പദവും, ആ ഭാഷയിലെ സാഹിത്യത്തിൽ ഉപയോഗിക്കാമെന്നാണു തോന്നുന്നതു്. എഴുതുന്ന ഭാഷയ്ക്കും സംസാരിക്കുന്ന ഭാഷക്കും തമ്മിൽ സാമാന്യമായുള്ള അന്തരം ചില ഭാഷകളിൽ കാണുന്നതു വിചാരിച്ചുനോക്കുമ്പോൾ കൈരളിയെ ആ നിൎഭാഗ്യം വളരെ ബാധിച്ചിട്ടില്ലെന്നു്, ആഹ്ലാദപൂൎവ്വം പറയേണ്ടിയിരിക്കുന്നു. ഭാഷയുടെ ഉദ്ദേശം ഉള്ളിലുള്ള ആശയം അന്യരെ ശരിയായി ധരിപ്പിക്കുന്നതാണെല്ലോ. ഇങ്ങിനെ വരുമ്പോൾ ഓരോ ശബ്ദത്തിനും ഉള്ളിൽ ചില ആശയം ഉണ്ടാക്കി തീൎക്കുവാനുള്ള സാമൎത്ഥ്യമുണ്ട്. ശബ്ദവും അൎത്ഥവും വേർതിരിക്കുവാൻ പാടില്ലാത്തവിധം അത്ര ചേൎന്നിരിക്കുന്നു. അൎത്ഥത്തെ ഉള്ളിൽ ഉല്പാദിപ്പിക്കുന്ന വാക്കിന്റെ ആ ഗുണത്തിന്ന് 'ശക്തി'യെന്നു പറയും. ഒരു വാക്കിന്റെ ശക്തിയറിയുന്നതിന്നു് പല മാൎഗ്ഗങ്ങളുണ്ട്.

"ശക്തിഗ്രഹം വ്യാകരണോപമാന കോശാപ്തവാക്യാദ്വ്യവഹാരതശ്ച വാക്യസ്യശേഷാത്—" ഇപ്രകാരമാണു പറയുന്നതു്. വ്യാകരണം, ഉപമാനം, നിഘണ്ടു, ആപ്തവാക്യം, വ്യവഹാരം, സന്ദൎഭം ഇവകൊണ്ടാണ്, ഭാഷയിൽ ഉണ്ടായിരിക്കുന്ന ഒരു പദത്തിന്റെ ശക്തി ഗ്രഹിക്കേണ്ടതു്: ഇവയിൽ പദശക്തി അറിവാനുള്ള പ്രധാനമാൎഗ്ഗം വ്യവഹാരം അല്ലെങ്കിൽ ജനങ്ങളുടെ ഇടക്കുള്ള പ്രയോഗപ്രസിദ്ധിയാണ്. "ശക്തിഗ്രാഹപ്രമാണേഷു വ്യവഹാരൊ മൂൎദ്ധന്യഃ" അതിനാൽ ധാരാളം പ്രചാരമുള്ള ഒരു പദം ആ പദമുപയോഗിക്കുന്ന ആളുകളുടെ ഭാഷയിലുള്ള മായമററ ഒരു സ്വൎണ്ണനാണ്യമായിരിക്കും 'സമകാലീനഃ' എന്ന വാക്കു 'സമകാലികഃ' എന്നതിനൊടൊപ്പം സംസ്കൃതവ്യാകരണനിയമമനുസരിച്ചു അത്ര ശരിയല്ലെങ്കിലും നൈയ്യായികന്മാരുടെ സാധാരണപ്രയോഗംകൊണ്ടു സാധുകരിച്ചതു നോക്കുക. മലയാളത്തിൽ അരുണവൎണ്ണത്തെക്കുറിക്കുന്ന വാക്കു ശരിയായി, 'ചെമ്' എന്ന മൂലപദത്തിൽനിന്നുണ്ടായ 'ചെമപ്പു'തന്നെയാണ്. എങ്കിലും, ഇപ്പോൾ ഈ വാക്കു ചുകപ്പ്, ചുവപ്പ്, എന്നുതുടങ്ങി പലരൂപത്തിൽ പ്രയോഗത്തിലുണ്ടല്ലൊ

ഭാഷയിൽ പദങ്ങൾക്കു പലവിധം മാററവും മറിച്ചിലുംവരും, അവയെല്ലാം ഇനംതിരിച്ചു സ്ഥാനം കല്പിച്ചു, കാൎയ്യകാരണസഹിതം സൂക്ഷിക്കുന്നതാണ് വൈയ്യാകരണകൃത്യം. അൎത്ഥസംബന്ധമായും ശബ്ദസംബന്ധമായും (ബാഹ്യരൂപസംബന്ധമായും) ഒരു ഭാഷയിലുള്ള വാക്കുകൾക്കു രസകരമായ മാററങ്ങൾ ഉണ്ട്.

“വൎണ്ണാഗമൊവൎണ്ണവിപൎയ്യയശ്ച ദ്വൌചാപരൌവൎണ്ണവികാരനാശൌ” ഈ മാററങ്ങൾ, വൎണ്ണത്തിന്റെ ആഗമം, വൎണ്ണവിപൎയ്യയം, വൎണ്ണത്തിനുണ്ടാകുന്ന വികാരം, വൎണ്ണനാശം, മുതലായവയാകുന്നു. ശബ്ദത്തിനു മാററം ഭാഷകളിൽ ഉണ്ടാകുന്നതു എങ്ങിനെയെന്നു നോക്കാം. പരിതസ്ഥിതികൾ അനുസരിച്ചു ശബ്ദവ്യത്യാസം വരും. സംസ്കൃതത്തിനുള്ള സന്ധിമൂലം ഉണ്ടാകുന്ന ശബ്ദവ്യത്യാസങ്ങൾ എല്ലാം ഈ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. പരിതസ്ഥിതിയൊന്നും അനുസരിക്കാതുള്ള ചില മാററങ്ങൾ കാണും. സംസ്കൃതത്തിലെ “ത്” എന്ന അക്ഷരം മലയാളത്തിൽ ചിലയിടത്ത് ‘ല്’ ആയിതീൎന്നിട്ടുള്ളതു് ഇപ്രകാരമാകുന്നു. ഇതു എന്തെന്നും, എങ്ങിനെയെന്നും നിൎണ്ണയിക്കുവാൻ പ്രയാസമത്രെ. ഇനിയും, “അക്ഷരലോപം” എന്ന സംഭവം പദങ്ങളുടെ ജീവിതദശയിൽ ഉണ്ടാകുന്നതായിക്കാണാം. വേദഭാഷയിലെ ‘തു വീരവവാൻ’ എന്ന പദം ‘തുവീരവാൻ’ ആയിത്തീൎന്നതു ഇപ്രകാരമാകുന്നു. ഉച്ചാരണസൌകൎയ്യമെന്നൊരു കാൎയ്യവും ഈ സംഭവത്തിന് അനുകൂലമായി വൎത്തിക്കുന്നു. മലയാളവാക്കുകളായിതീൎന്ന ‘ലക്ഷോപിലക്ഷ’വും ‘അധ്യാന’വും ഇപ്രകാരം, ‘ലക്ഷോപരിലക്ഷ’ത്തിനും ‘അധ്യയാന’ത്തിനും ‘രേഫലോപവും യകാരലോപവും ഉണ്ടായിട്ടുള്ളതായിരിക്കാം.

സ്വാതന്ത്ര്യശീലവും വിശാലമനസ്കതയും വൎദ്ധിച്ചുവരുന്ന ഈ ആധുനികകാലത്തു ഇപ്രകാരമുള്ള ചില ഭാഷാസംഭവങ്ങൾ ഉണ്ടാകുന്നവയ്ക്കു, ജനതതിക്കു ഒരു മലയാളഭാഷാശാസ്ത്രജ്ഞൻ മാപ്പുകൊടുക്കേണ്ട കടമയുണ്ട്. ഞാൻ എന്റെ എഴുത്തു അധികം വലുതാക്കാതെ അത്യാവശ്യം ചിലതെല്ലാം പറഞ്ഞു അവസാനിപ്പിക്കാം. പോരെങ്കിൽ ഭാഷാസംബന്ധമായ കാൎയ്യങ്ങൾ സവിസ്തരം പറയേണ്ട അവസരം ഇതു ആണെന്നും തോന്നുന്നില്ല.

മലയാളത്തിൽ കാണുന്ന ‘പക്ഷ’ശബ്ദത്തിനു സംസ്കൃതത്തിൽ കക്ഷി, അൎദ്ധം, രണ്ടിൽ ഒന്നു, എന്നിങ്ങനെയുള്ള അൎത്ഥമുണ്ട്. മലയാളഭാഷയിലും ഈ പദം ഒന്നിൽ കൂടുതൽ അൎത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. “കാൎയ്യം നടന്നു; പക്ഷെ അതിൽ ഒരു അബന്ധംപററി” എന്നു ഒരു ഭാഗത്തിൽ അബന്ധമുണ്ടെന്നുള്ള അൎത്ഥത്തിൽ തുടങ്ങിയിട്ടു അതിപ്പോൾ, ‘എന്നാൽ’ എന്നുള്ള അൎത്ഥത്തിൽ കലാശിച്ചുവരുന്നു. “ഒരു പക്ഷെ”, എന്നുള്ള പ്രയോഗം ‘ഒരു വേള, ഒരു സമയം, എന്നിങ്ങനെയുള്ള പ്രയോഗങ്ങളെപ്പോലെ സന്ദിഗ്ദ്ധാൎത്ഥത്തെ കുറിക്കുന്നു. പക്ഷെ എന്ന പദം സപ്തമ്യന്തമാണെങ്കിലും ഒനായി. ഒരു അവ്യയമായിമാത്രം മലയാളത്തിൽ എടുത്താൽ പോരും. സംസ്കൃതഭാഷയിൽ കൂടി വിഭക്ത്യന്തങ്ങൾ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്ന പദങ്ങൾ ചിലവ

അവ്യയങ്ങളായി ഉണ്ടെന്നു ശബ്ദപരിശോധന നന്നായി ചെയ്യുന്നവൎക്ക അറിയാവുന്നതാണ്. 'ചിരം' ചിരേണ, ചിരായ, ചിരാത്, ചിരസ്യ, ഈ പദങ്ങൾ അവ്യയങ്ങളാണെന്നു തോന്നുന്നു. വിഭക്തിപ്രത്യയങ്ങളുടെ അൎത്ഥം അവയ്ക്കു ഉണ്ടെന്നു തോന്നുന്നില്ല. ആകയാൽ 'രണ്ടുപക്ഷയൊഃ' എന്നും മററും പറഞ്ഞു ബുദ്ധിമുട്ടുന്നതിന്നു പകരം ഒരു പക്ഷെ എന്നു സാധാരണന്മാർ ഉപയോഗിക്കുന്നവണ്ണം ഉപയോഗിച്ചുകൊണ്ടാൽ മതിയല്ലൊ. 'ചാന്ദ്രമാസാൎദ്ധത്തിൽ' എന്ന അൎത്ഥത്തെ കുറിക്കുന്ന 'ഒരു പക്ഷത്തിൽ' എന്ന ഉപയോഗത്തിൽനിന്നും ഇതിന്നു തെളിഞ്ഞ ഒരു വ്യത്യാസവും കാണുന്നുണ്ട്.

(തുടരും) എം. കെ. ഗോപാലപിള്ള. മുതുകുളം.

# വിചാരവീചി.

"ഹിന്തിഭാഷാഭ്യസനം."

ഹിന്തിപ്രചരണാൎത്ഥം കേരളത്തിൽ സഞ്ചരിക്കുന്ന ദേശഭക്തന്മാൎക്ക് ഞങ്ങൾ സ്വാഗതം പറഞ്ഞുകൊള്ളുന്നു!

ഇന്ത്യാരാജ്യനിവാസികൾക്കു ഇപ്പോൾ അന്യോന്യമുള്ള മമത കുറവിന്നു പല കാരണങ്ങളുമുണ്ടെങ്കിലും അവയിൽ അപ്രധാനമല്ലാത്ത ഒരു കാരണമാണ് വിവിധഭാഷകളുടെ ഉപയോഗം. ഉത്തരേന്ത്യക്കാൎക്കും ദാക്ഷിണാത്യൎക്കുമുള്ള അധികപരിചയത്തിന്നും, സ്നേഹത്തിന്നും, വിശ്വാസത്തിന്നും കുറവുവരുന്നത് അവർ പല ഭാഷകൾ സംസാരിക്കുന്നതുകൊണ്ടാണ്. ഇന്നു ഭാരതീയരായ നാം എല്ലാം ഏകോപിച്ചു ഒരു സഭയിൽ സന്നിഹിതരായാൽ—കോൺഗ്രസ്സിൽ എന്നുതന്നെ വെക്കുക—നമുക്കു കാൎയ്യാലോചനക്കു ആംഗലഭാഷയെയാണല്ലൊ ശരണം പ്രാപിക്കേണ്ടിവരുന്നതു്. നൂറായിരം നാഴിക ദൂരെയുള്ള ഒരു ഭാഷയെക്കൊണ്ടാണ് ഏതാനും നാഴിക ദൂരത്തിരിക്കുന്ന ഭാരതീയർ അന്യോന്യം പരിചയപ്പെടേണ്ടത് എന്നു വരുന്നത് എത്ര പരിതാപകരമാണ്! ഇംഗ്ലീഷുഭാഷ ഇന്ത്യയിൽ ഏതാണ്ടു ഉറച്ചുപോയി എന്നു പറയുന്നവർ ഉണ്ട്. ആ കാരണംകൊണ്ടു അതുതന്നെ ശരണം പ്രാപിക്കുകയാണ് നല്ലതു് എന്നു അലസതകാണിക്കുന്നവരും പറയുമായിരിക്കാം. എന്നാൽ ഇന്ത്യയിൽ ഇംഗ്ലീഷു എന്നും ഒരു വിദേശഭാഷയായിട്ടുമാത്രമേ ഇരിക്കയുള്ളു. സംസ്കൃതഭാഷയെയാണ് ഒന്നുകിൽ നാം വീണ്ടും ഒരു ജീവൻഭാഷയാക്കിത്തീൎക്കേണ്ടത്. അല്ലെങ്കിൽ ഹിന്തിതന്നെയാണ് നാം സ്വീകരിക്കേണ്ടത്. സംസ്കൃതഭാഷയ്ക്കുള്ളത്ര കാഠിന്യം ഹിന്തി

യ്ക്കില്ല. എന്നു മാത്രമല്ല സംസ്കൃതഭാഷ ഇന്ത്യയിൽ ഒരേടവും സംസാരഭാഷയായിട്ടില്ല. നേരെ മറിച്ചു ഹിന്തിയാകട്ടെ, ഉത്തരേന്ത്യ മുഴുവനെയും പ്രചാരമുണ്ടെന്നുതന്നെ പറയാം. അല്പം ചില ഭേദങ്ങൾ ആ ഭാഷ സംസാരിക്കുന്നതിൽ ഉത്തരേന്ത്യയിൽതന്നെ കണ്ടേക്കാമെങ്കിലും അതിന്നു ഐകരൂപ്യം നൽകുന്നതിന്നു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല. ഹിന്തി സംസാരിക്കുമ്പോഴും ഒരു ഗൌരവം വ്യക്തമാവുന്നതാണ്. ഇന്ത്യയ്ക്കു ഒട്ടാകെ ഒരു പൊതുഭാഷ ആവശ്യമാണെന്നും അതു ഹിന്തിയായിരിക്കേണമെന്നും തീച്ചയാണ്. അതുകൊണ്ടു ഇതരദേശങ്ങളെ അപേക്ഷിച്ചു കേരളത്തിന്നു മാനഹാനിക്കൊ കുറവിന്നൊ ഇട വരാതിരിക്കേണമെങ്കിൽ കേരളീയർ ഹിന്തിഭാഷാഭ്യസനത്തിൽ ഒന്നു ഉണരുകതന്നെ വേണം. കൊച്ചിയിൽ ഇപ്പോൾതന്നെ ഹിന്തി വിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്നുണ്ടെന്ന കഥ എത്രയോ ചാരിതാൎത്ഥ്യത്തിന്നു ഇടയാക്കുന്നുണ്ട്. തിരുവിതാംകൂർ ഗവൎമ്മേണ്ടിന്നും ഇതു എളുപ്പത്തിൽ വിദ്യാലയങ്ങളിൽ പഠിപ്പിച്ചുതുടങ്ങുവാൻ സാധിക്കുന്നതാണ്. ആ ഗവൎമ്മേണ്ടു ഈ വിഷയത്തിൽ ഒന്നുകൊണ്ടും പിന്നോക്കം നില്ക്കുകയില്ലെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു കേരളീയർ മലയാളഭാഷാഭിവൃദ്ധിക്കു ഇനിമേലാൽ തുനിയേണ്ടതില്ലെന്നും ഹിന്തിഭാഷാഭ്യസനത്തിന്നാണ് ശ്രമിക്കേണ്ടതെന്നും വരുന്നതല്ലല്ലൊ. ഹിന്തി ഒരിക്കലും മലയാളഭാഷയ്ക്കു പകരമായി നമുക്കു സ്വീകരിപ്പാൻ തരമില്ല. അതു സാദ്ധ്യവുമല്ല. അതു ഇംഗ്ലീഷിന്നു പകരമാക്കുവാനെ നിവൎത്തിയുള്ളു. അതുകൊണ്ടു ഭാഷാഭിമാനികളും അതിന്നു ശ്രമിക്കേണ്ടതാണ്.

ഈ അവസരത്തിൽ ഒന്നുകൂടി പ്രസ്താവയോഗ്യമായിട്ടുണ്ട്. ബ്രാഹ്മണദ്വേഷംകൊണ്ടു ബ്രാഹ്മണേതരർ എന്തെങ്കിലും ചെയ്തുപോകരുത്. അതു ഒരുതരം ഭ്രാന്തായിത്തീരുന്നതാണ്. ബ്രാഹ്മണർ വേദം പഠിക്കുന്നുവെന്നുകരുതി വേദത്തെയും, അവർ ക്ഷേത്രങ്ങളിൽ പരികൎമ്മം ചെയ്യുന്നുവെന്നുഓൎത്തു ക്ഷേത്രത്തെയും അനാവശ്യവും ദോഷകരവുമെന്നു കരുതി നമുക്കു തള്ളുവാൻ തരമില്ല. ഇതിലെല്ലാം കാലോചിതമായ പരിഷ്കാരം വരുത്തുവാനെ ശ്രമിക്കാവൂ. കേരളത്തിലാണ് ബ്രാഹ്മണരെക്കൊണ്ടു വളരെ അധികം ദ്രോഹം ബ്രാഹ്മണേതരർ അനുഭവിച്ചുവരുന്നതെന്നതിന്നു സംശയമില്ല. എന്നാൽ കേരളീയരായ അബ്രാഹ്മണർ ഇത്തരം ഒരു ഭ്രാന്തിന്നു ഒരിക്കലും തുനിയുന്നതല്ലതന്നെ. പോരെങ്കിൽ കേരളബ്രാഹ്മണരാകട്ടെ അവരെ അബ്രാഹ്മണർ എതിൎക്കുന്നതിന്നുമുമ്പുതന്നെ അവർ കാലോചിതമായ പരിഷ്കാരങ്ങൾ സമുദായത്തിൽ ഏൎപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. "സ്വാഭിമാനസമാജ"മെന്നപേരിൽ ചിങ്കൽപേട്ടയിൽ ചേൎന്ന സഭയിൽ ഇവയൊക്കെയാണ് സൎവ്വസമ്മത

മായി പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ! അവിടെത്തന്നെ സംസ്കൃതവും ഹിന്ദിയും പഠിക്കുന്നത് പാപകരമാണെന്നും തീരുമാനിക്കപ്പെട്ടിരിക്കുന്നു. പോരെ രസം! ഒരു പക്ഷക്കാർ ഹിന്ദിപ്രചരണാർത്ഥം പരിശ്രമിക്കുന്നുവെങ്കിൽ വേറൊരു കക്ഷി അതിന്നെതിരായും ശ്രമിക്കാതിരിക്കുന്നില്ല. മദിരാശിസംസ്ഥാനത്തിലെ സാമുദായികമായും രാഷ്ട്രീയമായുമുള്ള സകല പരിശ്രമങ്ങൾക്കും തടസ്ഥമുണ്ടാകാതിരിക്കുന്നില്ലെന്നത് വളരെ ശോചനീയമായ ഒരു സംഗതിയാണ്. ഇതിന്നു കാരണം, ന്യായവും മര്യ്യാദയും ഗണിക്കാതെ, സ്വാർത്ഥത്തെ ഗായത്രികൊണ്ടും പിടിച്ചുപറികൊണ്ടും, പൂജിക്കുന്ന അയ്യങ്കാർമാരുടേയും ഏതാനും അയ്യർമാരുടേയും ദുർന്നടവടിയാണെന്നതിന്നു യാതൊരു സംശയവുമില്ല. ഇക്കാരണംകൊണ്ടുതന്നെയാണ് സംസ്കൃതവും ഹിന്ദിയും ബ്രാഹ്മണരുടെ ഭാഷയാണെന്നു ഗണിക്കുവാനും അവ പഠിക്കുന്നതിൽനിന്നു ജനങ്ങളെ വിലംഘിക്കുവാനും ഇടയായത്. എന്നാൽ ഇത് ഒട്ടും ആശാസ്യമല്ലതന്നെ. സംസ്കൃതത്തെയും ഹിന്ദിയെയും ആര്യ്യാവർത്തമുള്ളന്നു നമുക്കു വിഗണിക്കുവാൻ തരമില്ല. ഇപ്പോൾ ഹിന്ദീപഠനത്തിൽ അബ്രാഹ്മണർ വൈമുഖ്യം കാണിക്കുകയാണെങ്കിൽ, ഇന്ത്യാരാജ്യം മുഴുവനും ഒരു ഭാഷ സംസാരിക്കുവാനും ഉപയോഗിക്കുവാനും ഇടയായി ഹിന്ദി ഇന്ത്യയിലെ ദേശീയഭാഷയാകുമ്പോൾ അബ്രാഹ്മണർ വീണ്ടും വിദ്യാവിഹീനരാണെന്നു പറയപ്പെടുവാനാണ് ഇടയായിത്തീരുക. അതിനാൽ "സ്വാഭിമാനസമാജ"ക്കാർ ഈ അഭിപ്രായം ഉടനെ മാറേറണ്ടതും, എല്ലാവരും ഏകോപിച്ചു ഈ വിഷയത്തിലെങ്കിലും ജാതിത്തർക്കംകൂടാതെ ഉത്സാഹിക്കേണ്ടതും ആണ്. കേരളീയർ ഹിന്ദിഭാഷാഭ്യസനത്തിൽ പൂർവ്വാധികം പരിശ്രമിച്ചുകാണുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കട്ടെ!

# വിജ്ഞാനസൌധം.

"മത്സ്യങ്ങൾക്കു തലച്ചോറുണ്ടോ?"

മത്സ്യങ്ങൾക്കു തലച്ചോറുണ്ടായിരിക്കാം. എന്നാൽ ആ തലച്ചോറുകൊണ്ടു അതിന്നു ഉപയോഗിക്കുവാൻ കഴിയുമൊ എന്ന കാര്യ്യം ഇപ്പോഴും വാദവിഷയമായിട്ടാണ് ഇരിക്കുന്നത്. ഇതിന്നു ഒരു ലക്ഷണം, ഒരു പ്രാവശ്യത്തെ അനുഭവത്തെ അടിസ്ഥാനമാക്കി അതിന്നു പിന്നീടു പ്രവൃത്തിക്കുവാൻ കഴിയുന്നുണ്ടോ എന്നതാണ്. സേർ ആർതർ കീത്ത് എന്ന ശാസ്ത്രജ്ഞൻെറ അഭിപ്രായം മത്സ്യങ്ങൾക്കു ഇതു സാധിക്കയില്ലെന്നാണ്. എന്നാൽ മത്സ്യപ്രദർശനശാലകളിലെ വിചാരിപ്പു

കാരുടെയും മീൻപിടുത്തക്കാരുടേയും അഭിപ്രായം നേരെ മറിച്ചുമാണ്. മത്സ്യങ്ങൾക്കു തലച്ചോറുകൊണ്ടു മററൊന്നും ചെയ്വാൻ കഴിഞ്ഞില്ലെങ്കിലും ശരി, അവയ്ക്കു സ്വാനുഭവത്തെ ആസ്പദമാക്കി പ്രവൃത്തിപ്പാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല എന്നാണ് ലണ്ടൻ മത്സ്യപ്രദർശനശാലയിലെ ഡയരക്ടറായ ബോളിഞ്ചരുടെ മതം. ഒരു തവണ കുറെ ചെറുമീനുകളേയും ഒരു വലിയ മത്സ്യത്തെയും ഒരു കണ്ണാടിയറയിൽ ഇട്ടുവെച്ചപ്പോൾ ആ വലിയ മത്സ്യം ചെറിയവകളെയൊക്കെ തിന്നുകളഞ്ഞു. പക്ഷെ പിന്നൊത്തവണ കുറെ ചെറുമീനുകളെ അതെ കണ്ണാടിയറയിൽതന്നെ ഒരു കണ്ണാടിപ്പലകകൊണ്ടു വേർതിരിക്കപ്പെട്ട ഒരു ഭാഗത്തിൽ ഇട്ടുവെച്ചു. വലിയ മത്സ്യം കുറെ പ്രാവശ്യം ആ കണ്ണാടി തച്ചുടച്ചു അവയെത്തിന്നുവാൻ ശ്രമിച്ചു. പക്ഷെ അതിന്റെ ശ്രമം വിഫലമായെന്നു കണ്ടപ്പൊഴും അതിന്നു വേദന തട്ടിയപ്പോഴും അതു ആ ഉദ്യമം വേണ്ടെന്നുവെച്ചു. പിന്നീടു ആ അറ രണ്ടായിരിക്കുന്ന കണ്ണാടിപ്പലക എടുത്തു കളഞ്ഞതിന്നു ശേഷവും ആ വലിയ മത്സ്യം അതിന്റെ അതിരു കടന്നു പോയില്ല. ചെറുമീനുകളും വലിയ മത്സവും പിന്നീടു ഒരേ ഒരു അറയുടെ രണ്ടു അററങ്ങളാണ് അധിവസിച്ചത്. ബോളിഞ്ചരാണ് സാധാരണയായി മത്സ്യങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നത്. അയാൾ കണ്ണാടിയറയിൽ കയ്യിട്ടാൽ ഉടനെ മത്സ്യങ്ങൾ വന്നു അയാളുടെ വിരലുകൾ നക്കിത്തുടങ്ങും. വേറെ ഏതൊരാളും കൈ കടത്തിയാൽ മത്സ്യങ്ങൾ ഭയപ്പെട്ടു ഓടുകയാണ് പതിവ്. ഇതും അവയുടെ അനുഭവത്തെ അടിസ്ഥാനമാക്കിയാണല്ലൊ അവ ചെയ്യുന്നത്. ചൂണ്ടലിട്ടു മീൻ പിടിക്കുന്നവക്കു, ഒരിക്കൽ ഒരു മീൻ ഇരകൊത്തി ദൈവഗത്യാ രക്ഷപ്രാപിച്ചുപോയെങ്കിൽ അതു എന്നല്ല, ആ ഇടത്തിൽ ഒരു മത്സ്യവും പിന്നെ ആ ഇര കൊത്തുന്നതല്ലെന്നു നല്ല നിശ്ചയമുണ്ടായിരിക്കുമല്ലൊ. ഇതിൽ നിന്നെല്ലാം നാം ഊഹിക്കേണ്ടിയിരിക്കുന്നത് മത്സ്യത്തിന്നു തലച്ചോറുകൊണ്ടു പ്രയോജനമുണ്ടെന്നുതന്നെയല്ലെ.

കെ. വി.

വാഴക്കുലയുടെ പ്രത്യേകത:—അസാധാരണയായി നമ്മുടെ സ്ത്രീകൾ രണ്ടും മൂന്നും കുട്ടികളെ പ്രസവിക്കാറുണ്ട്. ഈ മാതിരി വിശേഷവിധി ചില വൃക്ഷങ്ങളും കാണിക്കുന്നുണ്ട്. തിരുവനന്തപുരത്ത് മൂന്നു പ്രത്യേകമാന്നിയുള്ള ഒരു കുല ഉണ്ടായതു വളരെ ആശ്ചര്യമായിരിക്കുന്നു. ഉടല് കണ്ടാൽ മൂന്നുകുല ഒന്നിച്ചുചേൎന്നുപോയതാണെന്ന് ആൎക്കും മനസ്സിലാകും, അതിന്റെ ഉടമസ്ഥൻ ആ കുല സമീപത്തുള്ള ഒരു ക്ഷേത്രത്തിൽ കാഴ്ചവെച്ചു എന്നു കേട്ടു. ഇങ്ങിനെയുള്ള അപൂൎവവസ്തുക്കൾ കായ്ക്കുന്ന മരത്തിന്റെ ചുവടെ നിക്ഷേപകുംഭങ്ങൾ ഉണ്ടാകുമെന്നാണ് ജനങ്ങളുടെ ഇടയിൽ പ്രബലമായ വിശ്വാസം.

വിവാഹമോചനം:—പരിഷ്കാരം വൎദ്ധിക്കുന്തോറും വിവാഹബന്ധത്തിന്റെ ശക്തി കുറഞ്ഞു വരികയാണ് ചെയ്യുന്നത്. പരന്ത്രീസുകാരുടെ ഇടയിൽ വിവാഹം ഒരു നിശ്ചിതസമയത്തോളം മാത്രമുള്ള ഒരു ബന്ധമായിത്തീൎന്നിരിക്കുന്നു. ആ സമയം കഴിഞ്ഞാൽ രണ്ടുഭാഗക്കും ഇഷ്ടമുണ്ടെങ്കിൽ പിന്നെയും അവധി നീട്ടാവുന്നതാണ്. അമേരിക്കയിൽ വിവാഹങ്ങളിൽ ആറിലൊന്ന് റദ്ദാക്കപ്പെട്ടതായി കൊല്ലക്കണക്കെടുത്തുനോക്കിയതിൽ കണ്ടിരിക്കുന്നു. മേജർമാക്കു വിവാഹം പാട്ടുള്ള എന്ന പിടിത്തമുള്ള ഇംഗ്ലാണ്ടിൽ 1927ൽ വിവാഹം കഴിഞ്ഞ സമയത്ത് നാല് സ്ത്രീകൾ 14-ം മുപ്പതു സ്ത്രീകൾക്ക 15-ം വയസ്സ് മാത്രമേ ആയിരുന്നുള്ളൂ.

നോട്ട്:—ഇംഗ്ലണ്ടിൽ 300 കോടി പവൻ വിലക്കുള്ള നോട്ടുകൾ നടപ്പിലുണ്ടത്രെ.

ദുൎമ്മരണം:—ഒരു പ്രസിദ്ധനായ ശിക്കാറിയോ നായാട്ടുകാരനൊ അബദ്ധത്തിൽ ഒരു നരിയാൽ കൊല്ലപ്പെട്ടുപോയാൽ ആ വൎത്തമാനം പത്രംവഴിയായി പലദിക്കിലും പരക്കുന്നു. എന്നാൽ വങ്കാട്ടുകളുടെ സമീപത്തുള്ള ഗ്രാമങ്ങളിൽ നിന്ന് കാട്ടുമൃഗങ്ങളാൽ കൊല്ലപ്പെട്ടുപോകുന്ന ജനങ്ങളുടെ എണ്ണം ആരും അറിയുന്നെ ഇല്ല. കുന്തംകൊണ്ടു കുത്തി നരിയെ കൊല്ലുന്ന കൂട്ടരും കൂടി ചില ഗ്രാമക്കാരുടെ ഇടയിൽ ഉണ്ട്. അവരുടെ ധീരപരാക്രമങ്ങളെപററി വൎണ്ണിക്കാൻ ആരും ഇല്ലാതെ പോയത് വളരെ അമാന്തംതന്നെ. 1927ൽ ഗവൎമ്മേണ്ട് പ്രസിദ്ധംചെയ്ത ഒരു റിപ്പോൎട്ട് പ്രകാരം ഇന്ത്യയിൽ കാട്ടുമൃഗങ്ങൾ 2285 ജനങ്ങളെ കൊന്നിട്ടുണ്ടെന്നുകാണുന്നു. ഗവൎമ്മേണ്ടിന്നു വാസ്തവം പറഞ്ഞാൽ അറിവ് കിട്ടാത്തസംഗതികളാണ് അധികം ഉണ്ടായിരിക്ക എന്നുകൂടി ഊഹിച്ചാൽ കാട്ടുമൃഗങ്ങളുടെ ദ്രോഹം ചില്ലറയല്ലെന്നു മനസ്സിലാക്കാം. ഈ സംഖ്യയിൽ 1633 ആളെ കൊന്നത് വരിയൻ നരിയാണ്. ചോലനായ്ക്കൾ (Wolves) 465 ആളെ കൊന്നിരിക്കുന്നു. പുള്ളിനരികൾ 218-ം കരടികൾ 78-ം ആനകൾ 56-ം മോറകൾ 12-ം ആളുകളുടെ മരണത്തിന്ന് ഉത്തരവാദികളാണ്. 423 ജനങ്ങളെ മററു ജന്തുക്കൾ കൊന്നതായിപ്പറയണം. ഇതിൽ ചീങ്കണ്ണികൾ 136 ആളേയും, കാട്ടുപന്നി 85 ആളേയും, കുറുക്കന്മാർ 41 ആളേയും കൊന്നിട്ടുണ്ടത്രെ. എന്നാൽ പാമ്പിൻകടിയേററു മരണപ്പെട്ടവരുടെ തുക നോക്കുമ്പോളാണ് നാം വിസ്മയപ്പെട്ടുപോകുന്നത്. 19069 ആളാണ് ഇന്ത്യയിൽ 1927ൽ വിഷംതീണ്ടി മരിച്ചത്. ഇതുതന്നെ ഗവൎമ്മേണ്ടിന്റെ അറിവിൽപെട്ട സംഖ്യ മാത്രമാണ്.

ബൎമ്മയിലെ രത്നങ്ങൾ:—ബൎമ്മയിലെ രത്നഖനികൾക്ക വളരെ ഉടവു തട്ടിയിരുന്നത് പരമാൎത്ഥമാണെങ്കിലും ഇയ്യിടെ മോഗോക്ക് എന്ന സ്ഥലത്ത് അനവധി രത്നങ്ങൾ വിളഞ്ഞുകണ്ടിരിക്കുന്നു. അവിടുന്നു പത്തു

റാത്തൽ തൂങ്ങുന്ന ഒരു ഇന്ദ്രനീലക്കല്ല് കണ്ടുകിട്ടിയിരിക്കുന്നു. ഇതുകൂടാതെ അവിടുന്നു 2½ തോല തൂങ്ങുന്ന ഒരു മാണിക്യരത്നവും കിട്ടിയിരിക്കുന്നു. ഇതിന്നു യാതൊരു കേടും കാണാനില്ലത്രെ. ഈ ഒരൊററക്കല്ലിന്നു മൂന്നുലക്ഷം ഉറുപ്പിക വിലമതിക്കുന്നുണ്ട്. ഈ പുതിയ ഖനിയിൽനിന്നു കഴിഞ്ഞകൊല്ലം 21 ലക്ഷം ഉറുപ്പിക വിലക്കുള്ള നീലക്കല്ലുകൾ എടുത്തിട്ടുണ്ട്.

കറക്കാൻ സാധിക്കുന്ന ആണാട്:—മനുഷ്യരിൽ ആണുങ്ങളിൽ ചിലക്കു പെണ്ണുങ്ങളെപ്പോലെ വലിയ സ്തനങ്ങൾ ഉണ്ടായിക്കാണാറുണ്ട്. ആടുകളിൽ ചില ആൺ പെണ്ണിനെപ്പോലെ വലിയ അകിട് ധരിക്കുന്നതായും, അതിൽനിന്നു പാൽ കറക്കാവുന്നതായും ഒരു റിപ്പോർട്ട് നിപ്പാൾ രാജ്യത്തിൽനിന്ന് കിട്ടിയിരിക്കുന്നു. ഈ ആട് ഇപ്പോൾ കൽക്കട്ടയിലെ കാഴ്ചബങ്കളാവിലാണ് ഉള്ളത്. രാവിലെയും വൈകുന്നേരവും ഓരോ സേർ പാൽ കറക്കാം.

പുരുഷൻ:—നിങ്ങളുടെ സ്ത്രീത്വത്തിൻെറ അവകാശവാദങ്ങളൊക്കെ അവിടെ ഇരിക്കട്ടെ. രൂപഗുണത്തെയല്ലാതെ ബുദ്ധിയെ സ്ത്രീകൾ ഗണിക്കാറില്ല.

സ്ത്രീ:—അത് വളരെ പുരുഷന്മാർ വങ്കന്മാരും അപൂൎവ്വംമാത്രം അന്ധന്മാരും ആകകൊണ്ടാണ്.

ഉഷ്ണം:—ഉഷ്ണരാജ്യങ്ങളിൽ തണുപ്പിന്നുവേണ്ടി ഈ കാലങ്ങളിൽ അയിസ്സ് ഉണ്ടാക്കുന്നതാണ് നടപ്പ്. എന്നാൽ അത് രാജ്യമെങ്ങും തണുപ്പാക്കുന്നില്ല. ഇയ്യിടെ ഒരു പരന്ത്രീസുകാരൻ ഒരു പുതിയവിദ്യ കണ്ടുപിടിച്ചിരിക്കുന്നു. കടലിൽ വളരെ ചുവടെ ചെന്നാൽ വെള്ളം അത്യന്തം തണുപ്പാണത്രെ ആ തണുപ്പ് പുറമെകൊണ്ടുവരാൻ അദ്ദേഹം ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. അതു പ്രചാരത്തിൽ വന്നാൽ ഉഷ്ണത്തിന്നു വളരെ ശമനമുണ്ടാക്കാൻ സാധിക്കുമെന്നു കണ്ടിരിക്കുന്നു. ജോൎജ്ജ്ക്ലോർഡ് എന്നാണ് ആ പണ്ഡിതൻെറ പേർ.

ജോലിയില്ലാത്തവർ:—കൂലിപ്രവൃത്തി എടുത്തിട്ടെങ്കിലുംനാൾ കഴിക്കാമെന്ന് വിചാരിക്കുന്നവർ പലരുമുണ്ട്. എന്നാൽ ആ പ്രവൃത്തിയും കൂടി കിട്ടാതെ പോയാൽ അഗതികളുടെ കഥ എന്താണ്. ഇംഗ്ലണ്ടിൽതന്നെ 1½ ലക്ഷത്തിൽ അധികം ജനങ്ങൾക്കു ജോലിയൊന്നുമില്ല. ഖനികളിൽതന്നെ മൂന്നുലക്ഷം പേൎക്ക് പണിയില്ലാതായി വന്നിരിക്കുന്നു.

കുളവാഴ (Water lyacinth) ബങ്കാളത്ത് ഈ ചെടി പൊതുജനങ്ങൾക്ക് ആപല്ക്കരമാകുംവണ്ണം പരന്നിരിക്കുന്നു. കഴിഞ്ഞ 13 കൊല്ലത്തിന്നുള്ളിൽ പെരുകിയവണ്ണം കുളവാഴ പെരുകുന്നതായാൽ ഇനി

യൊരു 13 കൊല്ലത്തിന്നുള്ളിൽ എത്രയോ ഏക്കർ സ്ഥലം ജനവാസ ഹിതമല്ലാതായിത്തീരുന്നതാണെന്നുമാത്രമല്ല ഗതാഗതത്തിന്ന വിഘ്നവും കൂടി നേരിടുമെന്ന കണ്ടിരിക്കുന്നു. ഈ ചെടി 1897ൽ ഒരാൾ ആസ്ത്രേലിയയിൽ നിന്ന് ഒരു ചട്ടിയിലാക്കിക്കൊണ്ടുവന്നതാണ്. ഇപ്പോൾ എത്രയോ ലക്ഷം ഏക്കർ ചതുപ്പുസ്ഥലങ്ങൾ ഈ ചെടികൊണ്ട് മൂടപ്പെട്ടുപോയിരിക്കുന്നു. ഏതെങ്കിലും ഒരു കൃഷിസ്ഥലം ഒരു കൊല്ലത്തിൽ കൃഷി ചെയ്യാതെ ഇട്ടേച്ചാൽ പിറെറകൊല്ലം കളവാഴകൊണ്ടു ആ സ്ഥലം മൂടപ്പെട്ടുപോകും എന്നു പറയുന്നത് അതിശയോക്തിയല്ല.

അകാലമരണം:—അല്പം സൂക്ഷ്മംകൊണ്ടു നിവാരണം ചെയ്യാവുന്ന കാരണങ്ങൾകൊണ്ട് അനേകലക്ഷം ഇന്ത്യക്കാക്ക് അകാലമരണം നേരിടുന്നുണ്ടെന്ന് ബെൻട്ലി എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. ഇങ്ങിനേയുള്ള സംഗതികൊണ്ട് കൊല്ലംതോറും കുറയാതെ പതിനഞ്ചു ലക്ഷം ജനങ്ങൾ ബെങ്കാളത്തിൽനിന്ന് മാത്രം മരണപ്പെടുന്നു. ഇതിൽ ഏഴര ലക്ഷം ആളുകൾ 15 വയസ്സിൽ താണവരാണ്. നാലുലക്ഷത്തെഴുപതിനായിരം ജനങ്ങൾ മരിക്കുന്നത് വിഷൂചികകൊണ്ടും ഗലമ്പനികൊണ്ടും, ഒരുലക്ഷം ആന്ത്രത്തിൻെറ സുഖക്കേടുകൊണ്ടും, ഒരു ലക്ഷത്തിൽ അധികം ക്ഷയംകൊണ്ടുമാണ്. ഇതിൽ അമ്പത്തയ്യായിരം കുട്ടി(ആറുമാസം തികയാത്ത)കൾ മരിക്കുന്നത് അഗ്നിവാതം കൊണ്ടാണ്. പോഷകദ്രവ്യമിഷല്ലാത്ത ഭക്ഷണംകൊണ്ടും ചീത്തഭക്ഷണം കൊണ്ടും രോഗങ്ങൾ തടുക്കാനുള്ള ചൈതന്യം ജനങ്ങളുടെ ദേഹത്തിൽ കുറഞ്ഞുപോകുന്നു.

---

# അന്യസഹജീവികൾ.

"മഹാത്മാഗാന്ധി തൻെറ മകൻെറ വിവാഹാവസരത്തിൽ ചെയ്ത സാരോപദേശം"

"നീ നിൻെറ വീഴ്ചകളെല്ലാം എന്നോടു സമ്മതിച്ചിട്ടുണ്ട്. അവ എന്നെ ഒരിക്കലും അസ്വസ്ഥനാക്കീട്ടില്ല. നിൻെറ ശുദ്ധഗതിയിലുള്ള കുററസമ്മതം എൻെറ ദൃഷ്ടിയിൽ നിന്നെ കുറെക്കൂടി ഉൽകൃഷ്ടനാക്കീട്ടുണ്ട്. ലോകം നിന്നെ വഞ്ചിക്കയല്ലാതെ നീ ആരെയും വഞ്ചിക്കയില്ലെന്നുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. ആജീവനാന്തം നീ ഈ സത്യമാർഗ്ഗം കൈവിടാതിരിക്കട്ടെ."

"നീ നിൻെറ പ്രിയതമയുടെ മാനത്തെ രക്ഷിക്കേണ്ടതാണ്. അവളുടെ യജമാനനാവാതെ അവളുടെ ഒരു ഉത്തമസ്നേഹിതനായിരി

ക്കുക. അവരം നിൻെറ ദേഹവും ദേഹിയും എത്രത്തോളം പാവനമായിക്കരുതുന്നുവോ, അതുപോലെ അവളുടെ ദേഹത്തെയും ദേഹിയേയും നീയ്യും കരുതണം. ആ ഉദ്ദേശം നിറവേററണമെങ്കിൽ പ്രാത്ഥനാപൂവ്വമായ പ്രയത്നം, ആഡംബരരാഹിത്യം, ആത്മസംയമനം എന്നീ ഗുണങ്ങൾകൊണ്ടു പരിപൂണ്ണമായ ഒരു ജീവിതം നയിക്കേണ്ടതായിവരും. നിങ്ങളിൽ ഒരാരം മറെറാരാളെ കാമസംതൃപ്തിക്കുള്ളൊരു സാധനമായി വിചാരിക്കരുതു്".

"നിങ്ങൾക്കു രണ്ടുപേക്കും നിങ്ങളുടെ അഭ്യാസകാലം ഏതാനും ഇവിടെ കഴിഞ്ഞിരിക്കുന്നു. നിങ്ങൾ രണ്ടുപേരുടേയും ജീവിതം മാതൃഭൂമിയുടെ സേവനത്തിന്നായി ഉഴിഞ്ഞുവെക്കുക. നിങ്ങളുടെ ദേഹം നശിക്കുന്നതുവരെ അദ്ധ്വാനിക്കയും ചെയ്യു. നമ്മൾ ദാരിദ്ര്യത്തെ വരിച്ചവരാണു്. അതുകൊണ്ടു് ദരിദ്രന്മാർ ചെയ്യുംപോലെ നിങ്ങളും വിയപ്പുവെള്ളം പൊടിഞ്ഞുതന്നെ ഉപജീവനം കഴിക്കണം. നിങ്ങൾ നിങ്ങളുടെ നിത്യകമ്മങ്ങളിൽ അന്യോന്യം സഹായിക്കുകയും അങ്ങിനെ ചെയ്യുന്നതിൽ സന്തോഷിക്കുകയും വേണ്ടതാണു്".

"ഞാൻ നിങ്ങൾക്കു് യാതൊരു സമ്മാനവും തന്നിട്ടില്ല. ഒരു ജോടി തക്ലിയും ഞാൻ അത്യന്തം ആദരിച്ചുവരുന്ന ഭഗവൽഗീത, ഭജനാവലി എന്നീ ഗ്രന്ഥങ്ങളുടെ പ്രതികളും അല്ലാതെ യാതൊന്നും തരാൻ എന്നെക്കൊണ്ടു സാധിക്കുന്നതുമല്ല. പരുത്തികൊണ്ടുണ്ടാക്കിയ മാലകൾ നിങ്ങൾക്കു എന്നന്നേക്കും രക്ഷയായിരിക്കട്ടെ. എൻെറ സ്നേഹിതന്മാരെക്കൊണ്ടു വിലപിടിച്ച സമ്മാനങ്ങൾ നിങ്ങൾക്കു തരുവിച്ചിരുന്നുവെങ്കിൽ ഈ ലോകം എൻെറ കാപട്യത്തെപററി പുച്ഛിക്കുമായിരുന്നു. ഇന്നാകട്ടെ എൻെറ സ്ഥിതിക്കനുസരിച്ചതായ സാധനങ്ങൾ മാത്രമെ ഞാൻ നിങ്ങൾക്കു തരുന്നുള്ളുവെന്നതിന്നു വേറെ ലക്ഷ്യങ്ങൾ ആവശ്യമില്ല".

"ഗീത, എനിക്കെങ്ങിനെയോ അതുപോലെ നിങ്ങൾക്കും ഒരു രത്നഖനിയായിരിക്കട്ടെ. അതു നിങ്ങളുടെ ജീവിതപന്ഥാവിൽ എപ്പോഴും ഒരു മാൎഗ്ഗദശിയും മിത്രവുമായിത്തീരട്ടെ. അതു നിങ്ങളുടെ മാൎഗ്ഗം ലഘൂവാക്കുകയും നിങ്ങളുടെ പരിശ്രമങ്ങൾ പ്രശംസാഹവുമാക്കുകയും ചെയ്യട്ടെ. ഈശ്വരൻ, പരോപകാരപരമായ ദീഘായുഷ്കാലം നിങ്ങൾക്കു നൽകട്ടെ."

The non Brahmin youth.

"രണ്ടു സൂര്യന്മാരുടെ ഉദയം"

റോമയിലെ ഒരു അത്ഭുതദർശനം

റോം, ഫിബ്ര 18.

ഇന്നലെ ഏതാണ്ടു മദ്ധ്യാഹ്നസമയത്തു ഇവിടെ ജനങ്ങളെല്ലാം അത്ഭുതപരതന്ത്രരായിത്തീർന്ന ഒരു സംഭവമുണ്ടായി. നീലാഭമായ അന്തരീക്ഷത്തിൽ രണ്ടു സൂര്യന്മാർ ഒരേ സമയത്തു ഉദിച്ചുയർന്ന കാഴ്ചയായിരുന്നു അതു. ഈ രണ്ടു സൂര്യബിംബങ്ങളേയും ഒരു അത്യുഗ്രപ്രഭാരേഖ സംയോജിപ്പിച്ചുമിരുന്നു. ഒരു ഉപമ പറകയാണെങ്കിൽ ഒരു കണ്ണടയുടെ ഛായയായാണു തോന്നിയതു. ഇതു ഒരു അപൂർവ്വമായ പ്രാകൃതിക പ്രതിഭാസമാണെന്നാണു ഗോളശാസ്ത്രജ്ഞന്മാർ പറയുന്നതു. അംബരമദ്ധ്യത്തിൽ അങ്ങിങ്ങായി സ്ഥിതിചെയ്യാനിടയായിട്ടുള്ള ഹിമകണസഞ്ചയത്തിന്മേൽ സൂര്യപ്രകാശത്തിന്റെ ഒരു പ്രത്യേകതരത്തിലുണ്ടായ പ്രതിഫലനം ജനദൃഷ്ടിയെ കബളിപ്പിച്ചതാണെന്നാണു ശാസ്ത്രജ്ഞന്മാരുടെമതം. ജനങ്ങൾ അന്ധവിശ്വാസപരമായ ഒരഭിപ്രായവും പുറപ്പെടുവിച്ചു കാണ്മാനുണ്ടു. ഇററലിയിലെ രാജാവും പോപ്പും തമ്മിൽ ഈയിടെ മംഗളമായ നിലയിൽ നടന്ന സന്ധികരാറിന്റെ ശ്ലാഘ്യമായ പര്യവസാനത്തിൽ സന്തോഷിക്കുവാനായി രണ്ടു സൂര്യന്മാർ ഉദിച്ചതാണെന്നും ഇതിൽ ഒരു സൂര്യൻ രാജാവും മറേറതു പോപ്പും ആണെന്നും ഇവയെക്കൂട്ടിയിണക്കുന്ന പ്രഭാരേഖ സീനോർ മുസോളിനിയാണെന്നുമാണു ഈ അഭിപ്രായഗതി. ഇതൊരു ശുഭോദർക്കമായ ലക്ഷണമായിട്ടും ജനങ്ങൾ ഗണിക്കുന്നു. (യോഗക്ഷേമം)

"കേരളസംസ്കാരം" (തുടച്ച്)

(ചേലനാട്ട് അച്യുതമേനോൻ ബി. എ.)

"പടകാളിമുററത്തും ചെന്നിറങ്ങി
ഭൂമിയുംതൊട്ടുനെറയിൽവെച്ചു
സൂര്യഭഗവാനെക്കൈതൊഴുതു."

എന്നൊക്കെ വടക്കൻപാട്ടുകളിൽ പലേടത്തും ആവർത്തിച്ചു കാണാം. കോമൻ, ഒതേനൻ മുതലായവർ കളിക്കുമ്പോൾ തേവാരം കഴിക്കാറുണ്ടെന്നും പാട്ടുകളിൽ കാണ്മാനുണ്ട്. അധികം വിസ്തരിക്കുന്നില്ല.

കേരളീയർ വലിയ കാൎയ്യമായികരുതിയിരുന്ന ഒരാദൎശം മാനസംരക്ഷണമാണ്. മാനം നേടുന്നതിൽ മരിക്കേണ്ടിവന്നാൽപോലും അവൎക്കു വലിയ സന്തോഷമാണ്. അതിന്നായിട്ട് അവർ ഏൎപ്പെടുത്തിയതാണ് യുദ്ധവും അങ്കവും. കളരിയും, കച്ചകെട്ടും, പയററും പണ്ടു കേരളത്തിൽ ഏതുദേശത്തും ഉണ്ടായിരുന്നു. തനിക്കു താൻ മതി എന്നുള്ള ആത്മവിശ്വാസം കേരളീയരെപ്പോലെ മററാൎക്കെങ്കിലും ഉണ്ടോ എന്നു സംശയമാണ്, പറന്നുവെട്ടിയിരുന്ന ഒതേനൻ, ചന്തു മുതലായ വീരന്മാരുടെ സന്താനങ്ങളായ നമുക്ക്, വാളും പരിചയും എന്നു കേൾക്കുമ്പോൾതന്നെ ഭയം തോന്നുന്നുണ്ടാവാം. എന്നാൽ ഈക്കഴിഞ്ഞ മാപ്പിളലഹളക്കാലത്തു പടിഞ്ഞാറുനാട്ടിലെ ഒരു നായർ വൃദ്ധൻ, ഒററക്കു തന്നെ എതിക്കാൻ വന്നവരിൽ എമ്പതോളം മാപ്പിളമാരെ വെട്ടിവീഴ്ത്തിയ കഥ നിങ്ങളിൽ ചിലരെങ്കിലും കേട്ടിട്ടുണ്ടായിരിക്കാം. ഇങ്ങിനെ യുദ്ധവീരന്മാർ ഉണ്ടാവുന്ന സ്ഥലങ്ങളിൽ കലഹം പ്രതിഷ്ഠിച്ചിരിക്കുവാനിടയുള്ളതുകൊണ്ടു സമാധാനമുണ്ടാവുമോ എന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ ഇവരുടെ യുദ്ധമൎയ്യാദ ആശങ്കക്ക് അവകാശം കൊടുക്കുന്നില്ല. മാനഹാനിവരുന്ന സമയത്തേ അവർ ആയുധം എടുക്കാറുള്ളു. 'വിദ്യാ വിവാദായ' എന്ന ശ്ലോകത്തിൽ വിവരിച്ചപോലെ രക്ഷക്കുവേണ്ടി പടവെട്ടുന്നവരായിരുന്നു അവർ അല്ലാതെ പരപീഡനത്തിന്നുവേണ്ടി ബലം പ്രയോഗിച്ചിരുന്നില്ല. ചതിക്കാൻ പാടില്ലെന്നും നിർബന്ധമുണ്ടായിരുന്നു, ആരോമൽ ചേകവരെ ചതിച്ചുകൊന്ന ചന്തുവിനോട്, ചേകവരുടെ മരുമകൻ ആരോമുണ്ണി ശേഷംചോദിക്കാൻ പോയി, അവൻെറ തലയെടുത്ത് കാരമണിയാക്കിത്തട്ടിയകഥ, വഞ്ചനയിൽ പണ്ടുള്ള വൎക്കുണ്ടായിരുന്ന വെറുപ്പിന്നു ഒരു നല്ല ദൃഷ്ടാന്തമാണ്. ഈ ആരോമുണ്ണി കേരളത്തിലെ സുഭദ്ര എന്ന പേരിനെ അൎഹിക്കുന്ന ഉണ്ണിയാച്ചയുടെ മകനായിരുന്നു. ബാല്യം കേവലം വിട്ടിട്ടില്ലാത്ത മകൻ അങ്കത്തിന്നു പോകുമ്പോൾ അമ്മ പറയുന്ന വാക്കുകൾ നോക്കുക.

നേരിട്ടു വെട്ടി മരിച്ചതെങ്കിൽ നാട്ടെക്കുതന്നൊരു കാൎയ്യമാണെ.
വീരാളിപ്പട്ടുവിതാനത്തോടും ആൎത്തുവിളിച്ചു എടുപ്പിക്കേണ്ട്
ഒളിവാളുകൊണ്ടു മരിച്ചതെങ്കിൽ പച്ചോലേൽ കെട്ടി വലിപ്പിക്കേണ്ടു
പുലയരുംകൂടി ഞങ്ങൾ കുളിക്കയില്ല"

കേരളീയരുടെ മാനം മൂർത്തീകരിച്ച ഈ വീരതരുണിയെ സാഷ്ടാംഗം നമസ്കരിക്കയല്ലാതെ അവരുടെ മനോഗുണം പുകഴ്ത്താൻപോലും നമുക്കു ശക്തിയില്ലാതായിരിക്കുന്നു. ഇനിയും വിലയേറിയ നിങ്ങളുടെ സമയം അപഹരിക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുവരെ നിങ്ങളുടെ ക്ഷമാശക്തി പരീക്ഷിച്ചതിന്നു ഞാൻ ക്ഷമയാചനവും ചെയ്തുകൊള്ളുന്നു. നമ്മുടെ പുരാതന സംസ്കാരവിശേഷത്തിന്റെ സ്വഭാവം വിവരിക്കുന്നതോടുകൂടി സദുദ്ദേശസന്താനങ്ങളായ മരുമക്കത്തായം മുതലായ സ്ഥാപനങ്ങളിൽ കാലാന്തരംകൊണ്ടു വന്നുചേർന്നിട്ടുള്ള ദോഷങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. ആ വക ദോഷങ്ങളോടുകൂടി അവ നിലനിർത്തേണമെന്നുള്ള അഭിപ്രായവും എനിക്കുള്ളതായി നിങ്ങളാരും തെററിദ്ധരിക്കരുത്. ലോകത്തിൽ യാതൊന്നും ഏതു കാലത്തും ഒരുപോലെ നില്ക്കുന്നതായിട്ടില്ല. എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതു ലോകത്തിന്നു സന്തോഷവുമാണ്. പക്ഷെ ഏതു സാധനവും ഉപേക്ഷിക്കുന്നതിന്നു മുമ്പായി അതിന്റെ ഗുണവും ദോഷവും നല്ലപോലെ ആലോചിക്കേണ്ടതാണെന്നു മാത്രമേ ഞാനിതുവരെ പറഞ്ഞതിന്നർത്ഥമുള്ളു. പഴയതൊക്കെ നല്ലതാണെന്നും പുതിയതൊക്കെ ചീത്തയാണെന്നും വിചാരിക്കുന്നതു ഒരുതരം അജ്ഞാനത്തിന്റെ ലക്ഷണമാണ് അതുപോലെതന്നെ പഴയതൊക്കെ ചീത്തയാണെന്നും പുതിയതൊക്കെ നല്ലതാണെന്നും ധരിക്കുന്നതും ഒരുതരം വിവേകശൂന്യതയുടെ ചിഹ്നമാണ്. രണ്ടിൽനിന്നും നല്ലതു തിരഞ്ഞെടുത്ത് അതു നിലനിർത്തിക്കൊണ്ടുപോരുന്നതാണ് ഒരു നാഗരീകനായിട്ടുള്ളവൻ ചെയ്യേണ്ടതു. വാനരന്മാർ സമുദ്രം കടന്നു ലങ്കയിൽ ചെല്ലുന്നതു എങ്ങിനെയാണെന്നു വിചാരിച്ചു വിഷമിക്കുന്ന ഘട്ടത്തിൽ ജാംബവാൻ ഹനുമാന്റെ അരികത്തുചെന്ന്, ആ വാനരശ്രേഷ്ഠന്റെ സ്മൃതിയുണർത്തി, അദ്ദേഹത്തിന്റെ പൂർവ്വപരാക്രമത്തിൽ ഓർമ്മപ്പെടുത്തി ലങ്കയിലേക്കു ചാടുവാനായി പ്രേരിപ്പിക്കയുണ്ടായത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. ജാംബവാനെപ്പോലെ പഴയ കഥ വിസ്തരിക്കുന്ന എന്റെ ഈ പ്രസംഗം ഇപ്പോൾ നടക്കുന്ന കാര്യങ്ങളുടെ ഗുണദോഷചിന്തക്കു നിങ്ങൾക്കു വല്ല വിധത്തിലും സഹായമായിത്തീർന്നിട്ടുണ്ടെങ്കിൽ അതുതന്നെയാണ് എനിക്കുള്ള വലുതായ ചാരിതാർത്ഥ്യം.